# കയർ മേഖലയിൽ 25 ക്ലസ്റ്റർ പ്രോജക്ടുകൾ



കയർ വ്യവസായത്തിന്റെ പുരോഗതിക്ക് 25 ക്ലസ്റ്റർ വികസന പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പിലാക്കുമെന്ന് കേന്ദ്ര ചെറുകിട കാർഷിക ഗ്രാമവികസന വകുപ്പുമന്ത്രി മഹാബീർ പ്രസാദ് പറഞ്ഞു. ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതിയുടെ ഉദ്ഘാടനം കലവൂരിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ നിന്ന് പുതിയ പദ്ധതികൾ കിട്ടിയാൽ ഉറപ്പായും അംഗീകാരം നൽകും. ദയവായി എന്തെങ്കിലും പദ്ധതികൾ കൊണ്ടുവരണമെന്ന് മന്ത്രി പറഞ്ഞു. കയർമേഖലയിൽ കൂടുതൽ പേർക്ക് ജോലി നൽകും. കയറിൽ ഗുണമേന്മയും അളവും കൂടുതലുള്ള ഉത്പന്നങ്ങൾ നിർമിച്ചാൽ കേന്ദ്ര സർക്കാർ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചെറുകിട ഉത്പാദകൾക്കുള്ള കോമൺ ഫെസിലിറ്റി സെന്ററിന് കേന്ദ്രമന്ത്രി അടിസ്ഥാനശിലയിട്ടു. കയർഫെഡിന്റെ കോമൺ ഫെസിലിറ്റി സെന്ററിന്റെ ശിലാസ്ഥാപനം മന്ത്രി കെ.ആർ. ഗൗരിയമ്മ നിർവഹിച്ചു.

# നീരുറവകൾ കാക്കാൻ



സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മുഴുവൻ സംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആറുമാസക്കാലം സർക്കാർ ജലസാക്ഷരതാ യജ്ഞം നടത്തും.

ജലഉറവിടങ്ങളും പുഴകളും കിണറുകളും കുളങ്ങളും മലിനപ്പെടുത്താതെ സൂക്ഷിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ഇക്കാലയളവിൽ നടത്തും. ഇതിന്റെ ഭാഗമായി ഡിസംബർ ആദ്യവാരം തിരുവനന്തപുരത്തും മൂന്നാമത്തെ ആഴ്ച തിരുനാവായിലും ജനുവരിയിൽ നീലേശ്വരത്തും പമ്പയിലും പൊതുജനപങ്കാളിത്തത്തോടെ സമ്മേളനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ജലവിഭവ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വിവിധ പരിപാടികൾക്ക് രൂപം നൽകി.

ജലസാക്ഷരതാ യജ്ഞക്കാലത്ത് സംസ്ഥാനത്തുടനീളം അങ്ങിങ്ങായി കിണറുകളിൽ ജലപരിശോധന നടത്തും. ഫ്ളൂറൈഡിന്റെ തോത് എത്രയുണ്ടെന്ന് അറിയുക പരിശോധനയുടെ ലക്ഷ്യമാണ്. കിണർ വെള്ളം ശുദ്ധീകരിക്കേണ്ടതുണ്ടെങ്കിൽ കെമിക്കലുകൾ നിക്ഷേപിക്കും. പരിശീലനം നേടിയ വിദ്യാർത്ഥികളുടെ സംഘമായിരിക്കും വെള്ളം പരിശോധിക്കുക. ഇതിനായുള്ള കിറ്റുകൾ വിദ്യാർത്ഥി സംഘങ്ങൾക്ക് നൽകും. കുടുംബതലങ്ങളിലുള്ള ജലസംഗമം, പഞ്ചായത്ത് തലത്തിലുള്ള ജലവേദി, ജില്ലാതലത്തിലുള്ള ജലജാഗ്രതാ സമിതികൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളും ഇക്കാലയളവിൽ ഉണ്ടാവും. അഞ്ഞൂറ് സന്നദ്ധ സംഘടനകളും വിവിധ വകുപ്പുദ്യോഗസ്ഥരും പൊതു പ്രവർത്തകരും യജ്ഞത്തിൽ പങ്കാളികളാകും.

ഡിസംബർ ആദ്യം തിരുവനന്തപുരത്ത് നടക്കുന്ന പരിപാടികളോടനുബന്ധിച്ച് സെമിനാറും പ്രദർശനവും കലാപരിപാടികളും ഉണ്ടാവും. ചാരാച്ചിറക്കുളം മുതൽ പത്മതീർത്ഥക്കുളം വരെ ജലയാത്രയും സംഘടിപ്പിക്കും. ജലനിധി, മഴകേന്ദ്രം, വനംവകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് തിരുവനന്തപുരത്തെ പരിപാടികൾ.

# കുരുമുളക് ഇറക്കുമതി നിയന്ത്രിക്കുന്നു

സ്വതന്ത്രവ്യാപാരക്കരാറിന്റെ മറവിൽ ശ്രീലങ്കയിൽ നിന്നുള്ള അനിയന്ത്രിത കുരുമുളക് ഇറക്കുമതി നിയന്ത്രിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി കമൽനാഥ് അറിയിച്ചു. സാമ്പത്തിക കാര്യപത്രാധിപന്മാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുമായുള്ള കരാറിന്റെ മറവിൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ കുരുമുളക് ശ്രീലങ്ക വഴി രാജ്യത്തെത്തുകയും ഇവിടെ വിലയിടിയുകയും ചെയ്യുന്ന പ്രവണത ചൂണ്ടിക്കാട്ടിയപ്പോൾ ഇക്കാര്യം ശ്രീലങ്കയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും പ്രശ്നപരിഹാരം ഉടൻ ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

അതേ സമയം എത്ര ടണ്ണിൽ ശ്രീലങ്കൻ ഇറക്കുമതി പരിമിതപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടില്ലെന്നും വാണിജ്യ കാര്യ സെക്രട്ടറി എസ്.എൻ. മേനോൻ കൂട്ടിച്ചേർത്തു. നേരത്തെ ഇതു സംബന്ധിച്ച് സ്പൈസസ് ബോർഡ് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് നിർദേശം സമർപ്പിച്ചിരുന്നു. ഈയടുത്ത കാലത്തായി ശ്രീലങ്കയുടെ ഉത്പാദനത്തെ കവച്ചുവയ്ക്കുന്ന രീതിയിലാണ് അവിടെ നിന്നുള്ള കയറ്റുമതി.



## കേരളത്തിൽ 22000 കോടിയുടെ നിക്ഷേപമെത്തും

യു.പി.എ. സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രഖ്യാപിച്ച പദ്ധതി പ്രകാരം അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ 22000 കോടിയുടെ നിക്ഷേപമെത്തുമെന്നു പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് അറിയിച്ചു.

സംസ്ഥാനത്ത് നിക്ഷേപം വർധിപ്പിക്കുമെന്ന് കോൺഗ്രസ് മുഖ്യമന്ത്രിമാരുടെ യോഗത്തിന് സമാപനം കുറിച്ചു നടത്തിയ പത്രസമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. യു.പി.എ. സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്തിന് നിരവധി പദ്ധതികൾ പ്രഖ്യാപിച്ചു. വല്ലാർപാടം പദ്ധതി രാജ്യത്തിനു തന്നെ മാതൃകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മുഖ്യമന്ത്രിമാരുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അനുകൂലമായ ചില പ്രഖ്യാപനങ്ങൾ വൈകാതെ കേന്ദ്രത്തിൽ നിന്നുണ്ടാകുമെന്നാണ് സൂചന. ജനക്ഷേമ പ്രവർത്തനത്തിൽ മികവു കൈവരിച്ച കേരളത്തെ സാമ്പത്തിക സഹായം നൽകാതെ ശിക്ഷിക്കുന്ന നയത്തിൽ മാറ്റം വരുത്തിയേക്കും. മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിന്റെ രണ്ടാം ദിവസം ഉമ്മൻചാണ്ടി പ്രസംഗിച്ചു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ അഭ്യസ്തവിദ്യരായ യുവാക്കൾക്കു തൊഴിൽ നൽകാൻ വ്യവസ്ഥയുണ്ടാകണമെന്നും അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർധിപ്പിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.







കേരളം അമ്പതാം പിറന്നാൾ ആഘോഷിച്ചിട്ട് ഏതാനും ദിവസങ്ങളേ ആയുള്ളൂ. പിറന്നാളിന് അർത്ഥവത്തായൊരു സമ്മാനം എന്തായിരിക്കണം എന്നതിനെക്കുറിച്ച് ആലോചിച്ച് ഞാൻ ഒരുപാട് തലപുകച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിരവധി പേരുമായി ചർച്ച നടത്തി. കേരളത്തിന്റെ നിലവിലുള്ള നേട്ടങ്ങൾ അരക്കിട്ടുറപ്പിക്കുന്നതും കോട്ടങ്ങൾ മറികടക്കുന്നതുമായ ഒന്നായിരിക്കണം അതെന്ന് എനിക്ക് നിർബന്ധമുണ്ട്.

തിരുവനന്തപുരം ലോക്സഭാ ഉപതെരഞ്ഞെടുപ്പു ചട്ടം പ്രാബല്യത്തിലുണ്ടായിരുന്നതിനാൽ ഇത്തവണ വൻതോതിലുള്ള ആഘോഷങ്ങളോ പ്രഖ്യാപനങ്ങളോ പിറന്നാളിന് ഉണ്ടായില്ല. എങ്കിലും കേരളം ഇപ്പോൾ എവിടെ, ഇനിയെങ്ങോട്ട് എന്നതിനെക്കുറിച്ച് വളരെ അർത്ഥവത്തായ ചർച്ചകൾ പല തലങ്ങളിൽ നടന്നുവരുന്നു. അതിൽ നിന്നും ഉരുത്തിരിയുന്ന ഒന്നായിരിക്കും കേരളത്തിന് അല്പം വൈകിയെത്തുന്ന പിറന്നാൾ സമ്മാനം.

# വിലയേറിയ പിറന്നാൾ സമ്മാനം കാത്തിരിക്കുന്നു

**ഉമ്മൻ ചാണ്ടി**
*മുഖ്യമന്ത്രി*

**യാഥാർത്ഥ്യങ്ങൾ നാം മനസ്സിലാക്കണം. ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന അവസരങ്ങൾ ഓരോ തരത്തിലുള്ളതായിരിക്കും. ലോകക്രമമനുസരിച്ച് മാറാൻ വിസമ്മതിച്ചതിനാൽ എത്രയെത്ര അവസരങ്ങൾ നമുക്ക് നഷ്ടപ്പെട്ടു. ആര് ചെയ്യുന്നു എന്നു നോക്കി വിധിക്കാതെ എന്തു ചെയ്യുന്നു എന്നു നോക്കി വിധിക്കേണ്ട സമയമാണിത്.**

കേരളം അഭിമാനത്തോടെയാണ് അമ്പതാണ്ടിലേക്കു തിരിഞ്ഞു നോക്കുന്നതെന്നു നിസംശയം പറയാം. ദേശീയതലത്തിലും അന്തർദേശീയ തലത്തിലും തലയെടുപ്പോടെയാണ് നമ്മുടെ നില്പ്. മലയാളികളുടെ സജീവമായ സാന്നിധ്യമില്ലാത്ത മേഖലകളോ, പ്രദേശങ്ങളോ ഇല്ല. ഹിമാലയത്തിലും ചന്ദ്രനിലും മലയാളി തട്ടുകടയിട്ടെന്ന കഥകൾ പറഞ്ഞു പൊട്ടിച്ചിരിക്കാറുണ്ടെങ്കിലും ആ കഥകളിൽപ്പോലും അല്പം യാഥാർത്ഥ്യത്തിന്റെ മിന്നലാട്ടം ഞാൻ കാണുന്നുണ്ട്. മലയാളിയുടെ ആഗോളസാന്നിധ്യത്തിനുള്ള അംഗീകാരമായാണ് ഞാൻ ഇതു കാണുന്നത്.

ആണ്ടുവട്ടം മുഴുവൻ ജോലിചെയ്യാവുന്ന കാലാവസ്ഥ, ലോകസഞ്ചാരികളുടെ മനംകവരുന്ന പ്രകൃതിസൗന്ദര്യം, ജൈവവൈവിധ്യങ്ങളുടെ സംഗമഭൂമി, വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ ലോകനിലവാരം അങ്ങനെ മികവിന്റെ എത്രയെത്ര മുദ്രകൾ, സമൃദ്ധമായ പ്രകൃതിവിഭവങ്ങൾ, സമർത്ഥമായ മാനവശേഷി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ലോകമെമ്പാടും ജോലിചെയ്യുന്ന മലയാളികളെക്കുറിച്ച് മതിപ്പുമാത്രം. സത്യത്തിൽ ഇത് ദൈവത്തിന്റെ നാടുതന്നെയാണ്. കേരളമെന്നു കേട്ടാൽ നമ്മുടെയൊക്കെ അന്തരംഗം അഭിമാനപൂരിതമാകുന്നു.

കേരളത്തിലെ പ്രതിശീർഷ വരുമാനം മറ്റു സംസ്ഥാനങ്ങളിലെ ശരാശരിയേക്കാൾ മുന്നിലാണ്. വ്യക്തിഗത ആവശ്യങ്ങൾക്ക് മറ്റേതു സംസ്ഥാനങ്ങളേക്കാളും വായ്പ എടുത്തിരിക്കുന്നതു കേരളത്തിലാണ്. മുക്കാൽ നൂറ്റാണ്ടോളം ആയുർ ദൈർഘ്യമുള്ള ലോകത്തിലെ തന്നെ അപൂർവ ദേശം നമ്മുടേതാണ്. സ്ത്രീകൾക്ക് എഴുപത്തിനാലും പുരുഷന്മാർക്ക് എഴുപതുമാണ് ശരാശരി ആയുസ്. നവജാതശിശുക്കളുടെ മരണം ആയിരത്തിൽ 150 ആയിരുന്നത് വെറും പത്തായി കുറയ്ക്കാൻ

സാധിച്ചു. ആഗോളതലത്തിൽത്തന്നെ ശ്രദ്ധേയമായ നേട്ടമാണിത്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ ഏറ്റവുമധികം സ്വകാര്യനിക്ഷേപം ഉണ്ടായത് ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലാണ്. മാനവവികസന സൂചികയിൽ കേരളം രാജ്യത്ത് ഒന്നാമതാണ്. ദാരിദ്ര്യ നിർമാർജനത്തിലും സാക്ഷരതയിലും കേരളം മുൻനിരയിലാണ്.

നിർമാണരംഗത്തും വാണിജ്യ രംഗത്തും കേരളം അഭൂതപൂർവമായ വളർച്ചയാണു കാട്ടുന്നത്. ഗതാഗതം, വ്യാപാരം, ഹോട്ടൽ, ബാങ്കിംഗ് ആൻഡ് സർവീസ്, ടെലികമ്മ്യൂണിക്കേഷൻ എന്നിവയിലും കുതിപ്പുകാട്ടുന്നു. ഐടിയാണ് വളർച്ച കാട്ടുന്ന മറ്റൊരു മേഖല. ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ സ്മാർട്ട് സിറ്റി കൊച്ചിക്ക് ഐടി മേഖലയിൽ അന്തർദേശീയ മേൽവിലാസം ഉണ്ടാക്കുമെന്ന് ഉറപ്പാണ്. രാജ്യത്തെ ഡാറ്റാ ട്രാഫിക്കിന്റെ 70% കൊച്ചിവഴിയാണ്. ഇന്ത്യയുടെ സിലിക്കൺവാലിയെന്നറിയ പ്പെടുന്ന ബാംഗ്ലൂർ ഐടി രംഗത്ത് തളർച്ചകാട്ടിത്തുടങ്ങിയതോടെ ഐടി സംരംഭകരുടെ ശ്രദ്ധ

**സംസ്ഥാനത്തിന്റെ വരുമാനത്തിൽ 95% ഇപ്പോൾ പ്രത്യുത്പാദനപരമായ മേഖലകളിലേക്കല്ല പോകുന്നത്. ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കാണ് ഇതു വിനിയോഗിക്കുന്നത്. വൻതോതിൽ നിക്ഷേപം നടത്താനുള്ള വരുമാനം ഇപ്പോൾ സംസ്ഥാനത്തിനില്ല. നിക്ഷേപമില്ലാതെ സാമ്പത്തികവളർച്ച സാധ്യമല്ല. നിക്ഷേപകരെ ആകർഷിക്കാനുള്ള ശ്രമങ്ങൾ കുറെയൊക്കെ വിജയിച്ചെങ്കിലും കേരളം അർഹിക്കുന്ന തോതിൽ ലഭിച്ചിട്ടില്ല.**



കേരളത്തിലേക്കു തിരിയുന്നു. കംപ്യൂട്ടർ സാക്ഷരത നേടിയ രാജ്യത്തെ ആദ്യജില്ല മലപ്പുറമാണെന്നത് നമുക്ക് അഭിമാനകരമാണ്.

കേരളത്തിന്റെ ഉജ്വലമായ നേട്ടങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചവർ നിരവധിയുണ്ട്. വ്യക്തികൾ, സാമൂഹിക സംഘടനകൾ, ഉദ്യോഗസ്ഥർ തുടങ്ങിയ പൊതുനാമങ്ങളിൽ വിസ്താരഭയത്താൽ ഞാൻ ഈ പട്ടിക പരിമിതപ്പെടുത്തുകയാണ്. ബഹുജനപ്രസ്ഥാന ങ്ങൾ തീർച്ചയായും സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. സർക്കാരുകൾ മാറിമാറിവന്നതിനാൽ നേട്ടങ്ങളും കോട്ടങ്ങളും പങ്കുവയ്ക്കപ്പെടേണ്ടവ തന്നെ. അതുകൊണ്ടുതന്നെ നേട്ടങ്ങളുടെ ക്രെഡിറ്റ് തട്ടിയെടുക്കാനോ, കോട്ടങ്ങളിലേക്ക് വിരൽചൂണ്ടി ആരെയും കുത്തിനോവി ക്കാനോ ഞാനില്ല.

കേരളം എത്തേണ്ടിടത്ത് എത്തിയോ എന്ന് ഇപ്പോൾ മുഴുവൻ പേരും ആത്മാർത്ഥ മായി വിലയിരുത്തണം എന്നതാണ് എന്റെ വ്യക്തമായ അഭിപ്രായം. കേരളത്തിന്റെ സാധ്യതകളും കേരളീയരുടെ കഴിവുകളും എത്ര ശതമാനം വിനിയോഗിക്കാൻ കഴിഞ്ഞു? കേരളത്തിനു പുറത്തുള്ള മലയാളിയും അകത്തുള്ള മലയാളിയും തമ്മിലുള്ള അന്തരത്തിനു കാരണമെന്ത്? അഞ്ചുവർഷത്തിനുശേഷം, പത്തുവർഷത്തിനുശേഷം, കാൽനൂറ്റാണ്ടിനുശേഷം കേരളീയ സമൂഹം എവിടെയായിരിക്കണം? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണമെങ്കിൽ കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിലേക്ക് ഒരെത്തിനോട്ടം വേണ്ടിവരും.

സംസ്ഥാനത്തിന്റെ വരുമാനത്തിൽ 95% ഇപ്പോൾ പ്രത്യുത്പാദനപരമായ മേഖലകളിലേക്കല്ല പോകുന്നത്. ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കാണ് ഇതു വിനിയോഗിക്കുന്നത്. വൻതോതിൽ നിക്ഷേപം നടത്താനുള്ള വരുമാനം ഇപ്പോൾ സംസ്ഥാനത്തിനില്ല. നിക്ഷേപമില്ലാതെ സാമ്പത്തികവളർച്ച സാധ്യമല്ല. നിക്ഷേപകരെ ആകർഷിക്കാനുള്ള ശ്രമങ്ങൾ കുറെയൊക്കെ വിജയിച്ചെങ്കിലും കേരളം അർഹിക്കുന്ന തോതിൽ ലഭിച്ചിട്ടില്ല. ബാംഗ്ലൂരിൽ കഴിഞ്ഞ ഒക്ടോബറിൽ നടന്ന ഐടി മേളയിൽ പങ്കെടുത്ത നിക്ഷേപകരുമായി ഞാൻ അവിടെവച്ച് സംസാരിച്ചപ്പോൾ പലർക്കും ഇപ്പോഴും കേരളത്തിൽ നിക്ഷേപം നടത്തുന്നതിൽ ആശങ്കയുണ്ടെന്നു ചൂണ്ടിക്കാട്ടി. ബന്ത്, ഹർത്താൽ, അതിരുകടന്ന ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ, ജനവിരുദ്ധവും വികസനവിരുദ്ധവുമായ നടപടികൾ തുടങ്ങിയവ കേരളത്തിന്റെ പ്രതിച്ഛായയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ കേരളത്തെക്കുറിച്ചു കേൾക്കുമ്പോൾ ചോര തിളയ്ക്കുന്നവരുണ്ട്.

കേരളത്തിന്റെ സമ്പദ്ഘടനയിൽ അരനൂറ്റാണ്ടിനിടയിൽ ഉണ്ടായ മാറ്റങ്ങൾ ക്കിടയിൽ കാർഷികമേഖലയ്ക്കു സംഭവിച്ച മാറ്റങ്ങൾ ആശങ്കയുണർത്തുന്നതാണ്. അൻപതുകളിൽ സമ്പദ്‌രംഗത്ത് കാർഷിക മേഖലയുടെ സംഭാവന 45% ആയിരുന്നെ ങ്കിൽ ഇപ്പോഴത് 11% ആണ്. തീരദേശവാസി കളുടെയും ഗിരിവർഗക്കാരുടെയും കാര്യ ത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടായിട്ടില്ല.

ആഗോളവത്കരണവും ഉദാരവത്ക രണവുമൊക്കെ ഉയർത്തുന്ന വെല്ലുവിളികൾ വലുതാണ്. അവയുടെ ദോഷവശങ്ങളെ ക്കുറിച്ച് ആശയപരമായ പ്രചാരണവും ചെറുത്തുനില്പും ആവശ്യം തന്നെ. പക്ഷേ, ഇതൊക്കെ ലോകസമ്പദ്‌വ്യവസ്ഥ യിലെ പച്ചയായ യാഥാർത്ഥ്യങ്ങളായതിനാൽ അവ ഒരുക്കുന്ന പരമാവധി സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള തയാറെടുപ്പും നമുക്ക് നടത്തേണ്ടതുണ്ട്. ആഗോള വത്കരണ പ്രക്രിയ തുടങ്ങിയിട്ട് ഒരു ദശാബ്ദമാകുന്നതേയുള്ളു. പക്ഷേ, കേരളം

ആഗോളവത്കരിക്കപ്പെട്ടിട്ട് നൂറ്റാണ്ടുകളായി. ലോകവിപണിയിലെ മത്സരത്തെ നേരിട്ടു കൊണ്ടാണ് മലയാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നേട്ടം കൈവരിച്ചത്. തുടർന്നും അതുണ്ടാകണം. ലോകവിപണിയിൽ നിലനില്ക്കാൻ ഇന്നുള്ള ഏകനിയമം മത്സരക്ഷമതയാണ്.

ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന അവസരങ്ങൾ ഓരോ തരത്തിലുള്ളതാണ്. അമ്പതുവർഷം മുമ്പ് സാധാരണ വിദ്യാഭ്യാസം കൊണ്ട് ജീവസന്ധാരണത്തിനുള്ള വഴി കണ്ടെത്താൻ കഴിയുമായിരുന്നെങ്കിൽ ഇന്ന് ഉന്നതവിദ്യാഭ്യാസമുള്ള പ്രൊഫഷണലുകൾക്കേ അവസരമുള്ളൂ. മുമ്പ് കാർഷികോത്പാദനം മാത്രം നടത്തിയാൽ മതിയായിരുന്നു. ഇന്ന് ജൈവോത്പാദനങ്ങൾക്കും മൂല്യവർധിത ഉത്പന്നങ്ങൾക്കുമാണ് പ്രസക്തി. എല്ലാ മേഖലയിലും ഇത്തരം മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ലോകവിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തേണ്ട കാലഘട്ടമാണിത്. ലോകക്രമത്തിനനുസരിച്ച് മാറാൻ വിസമ്മതിച്ചതിനാൽ എത്രയെത്ര അവസരങ്ങളാണ് നമുക്ക് നഷ്ടമായത്. യാഥാർത്ഥ്യങ്ങൾ കാണാതെ എത്രയോ കാലം ഇന്നാട്ടിൽ സ്വപ്നങ്ങൾ വില്ക്കുകയായിരുന്നു ചിലർ.

കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. അമ്പതു ലക്ഷത്തോളം യുവാക്കളാണ് ഇപ്പോൾ തൊഴിലിനുവേണ്ടി കാത്തിരിക്കുന്നത്. സമൂഹത്തിലെ പല അസ്വസ്ഥതകൾക്കും കാരണം തൊഴിലില്ലായ്മ തന്നെയാണ്. മുദ്രാവാക്യം മുഴക്കി കുറച്ചു കാലത്തേക്ക് ഇവരെ കബളിപ്പിക്കാൻ പറ്റുമായിരിക്കും. പക്ഷേ, എത്രനാൾ? അതുകഴിയുമ്പോൾ മുതലും പലിശയും ചേർത്ത് അവർ കണക്കുചോദിച്ചു തുടങ്ങും. വിദേശപ്പണത്തിന്റെ ഒഴുക്കില്ലായിരുന്നെങ്കിൽ കാര്യങ്ങൾ ഒരു പക്ഷേ കൈവിട്ടു പോയേനെ.

കേരളം അഭിമുഖീകരിക്കുന്ന ചുരുക്കം ചില പ്രശ്നങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമൊക്കെയുള്ള തിരനോട്ടമായി മാത്രം മേൽപറഞ്ഞ കാര്യങ്ങളെ കണ്ടാൽ മതി. കേരളം അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും സമഗ്രമായി വിശകലനം ചെയ്യപ്പെടേണ്ടതാണ്. കേരളപ്പിറവിയുടെ അമ്പതാം പിറന്നാൾ തന്നെയാണ് അതിനു പറ്റിയ ഏറ്റവും നല്ല അവസരം. ആരാധ്യനായ രാഷ്ട്രപതി അബ്ദുൾ കലാം ആഗസ്റ്റിൽ കേരളം സന്ദർശിച്ചപ്പോൾ ഇതിനുള്ള വാതായനങ്ങൾ തുറന്നിട്ടു. കേരളത്തിന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളുമായാണ് രാഷ്ട്രപതി അന്ന് കേരളത്തിൽ വന്നത്. രാഷ്ട്രപതിയുടെ നിർദേശങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ട് 24 മണിക്കൂറിനകം അവ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. കേരളത്തിലെ ചില പ്രത്യേക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പത്ത് നിർദേശങ്ങൾക്കൊപ്പം മൂന്നെണ്ണവും പിന്നീട് നിയമസഭയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മറ്റൊരു മൂന്നെണ്ണവും കൂടി കൂട്ടിച്ചേർത്ത് 16 പദ്ധതികളാണ് നടപ്പാക്കുന്നത്.

ഇവയുടെ നടത്തിപ്പിന് രാജ്യത്തെ ഏറ്റവും പ്രഗത്ഭരായ 22 പേർ ഉൾപ്പെടുന്ന ഉപദേശകസമിതിയും മന്ത്രിമാരും ഉദ്യോഗസ്ഥപ്രമുഖരും ഉൾപ്പെടുന്ന അഞ്ചംഗ കർമസമിതിയും രൂപീകരിച്ചു. പ്രതിപക്ഷം ഉൾപ്പെടെ വിവിധ തുറകളിൽപ്പെട്ട നിരവധിപേരുമായി ചർച്ച നടത്തി. കേരളത്തിന്റെ അമ്പതാം പിറന്നാളിനോടനുബന്ധിച്ച് നവംബർ ഒന്നിന് വിഷൻ 2010 എന്ന പേരിൽ പദ്ധതികൾ പ്രഖ്യാപിക്കാനിരുന്നതാണ്. ഇതിനിടെ തിരുവനന്തപുരം ലോക്സഭാ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിനാൽ അത് മാറ്റിവയ്ക്കുകയാണു ചെയ്തത്. ഡിസംബറിൽ പ്രധാനമന്ത്രി കേരളത്തിലെത്തി ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തുമെന്നു പ്രതീക്ഷിക്കുന്നു. അല്പം വൈകിയാണ് പിറന്നാൾ സമ്മാനമെത്തുന്നതെങ്കിലും അത് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആക്കം കൂട്ടുന്നവ തന്നെയായിരിക്കും എന്നാണ് എന്റെ പ്രതീക്ഷ.

ഇതിന്റെയെല്ലാം വെളിച്ചത്തിലാണ് കേരളപ്പിറവി ദിനത്തിൽ മലയാളികൾക്കു നല്കാവുന്ന ഏറ്റവും മനോഹരവും വിലപിടിച്ചതുമായ സമ്മാനം വിഷൻ 2010 തന്നെയായിരിക്കണം എന്നു ഞാൻ തീർച്ചപ്പെടുത്തിയത്. കാരണം, ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളിലൂടെയാണ് വ്യക്തികളും പ്രസ്ഥാനങ്ങളും മുന്നോട്ടു പ്രയാണം ചെയ്യുന്നത്. ലോകമെമ്പാടും ഇത്തരം തയ്യാറെടുപ്പുകൾ നടക്കുന്നുണ്ട്. 2020ൽ രാജ്യം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് രാഷ്ട്രപതി വിഷൻ 2020 എന്ന പേരിൽ പ്രശസ്തമായ ഗ്രന്ഥം രചിച്ചിട്ടുണ്ട്. ആ ലക്ഷ്യത്തോടെ ഇപ്പോൾ കേന്ദ്രസർക്കാർ പല പരിപാടികളും നടപ്പാക്കുന്നുണ്ട്. ഇപ്പോൾത്തന്നെ മുമ്പന്തിയിലായ കേരളത്തിന് 2010ൽ തന്നെ ഈ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് എന്റെ പ്രതീക്ഷ.

കേരളത്തിന് ഇതു സാധിക്കും എന്ന് ഉത്തമബോധ്യമുണ്ടായതിനെ തുടർന്നാണ് ആരാധ്യനായ രാഷ്ട്രപതി കേരളത്തിന്റെ ആളോഹരിവരുമാനമായ 23,000 രൂപ മൂന്നു വർഷത്തിനുള്ളിൽ അമ്പതിനായിരം രൂപയാക്കി വർധിപ്പിക്കാൻ കഴിയുമെന്നു ചൂണ്ടിക്കാട്ടിയത്. സാമ്പത്തികചരിത്രത്തിൽ ഇതുവരെ സംഭവിക്കാത്ത കാര്യമാണ്, കേരളത്തിൽ സംഭവിക്കുമെന്ന് അഗാധപാണ്ഡിത്യമുള്ള രാഷ്ട്രപതി വിശ്വസിക്കുന്നത്. എന്നാൽ, കേരളത്തിന് ഇനിയും ഈ വെല്ലുവിളി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ എന്നെനിക്കറിയില്ല. കാരണം, ഇവിടെ ആര് ചെയ്യുന്നു എന്നുനോക്കിയാണ് വിധിക്കുന്നത്. എന്തുചെയ്യുന്നു എന്നുനോക്കി വിധിക്കാൻ സമയമായിരിക്കുന്നു. ◘

**നിർമാണരംഗത്തും വാണിജ്യ രംഗത്തും കേരളം അഭൂതപൂർവമായ വളർച്ചയാണു കാട്ടുന്നത്. ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ സ്മാർട്ട് സിറ്റി കൊച്ചിക്ക് ഐടി മേഖലയിൽ അന്തർദേശീയ മേൽവിലാസം ഉണ്ടാക്കുമെന്ന് ഉറപ്പാണ്. രാജ്യത്തെ ഡാറ്റാ ട്രാഫിക്കിന്റെ 70% കൊച്ചിവഴിയാണ്.**

കേരളത്തിലെ പ്രതിശീർഷ വരുമാനം മറ്റു സംസ്ഥാനങ്ങളിലെ ശരാശരിയേക്കാൾ മുന്നിലാണ്. വ്യക്തിഗത ആവശ്യങ്ങൾക്ക് മറ്റേതു സംസ്ഥാനങ്ങളേക്കാളും വായ്പ എടുത്തിരിക്കുന്നതു കേരളത്തിലാണ്. മുക്കാൽ നൂറ്റാണ്ടോളം ആയുർ ദൈർഘ്യമുള്ള ലോകത്തിലെ തന്നെ അപൂർവദേശം നമ്മുടേതാണ്.



# സ്വൈരജീവിതം ഉറപ്പാക്കാൻ......

**കെ.സി. അനിൽകുമാർ**

സംസ്ഥാനത്ത് അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ സമഗ്രമായ നിയമം കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. ഗുണ്ടാ നിയമം ഫലപ്രദമായി ആവിഷ്കരിച്ചു നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ക്രമസമാധാന പാലനം കാര്യക്ഷമമാക്കി സ്വൈര ജീവിതം ഉറപ്പാക്കുകയാണ് ലക്ഷ്യം. ജനഹിതത്തിന് അനുപേക്ഷണീയമായ നിലയിൽ പ്രവർത്തിക്കുന്ന സർക്കാരിന്റെ ഇച്ഛയും ബാധ്യതയുമാണിത്.

അതീവകുറ്റകരമായ പ്രവർത്തനങ്ങൾ അഥവാ ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ബിൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇത് അധികം താമസിയാതെ നിയമമായി മാറും. അതീവ കുറ്റകരമായ പ്രവൃത്തി ചെയ്യുന്ന ആളിനെ ബില്ലിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. വ്യാജവാറ്റുകാരൻ, മയക്കുമരുന്ന് കുറ്റവാളി, വനം കൊള്ളക്കാരൻ, കുപ്രസിദ്ധ കുറ്റവാളി, അസാന്മാർഗിക പ്രവൃത്തി ചെയ്യുന്ന ആൾ, വസ്തു കൈയേറ്റക്കാരൻ എന്നിവരെല്ലാം ഇതിന്റെ പരിധിയിൽ വരും.

കുറ്റവാസന നൈസർഗികമാണെന്ന ധാരണ ചിലരിലെങ്കിലും രൂഢമൂലമാണ്. എന്നാൽ ശക്തമായ നിയമവും നിയമം നടപ്പാക്കാനുള്ള ഇച്ഛാശക്തിയും കൊണ്ട് ഏതൊരു കുറ്റവാസനയെയും തളർത്താം. സർക്കാരിനെ നയിക്കുന്നതും നിയന്ത്രിക്കുന്നതും ഈ ധാരണയും വിശ്വാസവുമാണ്.

സമൂഹം സാരമായ പുരോഗതി കൈവരിക്കുമ്പോൾ കുറ്റകൃത്യത്തിന്റെ രീതിയും മാറിക്കൊണ്ടിരിക്കുന്നു. ധാർമിക മൂല്യങ്ങൾക്കുണ്ടായ അധഃപതനം, സാമൂഹിക സമ്മർദങ്ങളോടുള്ള അവഗണന, സമൂഹത്തിലെ വ്യക്തികളിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും അന്യോന്യം വർധിച്ചിട്ടുള്ള അകൽച്ച, സ്വീകരിച്ച മാർഗം കണക്കിലെടുക്കാതെ ചുരുങ്ങിയ കാലയളവിൽ പണം സമ്പാദിക്കാനുള്ള അമിതമായ ആഗ്രഹം ഇവയെല്ലാം കൂടിച്ചേർന്ന് സമൂഹത്തിൽ മൊത്തത്തിൽ ഒരു പുതിയ വിഭാഗം കുറ്റവാളികളെ സൃഷ്ടിച്ചിട്ടുണ്ട്. മുമ്പ്, ഇത്തരം കുറ്റവാളികൾ സമൂഹത്തിന്റെ താഴെത്തട്ടിലോ മറ്റേതെങ്കിലും വിധത്തിൽ സമൂഹത്തിന്റെ പുറംവക്കുകളിലോ സ്ഥിതി ചെയ്തിരുന്നവരായിരുന്നു. എന്നാൽ ഈ പുതിയ വിഭാഗം കുറ്റവാളികൾ അനായാസമായ വർഗീകരണത്തിന് വഴങ്ങുന്നില്ല. അവർ ഇപ്പോൾ സമൂഹത്തിന്റെ പുറം വക്കുകളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നവരോ അടിച്ചമർത്തപ്പെട്ടവരോ അല്ലെന്നതാണ് മറ്റൊരു വസ്തുത. മേൽ വിവരിച്ച അമിതമായ ആഗ്രഹം അല്ലാതെ മറ്റേതെങ്കിലും കാരണത്താലാണ് ഇക്കൂട്ടർ കുറ്റം ചെയ്യുന്നതിലേക്ക് നിർബന്ധിതരാകപ്പെടുന്നതെന്ന് അവകാശപ്പെടാനും നിർവാഹമില്ല.

"ഈ വിഭാഗം കുറ്റവാളികളുടെ ചില സ്വഭാവ വിശേഷതകളിൽ, സംസ്ഥാന അധി



സമൂഹത്തിന്റെ സുരക്ഷയ്ക്കും സമാധാനത്തിനും ഭീഷണിയായ കുറ്റങ്ങൾ തടയാൻ സമഗ്രമായ നിയമം സർക്കാർ കൊണ്ടുവരികയാണ്. ജനഹിതത്തിനായി പ്രവർത്തിക്കുന്ന സർക്കാരിന്റെ ഇച്ഛയും ബാധ്യതയുമാണിത്.

കാരികളോട് ഇക്കൂട്ടർ കാണിക്കുന്ന നിഷേധാത്മക നിലപാട്, രാജ്യനിയമങ്ങളോടുള്ള അനാദരവ്, മറ്റ് പൗരാവകാശങ്ങളുടെ ലംഘനത്തിൽ തങ്ങൾക്ക് നിയമവിരുദ്ധമായ ആധിപത്യം ഉറപ്പാക്കുന്ന സ്വഭാവം, നിയമമനുസരിച്ച് ജീവിക്കുന്ന മറ്റ് പൗരന്മാർക്ക് ഭീതി ഉളവാക്കുകയും ഭീഷണിപ്പെടുത്തുകയും ഭീകരത ജനിപ്പിക്കുകയും ചെയ്യുന്ന സ്വഭാവം, പരസ്യമായുള്ള അക്രമ പ്രവർത്തനത്തിലൂടെ സംതൃപ്തി അടയുക, പൊതുജനങ്ങളെ ശല്യപ്പെടുത്തുന്നവർ, സ്വയമോ മറ്റേതെങ്കിലും സംഘങ്ങളിൽ അംഗമായോ, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ XVI അല്ലെങ്കിൽ XVII അല്ലെങ്കിൽ XXII പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളോ 1959-ലെ ആയുധനിയമത്തിൻ കീഴിലോ മറ്റ് പല കേന്ദ്ര നിയമങ്ങൾക്കും പ്രത്യേകമായിട്ടുള്ളതും പ്രാദേശികമായിട്ടുള്ളതുമായ നിയമങ്ങൾക്കു കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റവും പതിവായി ചെയ്യുകയോ, ചെയ്യാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുന്നതും ഉൾപ്പെടുന്നതാകുന്നു". കൂടുതൽ അനുയോജ്യമായി വിശദീകരിക്കുന്ന ഒരു പദത്തിന്റെ സഹായത്താൽ അപ്രകാരമുള്ള കുറ്റവാളികളെ അതീവ കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾ എന്ന് ബില്ലിൽ നിർവചിച്ചിട്ടുണ്ട്.

അതീവ കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ആളിന്റെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള നിയമങ്ങളിലെയും പ്രത്യേക നിയമങ്ങളിലെയും വ്യവസ്ഥകൾ അപര്യാപ്തമാണെന്ന് വർഷങ്ങളായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം കുറ്റവാളികൾ നിലവിലുള്ള നിയമങ്ങളുടെ പാളിച്ചകളെ അതിന്റെ വ്യവസ്ഥയിലൂടെ തന്നെ ചൂഷണം ചെയ്യാൻ പ്രാപ്തിയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു. ഇത് പ്രത്യേകിച്ച് ജാമ്യത്തിന്റെ കാര്യത്തിൽ വളരെ ശരിയാണ്. അതിന്റെ ഫലമായി അതീവ കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്ക് സമൂഹത്തിൽ ഇടതിങ്ങി നിൽക്കാനും സമൂഹത്തിന്റെ സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയായി അവരുടെ അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ തുടരുന്നതിനും സാധിക്കുന്നു.

അതിനാൽ പൊതുവായി സമൂഹത്തിന്റെ ഭൂരിപക്ഷ താത്പര്യങ്ങൾക്കും പ്രത്യേകിച്ച് ക്രമസമാധാനപാലനത്തിനും ഹാനികരമായ അവരുടെ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനു വേണ്ടി മറ്റ് സംഗതികൾക്കൊപ്പം അവരുടെ കരുതൽ തടങ്കൽ, ബോണ്ട് വയ്പിക്കലും വിടർത്തലും മുതലായവ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഒരു നിയമനിർമാണം നടത്തേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചു കൊണ്ടാണ് പുതിയ ബിൽ തയ്യാറാക്കിയിരിക്കുന്നത്.



> ക്രിമിനൽ നടപടിക്രമ നിയമസംഹിതയിലെ അറസ്റ്റ് വാറണ്ടുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും തടങ്കൽ ഉത്തരവ് നടപ്പാക്കാവുന്നതാണ്. എന്നാൽ തടങ്കലിൽ വച്ച തീയതി മുതൽ അഞ്ചു ദിവസത്തിനകം കാരണങ്ങൾ അയാളെ അറിയിക്കേണ്ടതുണ്ട്.

## കരുതൽ തടങ്കൽ

അതീവ കുറ്റകരമായ പ്രവൃത്തി ചെയ്യുന്ന ഏതെങ്കിലും ആളെ ക്രമസമാധാന പാലനത്തിന് ഹാനികരമാകുന്ന ഏതെങ്കിലും രീതിയിൽ പ്രവർത്തിക്കുന്നതിൽ നിന്നും തടയാൻ ഉദ്ദേശിച്ച്, അങ്ങനെയുള്ള ആളിനെ തടങ്കലിൽ വയ്ക്കുവാൻ നിർദേശിച്ചുകൊണ്ട് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിർദേശിക്കുന്ന കാലയളവിന്റെ ആദ്യത്തെ പ്രാധാന്യം മൂന്ന് മാസത്തിൽ കവിയാൻ പാടില്ലാത്തതാണ്. എന്നാൽ സർക്കാരിന് മേൽപ്പറഞ്ഞ പ്രകാരം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യമാകുന്ന പക്ഷം, ഒരു സമയം മൂന്ന് മാസത്തിൽ കവിയാത്ത ഏതൊരു കാലയളവിലേക്കും കാലാകാലങ്ങളിൽ ദീർഘിപ്പിക്കാവുന്നതാണ്. രണ്ടാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ആ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണങ്ങളും ആ വിഷയവുമായി ബന്ധമുണ്ടെന്ന് ബോധ്യമുള്ള അത്തരത്തിലുള്ള മറ്റ് വിവരങ്ങളും സഹിതം ആ വസ്തുത അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സർക്കാരിലേക്ക് ഉടനടി റിപ്പോർട്ട് ചെയ്തിരിക്കണം.

ക്രിമിനൽ നടപടിക്രമനിയമസംഹിതയിലെ അറസ്റ്റ് വാറണ്ടുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും തടങ്കൽ ഉത്തരവ് നടപ്പാക്കാവുന്നതാണ്. എന്നാൽ തടങ്കലിൽ വച്ച തീയതി മുതൽ അഞ്ചു ദിവസത്തിനകം കാരണങ്ങൾ അയാളെ അറിയിക്കേണ്ടതുണ്ട്.

## ഉപദേശ ബോർഡുകൾ

കരുതൽ തടങ്കൽ പ്രശ്നം കൈകാര്യം ചെയ്യാൻ ഉപദേശ ബോർഡുകൾ രൂപീകരിക്കുന്നതിന് ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ ബോർഡിലും ഒരു ചെയർമാനും ഹൈക്കോടതി ജഡ്ജിയോ മുൻജഡ്ജിയോ ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ളതോ ആയ മറ്റ് അംഗങ്ങളും അടങ്ങിയിരിക്കും. തടങ്കലിൽ വച്ച തീയതി മുതൽ മൂന്നാഴ്ചയ്ക്കുള്ളിൽ ഉത്തരവിറക്കിയതിന്റെ കാരണങ്ങളോടു കൂടിയ റിപ്പോർട്ട് ബോർഡിന് മുമ്പാകെ വയ്ക്കണം.

തടങ്കൽ ഉത്തരവ് റദ്ദാക്കൽ, തടങ്കലിലുള്ള ആളുകളുടെ താത്കാലിക മോചനം, ക്രമസമാധാന പാലനത്തിനുള്ള സെക്യൂരിറ്റി, ചില ആളുകളുടെ സംചലനം നിയന്ത്രിച്ച് ഉത്തരവുണ്ടാക്കാനുള്ള അധികാരം, തടവിൽ വയ്ക്കാൻ ഉത്തരവായിട്ടുള്ള ആളുകളെ സംരക്ഷിക്കുന്നതിനോ ഒളിപ്പിക്കുന്നതിനോ ഉള്ള ശിക്ഷ, സ്ഥലപരിശോധനയ്ക്കുള്ള അധികാരങ്ങൾ എന്നീ കാര്യങ്ങളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.



# സേവന പ്രദാനം പുതിയ ദിശകളിലേക്ക്...

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായ സേവന പ്രദാന പദ്ധതി ശരിയായ ദിശയിൽ പുരോഗമിക്കുകയാണ്. ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ ജനസേവനം കാര്യക്ഷമവും സത്വരവുമാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ വൈവിധ്യമാർന്ന സേവന പ്രദാന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.

മന്ത്രിമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല സമിതികൾ പദ്ധതിയുടെ പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നു. ജില്ലയിലെ എം.പിമാർ, നിയമസഭാംഗങ്ങൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, നിർവഹണ വകുപ്പുകളുടെ ജില്ലാതല ഓഫീസർമാർ എന്നിവർ അവലോകനസമിതിയിൽ അംഗങ്ങളാണ്. സാമൂഹ്യക്ഷേമപദ്ധതികൾ, നിർമാണ പരിപാടികൾ, ധനസഹായ പദ്ധതി, സ്ഥലമെടുപ്പ്, വില്ലേജ്-താലൂക്ക് ഓഫീസുകളുടെ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ സഹായ വിതരണം, ട്രാഫിക് പരിരക്ഷ, മഴവെള്ള സമാഹരണം, സ്കൂൾ-കെട്ടിട നിർമാണം, സാമൂഹികാരോഗ്യ പദ്ധതി തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുഖ്യമായും വിലയിരുത്തി.

## വീഡിയോ കോൺഫറൻസിങ് സംവിധാനം

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സ്ഥാപിക്കുന്ന വീഡിയോ കോൺഫറൻസിങ് സംവിധാനം ഉടനെ പ്രവർത്തനസജ്ജമാകുകയാണെന്ന് റവന്യൂ-നിയമവകുപ്പുമന്ത്രി കെ.എം.മാണിയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതലഅവലോകന സമിതി കോട്ടയം യോഗത്തിൽ വ്യക്തമാക്കി. ഇടുക്കി ഒഴികെ എല്ലാ ജില്ലകളിലും സംവി



ധാനം തയ്യാറായി വരുന്നു. ജില്ലയിൽ സേവന പ്രദാന പദ്ധതിക്കായി 17 കോടി രൂപ ചെലവഴിക്കുമെന്ന് റവന്യൂമന്ത്രി അറിയിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പോലീസ്, തദ്ദേശ സ്വയംഭരണം, രജിസ്ട്രേഷൻ, ഭക്ഷ്യ-സിവിൽ സപ്ലൈസ്, റവന്യൂ എന്നീ വകുപ്പുകളിലെ 184 സ്ഥാപനങ്ങളിലെ സേവന നിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയാണ് ഈ തുക വിനിയോഗിക്കുക. കോട്ടയം കളക്ടറേറ്റിൽ വീഡിയോ കോൺഫറൻസിങ് സൗകര്യമുൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾക്കായി 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കളക്ടറേറ്റിലെ ജീവനക്കാർക്കുള്ള ഇരിപ്പിടങ്ങൾ ക്യൂബിക്കിൾ മാതൃകയിലാക്കും. ഫയലിങ്ങ് പൂർണമായും കമ്പ്യൂട്ടറിലാക്കും. നവീകരണ പ്രവർത്തനങ്ങൾ മാർച്ച് 31നകം പൂർത്തീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

ജില്ലയിലെ അഞ്ച് താലൂക്ക് ഓഫീസുകളിലും സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു. ഭൂരേഖകളുടെ കമ്പ്യൂട്ടർവത്കരണം നടന്നു വരുന്നു. ജില്ലയിലെ 95 വില്ലേജ് ആഫീസുകളിൽ 15 എണ്ണം പൂർണമായും കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു. 37 എണ്ണത്തിൽ ഇതിന്റെ പണി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ബാക്കി ഉള്ളവയിൽ പണി ഉടൻ ആരംഭിക്കും. കളക്ടറേറ്റ്, താലൂക്കാഫീസ്, വില്ലേജാഫീസ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ള പൗരാവകാശരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഉടൻ പ്രസിദ്ധീകരിക്കുമെന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു.

പദ്ധതിയിലുൾപ്പെട്ട ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, ചിങ്ങവനം പോലീസ് സ്റ്റേഷനുകളിൽ വിദ്യാർത്ഥി-പോലീസ് ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥി-പോലീസ് ബന്ധം സുദൃഢമാക്കാൻ തീരുമാനിച്ചു. റോഡപകടങ്ങൾ കുറയ്ക്കാനായി ട്രാഫിക് വാളണ്ടിയർമാരെ പരിശീലനം നൽകി നിയോഗിക്കും. ഇത്തരം പാരാ വാളണ്ടിയർ ഫോഴ്സിന്റെ സേവനം നാട്ടിലെ ഉത്സവാഘോഷവേളകളിൽ പ്രയോജനപ്പെടുത്താനും തീരുമാനിച്ചു.

## പത്തനംതിട്ടയിൽ നിരീക്ഷണ സമിതി

പത്തനംതിട്ട ജില്ലയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സേവന പ്രദാന പദ്ധതി പ്രവർത്തനപുരോഗതി നിരീക്ഷിക്കാനായി ബന്ധപ്പെട്ട എം.എൽ.എ അധ്യക്ഷനും ആർ.ഡി.ഒ/തഹസിൽദാർ, ഡപ്യൂട്ടി കളക്ടർ, മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ്, സ്ഥാപന മേധാവികൾ എന്നിവർ അംഗങ്ങളും ആയുള്ള മോണിട്ടറിങ്ങ് സമിതിയും പണികളുടെ നിലവാരം ഉറപ്പുവരുത്താനായി ജില്ലാ കളക്ടർ അധ്യക്ഷനും എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ്, പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അംഗങ്ങളും ആയുള്ള ഗുണനിലവാര നിർണയ സമിതിയും രൂപീകരിക്കാൻ ജലവിഭവ വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല പദ്ധതി അവലോകനയോഗം തീരുമാനിച്ചു.

പദ്ധതിയിൽ ഓരോ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ളതിൽ നിർമാണ പ്രവർത്തനങ്ങൾക്ക് ഒഴിച്ചുള്ള മുഴുവൻ തുകയും ഡിസംബർ 31ന് മുമ്പ് ചെലവഴിച്ചിരിക്കണമെന്ന് മന്ത്രി നിർദേശിച്ചു. റവന്യൂ വകുപ്പിലെ ചെറുകിട നിർമാണ പ്രവർത്തനങ്ങൾ നവംബർ 15നകം പൂർത്തിയാക്കണ




**ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ ജന സേവനം കാര്യക്ഷമവും സത്വരവുമാക്കുകയാണ് സേവന പ്രദാന പദ്ധതിയുടെ ലക്ഷ്യം.**

മെന്ന് കളക്ടറോട് നിർദേശിച്ചു. ആരോഗ്യ വകുപ്പിലെ നിർമാണ പ്രവർത്തനങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും ഒക്ടോബർ 30നകം പൂർത്തിയാക്കി നവംബർ 15നകം സാങ്കേതികാനുമതി നേടണമെന്ന് ഡി.എം.ഒയ്ക്ക് നിർദേശം നൽകി. ഇതനുസരിച്ചുള്ള പണികൾ ഡിസംബർ 31നകം പൂർത്തിയാക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അഡ്വാൻസുകൾ നവംബർ 15നകം ചെലവഴിച്ചിരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ നവംബർ 14നകം പൂർത്തിയാക്കണമെന്ന് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറോട് മന്ത്രി നിർദേശിച്ചു. മറ്റേതെങ്കിലും സ്കീമിൽ മഴവെള്ള സംഭരണ പദ്ധതി അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണവുമായി താരതമ്യം ചെയ്ത് പര്യാപ്തമെങ്കിൽ മാത്രമേ എസ്.ഡി.പി.യിൽ ഇതിനായി അനുവദിച്ച തുക വകമാറ്റാവൂ എന്നും മന്ത്രി നിർദേശിച്ചു. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിന് ജില്ലയിലെ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ആഫീസുമായി കൂടുതൽ ഏകോപനം ഉണ്ടാകണമെന്ന് യോഗം വിലയിരുത്തി. ചിറ്റാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. അങ്കണവാടി കെട്ടിടങ്ങൾക്ക് ജില്ലയിൽ ഐക്യരൂപമുണ്ടാക്കാനായി ഏകീകൃതപ്ലാനിന് രൂപം നൽകാൻ ജില്ലാ കളക്ടർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തദ്ദേശഭരണ സ്ഥാപനമേധാവി എന്നിവരടങ്ങിയ സമിതിക്ക് യോഗം രൂപം നൽകി. ഭൂമി വാങ്ങുന്നത് സംബന്ധിച്ച പ്രശ്നങ്ങൾക്കും ഈ സമിതി പരിഹാരം കണ്ടെത്തും. നടപടികൾ പൂർത്തിയാക്കി അങ്കണവാടി കെട്ടിടങ്ങൾക്ക് നവംബർ 14ന് തറക്കല്ലിടണമെന്നും തീരുമാനിച്ചു. റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളിന്മേൽ നവംബർ 10നകം തീർപ്പുണ്ടാകണമെന്നും താലൂക്ക് സപ്ലൈസ് ആഫീസുകൾക്കുള്ള പൗരാവകാശരേഖ നവംബർ 12നകം അച്ചടിച്ച് പ്രസിദ്ധം ചെയ്യണമെന്നും തീരുമാനമായി.

## കണ്ണൂർ ജില്ലയിൽ 198 സ്ഥാപനങ്ങൾക്ക് 17.55 കോടി

പട്ടികജാതി-വർഗ ക്ഷേമ വകുപ്പുമന്ത്രി എ.പി. അനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 16ന് കണ്ണൂർ കളക്ടറേറ്റിൽ ചേർന്ന ജില്ലാതല പദ്ധതി അവലോകന സമിതിയോഗം സേവന പ്രദാന പദ്ധതിയുടെ ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

ജില്ലയിൽ പദ്ധതിയിലുൾപ്പെട്ട 198 സ്ഥാപനങ്ങൾക്കായി 17.55 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അഴീക്കോട് മണ്ഡലത്തിലെ 25 സ്ഥാപനങ്ങൾക്ക് 2.78 കോടി, എടയ്ക്കാട് മണ്ഡലത്തിലെ 12 സ്ഥാപനങ്ങൾക്ക് 74.32 ലക്ഷം, ഇരിക്കൂറിലെ 20 സ്ഥാപനങ്ങൾക്ക് ഒരു കോടി, കണ്ണൂരിലെ 21 സ്ഥാപനങ്ങൾക്ക് 4.77 കോടി, കൂത്തുപറമ്പിലെ 23 സ്ഥാപനങ്ങൾക്ക് 1.65 കോടി, നോർത്തു വയനാട് മണ്ഡലത്തിലെ നാല് സ്ഥാപനങ്ങൾക്ക് 11.91 ലക്ഷം, പയ്യന്നൂരിലെ 18 സ്ഥാപനങ്ങൾക്ക് 1.27 കോടി, പേരാവൂരിലെ 20 സ്ഥാപനങ്ങൾക്ക് 1.18 കോടി, പെരിങ്ങളം മണ്ഡലത്തിലെ 12 സ്ഥാപനങ്ങൾക്ക് 46.62 ലക്ഷം, തലശ്ശേരിയിലെ 10 സ്ഥാപനങ്ങൾക്ക് 76.24 ലക്ഷം, തളിപ്പറമ്പിലെ 24 സ്ഥാപനങ്ങൾക്ക് 2.31 കോടി, തൃക്കരിപ്പൂർ മണ്ഡലത്തിലെ ഏഴ് സ്ഥാപനങ്ങൾക്ക് 47.85 ലക്ഷം എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്.

അഡ്വാൻസ് വാങ്ങിയത് പൂർണമായും വിനിയോഗിച്ചതായും നിർമാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നേടാനുള്ള നടപടികൾ നടന്നുവരുന്നതായും ജില്ലാ ആഫീസർമാർ യോഗത്തിൽ വ്യക്തമാക്കി. ഡി.സി.സ്യൂട്ടിന്റെ പരിഷ്കരിച്ച രൂപരേഖയുടെ വിശദാംശങ്ങൾ കളക്ടർ വിശദീകരിച്ചു. ജില്ലാ അവലോകന സമിതിയുടെ അടുത്ത യോഗം ഡിസംബർ ആദ്യവാരം കൂടാനും അതിനകം ഓരോ സ്ഥാപനതല പ്ലാനിലെയും പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാനും മന്ത്രി നിർദേശിച്ചു. ◘

കെ.സി.

**പദ്ധതിയിലുൾപ്പെട്ട ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, ചിങ്ങവനം പോലീസ് സ്റ്റേഷനുകളിൽ വിദ്യാർത്ഥി-പോലീസ് ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥി-പോലീസ് ബന്ധം സുദൃഢമാക്കാൻ തീരുമാനിച്ചു. റോഡപകടങ്ങൾ കുറയ്ക്കാനായി ട്രാഫിക് വാളണ്ടിയർമാരെ പരിശീലനം നൽകി നിയോഗിക്കും. ഇത്തരം പാരാവാളണ്ടിയർ ഫോഴ്സിന്റെ സേവനം നാട്ടിലെ ഉത്സവാഘോഷവേളകളിൽ പ്രയോജനപ്പെടുത്താനും തീരുമാനിച്ചു.**



കേന്ദ്രാനുമതി ലഭിച്ച 12.675 ഹെക്ടർ വനഭൂമിയുടെ രേഖ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ദേവസ്വംബോർഡ് പ്രസിഡന്റിന് കൈമാറുന്നു.

# ശബരിമല

## സുഗമമായ തീർത്ഥാടനത്തിന് ക്രമീകരണങ്ങൾ

**പൂവറ്റൂർ ബാഹുലേയൻ**

മണ്ഡലപൂജ-മകരവിളക്ക് തീർത്ഥാടന കാലം ശബരീശ സന്നിധിയിലെത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തർക്ക് സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ ക്രമീകരണങ്ങൾ പൂർണം. ആരോഗ്യം, പോലീസ്, ജലസേചനം, വൈദ്യുതി, സാനിട്ടേഷൻ, ഭക്ഷ്യ-പൊതുവിതരണം, ഗതാഗതം, അഗ്നിശമനസേന, ജലഅതോറിറ്റി, പൊതുമരാമത്ത് തുടങ്ങിയ എല്ലാ വകുപ്പുകളും ക്രമീകരണങ്ങൾ തീർത്ഥാടനം തുടങ്ങിയ നവംബർ 15ന് മുമ്പ് തന്നെ പൂർത്തിയാക്കി.

ലക്ഷക്കണക്കിനെത്തുന്ന അയ്യപ്പ ഭക്തരുടെ ആരോഗ്യസുരക്ഷയ്ക്ക് ഇപ്രാവശ്യം 1200-ൽപരം ആരോഗ്യ പ്രവർത്തകരെയാണ് പമ്പ, സന്നിധാനം, ഇടത്താവളങ്ങൾ എന്നിവിടങ്ങളിലായി വിന്യസിച്ചിട്ടുള്ളത്. ഇതിൽ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ 350-ൽ പരം ഡോക്ടർമാരുണ്ട്. നീലിമലയിലും അപ്പാച്ചിമേട്ടിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാർഡിയോളജി വിഭാഗത്തിന്റെ സേവനം ലഭ്യമാണ്. പമ്പയിൽ നിന്നും അപ്പാച്ചിമേട് വരെയുള്ള രണ്ടരകിലോമീറ്റർ ദൂരം മല കയറ്റത്തിലെ ഏറ്റവും ദുഷ്കരമായ പാതയാണ്. ടാക്കി കാർഡിയ, ഡിസ്പ്നിയ, മയോകാർഡിയൽ ഇൻഫാർക്ഷൻ തുടങ്ങിയ ഒട്ടുമിക്ക ഹൃദയാസ്വസ്ഥതകളും അനുഭവപ്പെടുന്നത് ഇവിടെയാണെന്നതു കൊണ്ട് അപ്പാച്ചിമേട്ടിലും നീലിമലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാർഡിയോളജി ചികിത്സാ വിഭാഗമുണ്ട്. ഈ വർഷം മുതൽ നിലയ്ക്കൽ ബേസ് ക്യാമ്പിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിസ്പെൻസറിയുണ്ട്. പമ്പ മുതൽ സന്നിധാനം വരെയുള്ള വിവിധ കേന്ദ്രങ്ങളിൽ 14 ഓക്സിജൻ പാർലറുകൾ സജ്ജമായി. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രത്യേക ശബരിമല വാർഡ് പ്രവർത്തനമാരംഭിച്ചു. വിവിധ ഇടത്താവളങ്ങളിലായി 20 ആംബുലൻസുകളും നാല് മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ, ഹോമിയോ സൗകര്യങ്ങളും വിപുലമാണ്.



ശുചീകരണ പ്രവർത്തനങ്ങൾക്ക് വമ്പിച്ച പ്രാധാന്യമാണ് ഇപ്രാവശ്യം നൽകിയിട്ടുള്ളത്. ശബരിമല ശുചീകരണ സേവനം ഭാഗ്യവും ധന്യതയുമായി കരുതുന്ന 520 ശുദ്ധിസേനാംഗങ്ങൾ ശരണവഴികളിൽ നിതാന്ത ജാഗ്രത പുലർത്തുന്നു. സേലം, മധുര ഭാഗങ്ങളിൽ നിന്നെത്തിയ ഈ ശുദ്ധിസേനാംഗങ്ങൾ അടൂർ ആർ.ഡി.ഒ ബി.മോഹനൻ മെമ്പർ സെക്രട്ടറിയായുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. കാക്കി ട്രൗസറും മെറൂൺ ഷർട്ടും ധരിച്ച് 18 ബാച്ചുകളിലായി രാവും പകലും ജോലി നോക്കുന്ന ശുദ്ധിസേനാംഗങ്ങളെ എവിടെയും കാണാം.

സുരക്ഷാ ക്രമീകരണങ്ങൾക്കും ഗതാഗത നിയന്ത്രണത്തിനും മുൻതൂക്കം നൽകി

യാണ് പോലീസ് സേനയുടെ ക്രമീകരണങ്ങൾ. കമ്പ്യൂട്ടറൈസ്ഡ് പാർക്കിംഗ് സംവിധാനവും പ്രത്യേക ട്രാഫിക് വിംഗ് സംവിധാനവും ഇപ്രാവശ്യം ഏർപ്പാടാക്കിയിട്ടുണ്ട്. യാചക നിരോധനത്തിനും പോലീസ് നടപടിയുണ്ടാവും. പമ്പ, സന്നിധാനം, വിവിധ ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുള്ള വിവിധ സ്ക്വാഡുകളിലും പോലീസ് സേനയുടെ സേവനം ലഭ്യമാണ്.

ശുദ്ധജലവിതരണത്തിന് 14 പദ്ധതികളാണ് ജല അതോറിറ്റി നടപ്പാക്കിയത്. ശബരിമല-പമ്പ സമഗ്ര ശുദ്ധ ജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന ഈ പണികൾക്ക് മൊത്തം 34.30 ലക്ഷം രൂപയാണ് ചെലവ്. നീലിമല താഴെ, നീലിമല മുകളിൽ, അപ്പാച്ചിമേട്, ശരംകുത്തി, സന്നിധാനം എന്നിവിടങ്ങളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, മോട്ടോറുകളുടെയും സ്റ്റാർട്ടറുകളുടെയും അറ്റകുറ്റപ്പണികൾ, പമ്പ മുതൽ ശരംകുത്തി വരെയുള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും ലഭ്യമാക്കൽ തുടങ്ങിയവ പദ്ധതിയിൽ പെടും. മകരവിളക്കുകാലം ചാലക്കയത്തും പ്ലാപ്പള്ളിയിലും ടാങ്കർ ലോറികളിൽ ശുദ്ധജലം എത്തിക്കും. കൂടാതെ നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിലും നിലയ്ക്കൽ പോലീസ് ക്യാമ്പിലും ടാങ്കർ ലോറികളിൽ ശുദ്ധജലമെത്തിക്കാൻ പ്രത്യേക പദ്ധതിയും നടപ്പാക്കി വരുന്നു.

പമ്പ, സന്നിധാനം മേഖലയിൽ വോൾട്ടേജ് ക്ഷാമം ഇല്ലാതെ 24 മണിക്കൂറും വൈദ്യുതി ലഭ്യമാണ്. ശബരിമലയ്ക്ക് പ്രകാശത്തെളിമയേകാൻ പര്യാപ്തമായ പമ്പ-ത്രിവേണി 66 കെ.വി. സബ്സ്റ്റേഷൻ നവംബർ രണ്ടിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. കൊച്ചു പമ്പ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വനത്തിൽ കൂടി 12.4 കിലോമീറ്റർ നീളത്തിൽ 66 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ വലിച്ചാണ് സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിച്ചിട്ടുള്ളത്. അടുത്ത മൂന്നു മാസത്തിനുള്ളിൽ മറ്റൊരു 4 എം.വി.എ. ട്രാൻസ്ഫോർമർ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശത്തെ വൈദ്യുതി ക്ഷാമം പൂർണമായും പരിഹരിക്കാൻ കഴിയും. നിലവിൽ പൂർത്തിയാക്കിയ പദ്ധതിക്ക് മൊത്തം 8.09 കോടി രൂപയാണ് ചെലവ്. പമ്പ-സന്നിധാനം മേഖലയിൽ താത്കാലിക കണക്ഷനുകൾക്ക് കഴിഞ്ഞ വർഷത്തേതിലും കുറഞ്ഞ വൈദ്യുതി നിരക്ക് ഈടാക്കിയാൽ മതിയെന്ന് പമ്പയിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ ശബരിമല ക്രമീകരണ അവലോകനയോഗം തീരുമാനിച്ചു.


സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തു നിന്നും പമ്പ, എരുമേലി എന്നിവിടങ്ങളിലേക്ക് ബസ് സർവീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി ഏർപ്പാടാക്കിയിട്ടുണ്ട്. പമ്പ, നിലയ്ക്കൽ ചെയിൻ സർവീസ് ഏറ്റവും കാര്യക്ഷമമായി നടത്താനുള്ള നടപടികളാണുള്ളത്. ചങ്ങനാശ്ശേരി, തിരുവല്ല, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ നിന്നുള്ള സർവീസുകളിൽ ചിലത് പന്തളം വഴി പമ്പയ്ക്ക് പോകാനുള്ള നടപടികളായി. ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനിൽ നിന്നും പന്തളം വഴി പമ്പയ്ക്കുള്ള ബസ് സർവീസ് തുടങ്ങി.

ശബരിമലയിലേക്കുള്ള മുഴുവൻ റോഡുകളുടെയും പണി നവംബർ 10നകം പൂർത്തിയാക്കാൻ തീരുമാനിച്ചുവെങ്കിലും പ്രതികൂല കാലാവസ്ഥ ഇതിനു ഭംഗം വരുത്തി. എങ്കിലും അനുകൂല കാലാവസ്ഥയിൽ രാത്രിയും പകലും പണി ചെയ്ത് മിക്ക റോഡുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡുൾപ്പെടെ ജില്ലയിലെ പ്രധാന റോഡുകളെല്ലാം സഞ്ചാരയോഗ്യമാക്കി. ആവശ്യമായ സ്ഥലങ്ങളിൽ വിവിധ ഭാഷകളിലുള്ള സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

വില നിലവാരം നിയന്ത്രിക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ദിനംപ്രതി ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. പമ്പയിലും സന്നിധാനത്തും എട്ട് ദശലക്ഷം ലിറ്റർ ജലമാണ് ഇപ്പോൾ പമ്പ് ചെയ്യുന്നത്. പമ്പയിലെ തടയണകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും അപകട സാധ്യതയുള്ള കടവുകളിൽ മുന്നറിയിപ്പുകളും ബാരിക്കേഡുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സംസ്ഥാന സർക്കാർ ഓരോ വകുപ്പു തലത്തിലും പ്രത്യേക കർമ പദ്ധതികളാണ് ഇപ്രാവശ്യം നടപ്പിലാക്കിയത്. വിവിധ വകുപ്പുകളുടെ ക്രമീകരണങ്ങൾ വിലയിരുത്താൻ പമ്പയിലും സന്നിധാനത്തും എരുമേലിയിലും പന്തളത്തും മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പങ്കെടുത്ത നിരവധി അവലോകനയോഗങ്ങൾ നടത്തിയിരുന്നു. സമയബന്ധിതമായി വകുപ്പുകളുടെ ചുമതല പൂർത്തീകരിക്കുന്നതിന് ഇവ ഏറെ സഹായിച്ചു. ജില്ലാ കളക്ടർ എ.ജെ. രാജന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൂടിയ അവലോകനയോഗങ്ങളും വകുപ്പ് പ്രവർത്തനങ്ങൾ സജീവമാകാൻ സഹായിച്ചു.

ശബരിമല വികസന പദ്ധതി നടപ്പാക്കുന്നതിന് നിലയ്ക്കൽ, പമ്പ, സന്നിധാനം മേഖലകളിലായി 123.199 ഹെക്ടർ വനഭൂമി ലഭ്യമാക്കാൻ കഴിഞ്ഞതാണ് തീർത്ഥാടന സൗകര്യമൊരുക്കുന്നതിൽ സംസ്ഥാന സർക്കാരിന് നേട്ടമായത്. പകരം ഭൂമി നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിന്നും നേടിയ നിലയ്ക്കലിലെ 110 ഹെക്ടർ വനഭൂമിയുടെ കൈമാറ്റം കഴിഞ്ഞ ജൂൺ 16ന് മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കും വാഹന പാർക്കിംഗിനും നിലയ്ക്കൽ ബേസ് ക്യാമ്പാണ് ഉപയോഗിക്കുന്നത്. പമ്പാ, സന്നിധാനം മേഖലയിലെ 12.675 ഹെക്ടർ വനഭൂമി നവംബർ രണ്ടിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ദേവസ്വംബോർഡ് പ്രസിഡന്റ് അഡ്വ.ജി. രാമൻനായർക്ക് കൈമാറി. സംസ്ഥാനത്തിനകത്തും പുറത്തും നിന്നു വരുന്ന ലക്ഷക്കണക്കിന് അയ്യപ്പന്മാർക്ക് തീർത്ഥാടനം സുഗമമാക്കാൻ പ്രതിജ്ഞാബദ്ധതയോടെ സർക്കാർ ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. പൂങ്കാവനത്തിന്റെ പരിശുദ്ധിയും പരിസ്ഥിതി സംരക്ഷണവും പാലിച്ചുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾ.






# പമ്പാ ആക്ഷൻ പ്ലാൻ

**കേരളത്തിൽ ആദ്യമായാണ് കേന്ദ്രനദീസംരക്ഷണപദ്ധതിയിൽ ഒരു നദിയെ ഉൾപ്പെടുത്തുന്നത്. നദീതീര പട്ടണങ്ങളിലെ ഓടനിർമാണം, ഖരമാലിന്യസംസ്കരണം, ശൗചാലയങ്ങളുടെ നിർമാണം തുടങ്ങിയ മാലിന്യ നിർമാർജനപദ്ധതികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.**

**എൻ.കെ. സുകുമാരൻ നായർ**

പമ്പാനദിയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് പമ്പാ ആക്ഷൻ പ്ലാനിന്റെ ആദ്യഘട്ടത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകുകയും, ശബരിമലയിലും പമ്പയിലുമായി 18.45 കോടി രൂപയുടെ പദ്ധതികൾക്ക് പ്രാഥമികാംഗീകാരം ലഭിക്കുകയും 70% തുകയായ 12.90 കോടി രൂപ 2003-04 മുതൽ തുടങ്ങി നാലു വർഷങ്ങളിലായി ചെലവഴിക്കത്തക്കവിധം നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് കേരളാ വാട്ടർ അതോറിട്ടിയെ പമ്പാ ആക്ഷൻ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ 11 പദ്ധതികളിൽ ഏഴെണ്ണം തിരുവിതാംകൂർ ദേവസ്വം ബോർഡും നാല് എണ്ണം ജലസേചന വകുപ്പും ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. ബോധവത്കരണ പരിപാടി നടത്തുന്നതിനുള്ള ചുമതല കേരള വാട്ടർ അതോറിട്ടിക്കാണ്. 2004 ഡിസംബർ 15ന് പമ്പാ ആക്ഷൻ പ്ലാൻ ഏകോപിപ്പിക്കുന്നതിനായി പമ്പാ നദീ വികസന അതോറിറ്റി രൂപീകരിക്കുന്നതിന് സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.


## പമ്പാനദി

പമ്പാ പാപനാശിനി. കേരളത്തിലെ 44 നദികളിൽ നീളം കൊണ്ട് മൂന്നാം സ്ഥാനം. കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ സിരാവ്യൂഹം പോലെ വ്യാപിച്ചു ജീവജലം നൽകുന്നു. ശബരിമല തീർത്ഥാടകർക്കു പുണ്യ നദി. മദ്ധ്യതിരുവിതാംകൂറിൽ ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ 30 ലക്ഷത്തോളം ആളുകൾക്ക് ആശ്രയം. കുട്ടനാടടക്കം മദ്ധ്യതിരുവിതാംകൂറിനെ ചൈതന്യ ധന്യമാക്കുന്ന ജലസ്രോതസ്സ്. ഏഷ്യയിലെ ഏറ്റവും പ്രസിദ്ധമായ മാരാമൺ ക്രിസ്ത്യൻ കൺവെൻഷനും, കേരളത്തിലെ ഏറ്റവും വലിയ ഹൈന്ദവ സംഗമമായ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തും, പമ്പാമണൽ പുറത്താണ് നടക്കുന്നത്. ലോകത്തിൽ മറ്റെവിടെയും കാണാൻ കഴിയാത്ത ചരിത്ര പ്രസിദ്ധമായ ജലമേള ആറന്മുള ഉതൃട്ടാതി വള്ളംകളി. അങ്ങനെ മദ്ധ്യതിരുവിതാംകൂറിന്റെ സാമ്പത്തിക-സാമൂഹ്യ-ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ അസാധാരണമാം വിധം സ്വാധീനം ചെലുത്തുന്ന പമ്പാനദി ഇന്ന് മരണവക്ത്രത്തിലകപ്പെട്ടിരിക്കുന്നു.

കേരളത്തിലെ നദികളിൽ വലുപ്പം കൊണ്ട് മൂന്നാംസ്ഥാനത്തുള്ളത് പമ്പാനദിയാണ്. സഹ്യപർവതനിരകളിൽ സമുദ്രനിരപ്പിൽ നിന്ന് 1677 മീറ്റർ ഉയരത്തിൽ നിന്നുത്ഭവിച്ച് ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കൂടി 179 കി.മീ. ദൂരം ഒഴുകി വേമ്പനാട്ടു കായലിൽ ലയിക്കുന്നു. അനേകം നീർച്ചാലുകളും, കാട്ടരുവികളും ചേർന്നാണ് പമ്പാ നദി രൂപം കൊള്ളുന്നത്. പമ്പ ത്രിവേണിയിൽ വച്ച് കക്കിയാറും, ഞുണങ്ങാറും പമ്പയിൽ ചേരുന്നു. തുടർന്ന് പുതുശ്ശേരി, അഴുത, പനംകുടന്ത എന്നിവയും, പെരുന്നാട്ടിൽ മുക്കം എന്ന് സ്ഥലത്തു വച്ച്, കക്കാട്ടാറും പമ്പയോട് ചേരുന്നു. പുന്നമേട് മലനിരകളിൽ നിന്നുത്ഭവിക്കുന്ന പമ്പ കല്ലാർ വടശ്ശേരിക്കരയിൽ വച്ചും, പ്രധാന പോഷകനദികളായ മണിമലയാർ വളഞ്ഞവട്ടത്തും അച്ചൻകോവിലാർ വീയപുരത്തു വച്ചും പമ്പയിൽ ലയിക്കുന്നു.

**പട്ടിക**

| | നീളം കി.മീ. | ആകാരമേഖല ച.കി.മീ. | ജലപ്രവാഹം ദശലക്ഷം ഘന.മീ. |
|---|---|---|---|
| 1. മണിമല | 90 | 847 | 1217 |
| 2. പമ്പ | 179 | 2235 | 3961 |
| 3. അച്ചൻകോവിൽ | 129 | 1484 | 2017 |
| | | ആകെ | 7195 |



# പമ്പാനദി മാലിന്യ നിർമാർജന പദ്ധതി

### ജലമലിനീകരണം

അനിയന്ത്രിതവും, അശാസ്ത്രീയവുമായ മണൽ ഖനനം നദിയുടെ അടിത്തറ തന്നെ തകർത്തു കഴിഞ്ഞിരിക്കുന്നു. വൃഷ്ടി പ്രദേശങ്ങളിൽ നിന്നുള്ള മാലിന്യ പ്രവാഹത്താൽ പുണ്യനദി ഇന്ന് കാളിന്ദിയായി മാറിയിരിക്കുന്നു. തീർത്ഥാടനകാലത്ത് ശബരിമലയിലെത്തുന്ന കോടിക്കണക്കിനാളുകളുടെ ജൈവ, ഖര മാലിന്യങ്ങളെല്ലാം ആത്യന്തികമായി പമ്പാജലത്തിൽ കലരുന്നു. നദീതീരത്തുള്ള ഗ്രാമീണ നഗരങ്ങളിലെയും, വിപണന കേന്ദ്രങ്ങളിലെയും അവശിഷ്ട വസ്തുക്കളും, മാലിന്യങ്ങളും നദിയിലേക്ക് തന്നെ പുറംതള്ളുന്നു. ഇറച്ചിക്കടകളിലെ ഉച്ഛിഷ്ടങ്ങളും, മാരകമായ രോഗാണു നിബിഡമായ ആശുപത്രി മാലിന്യങ്ങളും യഥേഷ്ടം നദിയിലേക്കു തന്നെ വന്നെത്തുന്നു.

പശ്ചിമഘട്ട മലനിരകളിലെ ഔഷധ ഗുണമുള്ള സസ്യവരണങ്ങളിൽ കൂടി ഒഴുകി, സമൃദ്ധമായ മണൽ ശേഖരത്തിലൂടെ അരിച്ചരിച്ച് വന്നിരുന്ന പമ്പാജലം ഉപയോഗിച്ചാൽ രോഗങ്ങളെല്ലാം പമ്പ കടക്കും എന്ന വിശ്വാസം ഒരുകാലത്തുണ്ടായിരുന്നു. പമ്പാനദി മൃതസഞ്ജീവനിയായി കരുതുന്ന നീലക്കൊടുവേലിയിൽ തട്ടി ഒഴുകിയിരുന്നതായി പൂർവികർ വിശ്വസിച്ചിരുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി പമ്പാജലത്തിലെ മാലിന്യത്തോത് അപായകരമാം വിധം വർദ്ധിച്ചതായി വിവിധ പഠനങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. 100 മില്ലി ലിറ്റർ പമ്പാജലത്തിൽ കലർന്ന കോളിഫോം ബാക്ടീരിയ മൂന്നുലക്ഷത്തിലധികമാണ്. ഇത് ലോകാരോഗ്യ സംഘടനയുടെ നിലവാരമനുസരിച്ച് 500ലധികമായാൽ മനുഷ്യനുപയോഗിക്കുവാൻ പാടുള്ളതല്ല. കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമേ പാടില്ല.



ശബരിമല ക്രമീകരണങ്ങൾ മന്ത്രി കെ.സി. വേണുഗോപാൽ വിലയിരുത്തുന്നു.

ജലത്തിന്റെ പരിശുദ്ധി നിർണയിക്കാനുള്ള മാനദണ്ഡങ്ങളിൽ ചിലത് ഇപ്രകാരമാണ്.

| | |
|---|---|
| കോളിഫോം ബാക്ടീരിയ | 500MPN/100മി.ലി. |
| BOD (ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്) | 3mg/ലിറ്റർ (പരമാവധി) PH 6.5നും 8.5നും ഇടയ്ക്ക് |
| ഡിസോൾവ്ഡ് ഓക്സിജൻ | 5mg/L-ൽ കുറയാൻ പാടില്ല |

*അവലംബം : മലിനീകരണ നിയന്ത്രണ ബോർഡ്

### ജലമലിനീകരണ നിയന്ത്രണ നിയമങ്ങൾ

ജലമലിനീകരണത്തിനെതിരായി ഇന്ത്യയിൽ 1898-ൽ തന്നെ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1951-ൽ കൽക്കട്ട മുനിസിപ്പൽ ആക്ട് നിലവിൽ വന്നു. 1970-ൽ മഹാരാഷ്ട്ര ഗവൺമെന്റ് ജലമലിനീകരണ നിയന്ത്രണ നിയമം അംഗീകരിച്ചു. 1974-ൽ ഇന്ത്യൻ പാർലമെന്റ് ജലമലിനീകരണനിയന്ത്രണനിയമം അംഗീകരിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതി നിയമത്തിൽ, 48A, 51A(g) എന്നീ വകുപ്പുകളിൽ വനം, വന്യജീവികൾ, ജലാശയങ്ങൾ, നദി എന്നിവയുടെ സംരക്ഷണം, ഗവണ്മെന്റിന്റെയും, ഇന്ത്യൻ പൗരന്റെയും കടമകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

PART IV A - Fundamental duties: 51A(g) It shall be the duty of every citizen of India - "to protect and improve the natural enviornment including forests, lakes, rivers and wild life, and to have compassion for living creatures". 1974–ലെ Water Prevention and Control of Pollution എന്ന കേന്ദ്രനിയമം ജലമലിനീകരണം ഒഴിവാക്കുന്നതിനുള്ള കർക്കശനിബന്ധനകൾ ഉൾക്കൊള്ളുന്നു. ജലസ്രോതസ്സുകളിലും മലിനീകരണം നിയന്ത്രിക്കുന്നതിനും, തടയുന്നതിനും, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡുകൾ രൂപീകരിക്കപ്പെട്ടത് ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

ദേശീയ പരിസ്ഥിതിനയത്തിനനുസൃതമായി നിലവിൽ വന്ന 1986–ലെ പരിസ്ഥിതി സംരക്ഷണനിയമം പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച അതിപ്രധാനമായ നിയമനിർമാണമാണ്. 1987–ൽ കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ച ദേശീയ ജലനയം, 1992–ലെ കേരള സംസ്ഥാന ഗവണ്മെന്റിന്റെ ജലനയം, 2001–ലെ കേരള നദീ സംരക്ഷണ നിയമം ഇവയൊക്കെയും, സ്വാഭാവിക ജലസ്രോതസ്സുകളുടെ പരിരക്ഷ നിയമപരമായി ഉറപ്പുനൽകുന്നു.

വിവിധതരം രോഗത്തിന് വിധേയരായ ആളുകളുടെ മലമോ, മൂത്രമോ കലർന്ന് മലിനമായ ജലമോ മറ്റു പദാർത്ഥങ്ങളോ ഉപയോഗിക്കുന്നിതിനിടയായാൽ വയറിളക്കം, ടൈഫോയിഡ്, പോളിയോ തുടങ്ങിയ മാരകമായ രോഗങ്ങൾ വ്യാപിക്കാൻ സാധ്യതയുണ്ട്.

പമ്പാനദിയിൽ 18ഓളം ഗ്രാമീണ ജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൊന്നിലും ക്ലോറിനൈസേഷൻ അല്ലാതെ മറ്റൊരു ശുദ്ധീകരണ സംവിധാനങ്ങളും നിലവിലില്ല. പമ്പാതീരത്ത് താമസിക്കുന്ന 22 ലക്ഷം ആളുകൾ ഉൾപ്പെടെ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ മുപ്പതുലക്ഷത്തോളം ആളുകൾ നിത്യോപയോഗത്തിന് പമ്പാജലം ഉപയോഗിക്കുന്നതായി കണക്കാക്കുന്നു. ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നമായി വളർന്ന സാഹചര്യത്തിൽ പമ്പാജലം ശുദ്ധീകരിക്കുന്നതിന് പമ്പയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം 1994 മുതൽ തന്നെ പമ്പാ പരിരക്ഷണ സമിതി ഉന്നയിച്ചിരുന്നു. 1997 മേയിൽ പമ്പാ ആക്ഷൻ പ്ലാൻ തയ്യാറാക്കി പൊതുചർച്ചയ്ക്ക് വയ്ക്കുകയും ചെയ്തു.

## പമ്പാ ആക്ഷൻ പ്ലാൻ

കേന്ദ്ര പരിസ്ഥിതി മന്ത്രി റ്റി.ആർ. ബാലു 2001 ജൂൺ 15ന് തിരുവനന്തപുരത്ത് വന്നപ്പോൾ രമേശ് ചെന്നിത്തല എം.പി. മുഖാന്തരം പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ.കെ. സുകുമാരൻ നായർ നല്കിയ നിവേദനത്തെ തുടർന്ന് പമ്പാനദിയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രമന്ത്രി സമ്മതിച്ചു. പ്രാഥമിക പഠന റിപ്പോർട്ടു നൽകുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി. മലിനീകരണ നിയന്ത്രണ ബോർഡ് 272 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പമ്പാ ആക്ഷൻ പ്ലാൻ 2002 മാർച്ച് 25ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചു.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മെമ്പർ സെക്രട്ടറി കെ.വി. ഇന്ദുലാലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പ്രാഥമിക സാദ്ധ്യതാ പഠന റിപ്പോർട്ടിൽ പമ്പാനദിയുടെ സർവതോന്മുഖമായ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശബരിമല–പമ്പ മുതൽ തകഴി വരെയുള്ള പ്രദേശങ്ങളിലെ മാലിന്യ സംസ്കരണം, ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവളങ്ങൾ, കുളിക്കടവുകൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, പമ്പയുടെ കൈവഴികളായ വരട്ടാർ (ചെങ്ങന്നൂർ) കേലറയാർ (നിരണം) എന്നിവയുടെ പുനരുദ്ധാരണം തുടങ്ങി ഒട്ടേറെ പരിപാടികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പമ്പാനദീ തീരത്തുടനീളം പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നതു മൂലം ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, തദ്വാരാ സാമൂഹ്യ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക വികസനത്തിനും സാദ്ധ്യതകളേറുകയും ചെയ്യും.

കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ദേശീയ നദീ സംരക്ഷണ ഡയറക്ടറേറ്റിൽ നിന്നും ഉന്നത ഉദ്യോഗസ്ഥന്മാർ പദ്ധതി പരിശോധനയ്ക്കു വരികയുണ്ടായി. പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ വിശദമായ പദ്ധതിരേഖ സമർപ്പിക്കേണ്ടതുണ്ട്. സെപ്തംബർ 16ന് ബഹു. കേരള ജല–വിഭവ മന്ത്രിയായിരുന്ന റ്റി.എം. ജേക്കബ് വിളിച്ചു ചേർത്ത ഉന്നത തല യോഗത്തിൽവച്ച് പദ്ധതി വിശ

**ഇന്ത്യയിൽ 18 സംസ്ഥാനങ്ങളിൽ 27 നദികളുമായി ബന്ധപ്പെട്ട 152 പദ്ധതികൾ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 4600 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.**




ശബരിമല ക്രമീകരണം: ഉന്നതതല യോഗത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സംസാരിക്കുന്നു.

ദാംശങ്ങൾ തയ്യാറാക്കുന്നതിന് ആറ് എഞ്ചിനീയർമാരടങ്ങുന്ന ഒരു സംഘത്തെ നിയോഗിക്കുകയുണ്ടായി. സാങ്കേതിക സമിതി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് മുഖ്യമന്ത്രി എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ മന്ത്രിസഭാസമിതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും, വനം പരിസ്ഥിതി മന്ത്രാലയത്തിനും, ആസൂത്രണ കമ്മീഷനും, 2002 ഡിസംബർ 29ന് സമർപ്പിച്ചു.

## ദേശീയ നദീ സംരക്ഷണ പദ്ധതി

അപായകരമാംവിധം മലിനീകരിക്കപ്പെട്ട ഭാരതത്തിലെ പ്രധാന നദികളെ മാലിന്യ വിമുക്തമാക്കുന്നതിനാണ് ദേശീയ നദീ സംരക്ഷണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ കേന്ദ്ര ഗവൺമെന്റ് 1985–ൽ തീരുമാനിച്ചത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഗംഗാ ആക്ഷൻ പ്ലാൻ എന്ന ബൃഹത്തായ പദ്ധതിക്ക് തുടക്കം കുറിച്ചത്. നദികളെ മലിനമാക്കുന്ന വിവിധ മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തി അവ ശാസ്ത്രീയമായി സംസ്കരിച്ച് ജലം മാലിന്യ വിമുക്തമാക്കി മനുഷ്യനുപയോഗിക്കുവാൻ കഴിയുന്ന നിലവാരത്തിലെത്തിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ഇന്ത്യയിൽ 18 സംസ്ഥാനങ്ങളിൽ 27 നദികളുമായി ബന്ധപ്പെട്ട 152 പദ്ധതികൾ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തി വരുന്നു. 4600 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

2001 മാർച്ച് 13ന് ഡൽഹിയിൽ ചേർന്ന നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റിയുടെ പത്താമതു യോഗം അംഗീകരിച്ച പുതുക്കിയ മാർഗരേഖയനുസരിച്ചാണ് പമ്പാനദിയെ ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ളത്.

ഈ മാർഗരേഖയനുസരിച്ച് നദീ മാലിന്യം ഒഴിവാക്കുന്നതിന് നദീതീര പട്ടണങ്ങളിലെ ഓടനിർമാണം, ഖരമാലിന്യ സംസ്കരണം, ചെലവു കുറഞ്ഞ ശൗചാലയങ്ങളുടെ നിർമാണം തുടങ്ങിയ സമഗ്രമായ മാലിന്യ നിർമാർജന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ മൊത്തം ചെലവിന്റെ 70% തുകയും കേന്ദ്ര സർക്കാർ വഹിക്കും. ബാക്കി തുക, സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി കണ്ടെത്തണം. ഗുണഭോക്താക്കൾ 10%ത്തിൽ കുറയാതെയുള്ള തുക ചെലവാക്കണമെന്ന് മാർഗരേഖ അനുശാസിക്കുന്നു. മൂലധന ചെലവിന്റെ 5% വരുന്ന തുക നടത്തിപ്പിനും, അറ്റകുറ്റപ്പണികൾക്കുമായി സംസ്ഥാന സർക്കാർ വകയിരുത്തണം. ഈ ചെലവ് പദ്ധതിയിൽ നിന്നു തന്നെ സമാഹരിക്കുന്നതിനുള്ള വിശദാംശങ്ങളും പദ്ധതിയുടെ ഭാഗമായിരിക്കണം. നിശ്ചിത അടങ്കൽ തുകയ്ക്കുപരി വരുന്ന ചെലവുകളുടെ വിഹിതം യാതൊരു കാരണവശാലും കേന്ദ്രം വഹിക്കുകയില്ല. ഈ മാർഗരേഖക്കനുരോധമായിട്ടായിരിക്കണം നിർദിഷ്ട പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കേണ്ടത്.

## പത്താം പദ്ധതി

കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പത്താം പദ്ധതിയുടെ പത്തു മുൻഗണനാ പരിപാടികളിൽ നദികളുടെ മാലിന്യ നിർമാർജന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007–ാമാണ്ടോടെ പ്രധാന നദികളും 2012ഓടെ ഇന്ത്യയിലെ നദികൾ പൂർണമായും മാലിന്യ വിമുക്തമാക്കുന്നതിന് പദ്ധതി രേഖയിൽ വിഭാവനം ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടമ

പമ്പാനദീതീരത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് അവരുടെ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സഹായിക്കും വിധം പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ തയ്യാറാക്കുവാൻ കിട്ടിയ ഒരസുലഭ സന്ദർഭമാണ് ഇത്. 73, 74 ഭരണഘടനാ ഭേദഗതികളനുസരിച്ച് പൊതുജനാരോഗ്യം, കുടിവെള്ള വിതരണം, മാലിന്യ നിർമാർജനം, അഴുക്കുചാൽ നിർമാണം എന്നിവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഖരമാലിന്യ നിർമാർജന പരിപാടികൾ 2003 ഡിസംബർ 31ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി 888/99 നമ്പർ പൊതു താത്പര്യ ഹർജിയുടെ വിധിയിൽ നിർദേശിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും മാലിന്യ വിമുക്തമാക്കുകയും ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഭരണഘടനാപരമായും നിയമപരമായുമുള്ള അനിവാര്യ ചുമതലകളാണ്.

## കേരളാ പദ്ധതി

കേരളത്തിൽ നിന്നാദ്യമായിട്ടാണ് കേന്ദ്രനദീ സംരക്ഷണ പദ്ധതിയിൽ ഒരു നദിയെ ഉൾപ്പെടുത്തുവാനവസരം ലഭിച്ചിട്ടുള്ളത്. കേരളത്തിനാദ്യമായി ലഭിച്ച ഈ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര സഹകരണവും, ഇച്ഛാശക്തിയും കാണിക്കേണ്ടതാണ്. ഇതര സംസ്ഥാനങ്ങളിൽ നടന്ന പദ്ധതികളുടെ പോരായ്മകൾ പഠിച്ച് അവ പരിഹരിച്ച്, കേന്ദ്ര ഗവൺമെന്റിന്റെ മാർഗനിർദേശത്തിനും, സംസ്ഥാനത്തിന്റെ ഉത്തമ താത്പര്യങ്ങൾക്കും അനുസൃതമായി പദ്ധതി രൂപകല്പന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ആത്മാർത്ഥത കാണിക്കുമെന്ന് പ്രത്യാശിക്കാം. പമ്പാ ആക്ഷൻ പ്ലാനിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു പമ്പാനദീ വികസന അതോറിറ്റി രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. അതിനായി ആവശ്യമായ നിയമനിർമാണം നടത്തേണ്ടതുണ്ട്.



ശബരിമല വനഭൂമി കൈമാറ്റച്ചടങ്ങ്



# നാരായണൻ നയതന്ത്രമാന്ത്രികൻ

സുരേന്ദ്രൻ ചുനക്കര

ഇതിഹാസതുല്യമായ ജീവിതം നയിച്ച കെ.ആർ.നാരായണൻ ഒരോർമായിക്കഴിഞ്ഞു. പക്ഷേ, അദ്ദേഹത്തിന്റെ പാദമുദ്രകൾ ചരിത്രത്തിന്റെ രാജപാതയിൽ തിളക്കമാർന്നു കിടക്കും എന്നതിൽ സംശയമില്ല. സാമൂഹികവും സാമ്പത്തികവുമായി താഴേതട്ടിൽ നില്ക്കുന്നവർക്കുപോലും ഇച്ഛാശക്തിയും സ്ഥിരോത്സാഹവും ലക്ഷ്യബോധവുമുണ്ടെങ്കിൽ അത്യുന്നതങ്ങളിലെത്താൻ സാധിക്കുമെന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് കെ.ആർ. നാരായണൻ. ഇന്ത്യൻ യുവാക്കൾക്ക് അനുകരിക്കാവുന്ന ഉദാത്തമാതൃകയാണ് അദ്ദേഹം.

അദ്ദേഹത്തിന്റെ വിനയം, വിജ്ഞാനതൃഷ്ണ, ഉത്കർഷേച്ഛ, ആശയവിനിമയ പാടവം, ലക്ഷ്യബോധം, കഠിനാധ്വാനശീലം, അപകർഷതാരാഹിത്യം എന്നിവ വാഴ്ത്തപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്യേണ്ട ഗുണങ്ങളാണ്. നാരായണൻ നമുക്കൊരു അഭിമാനമാണ്. ഇന്ത്യൻ ജനാധിപത്യം മാനവികതയിൽ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നതെന്നു ലോകത്തോടു വിളിച്ചു പറയാൻ നാരായണന്റെ രാഷ്ട്രപതി പദവി സഹായിച്ചു.

പത്രപ്രവർത്തകൻ, നയതന്ത്ര വിദഗ്ധൻ, വൈസ്ചാൻസലർ, കേന്ദ്രമന്ത്രി, യു.എൻ. പ്രതിനിധി, ഉപരാഷ്ട്രപതി, രാഷ്ട്രപതി തുടങ്ങി വ്യത്യസ്ത മേഖലകളിൽ അന്യാദൃശമായ പാടവത്തോടെ വ്യക്തിമുദ്ര പതിപ്പിക്കാൻ നാരായണനു കഴിഞ്ഞു. നാരായണന്റെ സൗമ്യമധുരമായ വ്യക്തിത്വം നയതന്ത്ര പ്രതിനിധി എന്ന നിലയിൽ അദ്ദേഹത്തിന്റെ ദീപ്തമായ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി. ഇന്ത്യയുടെ മനസ്സ്, വിവിധദേശങ്ങളിലെത്തിക്കാനും, ശത്രുക്കളെപ്പോലും മിത്രങ്ങളാക്കാനും നാരായണന്റെ നയതന്ത്ര കലയ്ക്ക് സാധിച്ചു.

1949-ൽ ബർമയിലെ റംഗൂണിലുള്ള ഇന്ത്യൻ എംബസിയിൽ രണ്ടാം സെക്രട്ടറിയായി നിയമിക്കപ്പെടുന്നതോടെയാണ് നാരായണന്റെ നയതന്ത്രജീവിതം ആരംഭിക്കുന്നത്. പിന്നീട് ഇന്ത്യയുടെ സ്നേഹപ്രതീകമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. ഭാരതത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് രാജ്യത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ടോക്കിയോ, ലണ്ടൻ, ആസ്ട്രേലിയ, തുർക്കി, വിയറ്റ്നാം, ചൈന, അമേരിക്ക, തായ്‌ലന്റ് തുടങ്ങി വിവിധ രാജ്യങ്ങളിൽ നാരായണൻ തന്റെ നയതന്ത്ര നൈപുണി തെളിയിച്ചു.

ഈ രംഗത്ത് ഒരു ‘നാരായണൻ ടച്ച്’ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ വിജയം. ചെന്നായ്ക്കളെ പോലെ കടിച്ചു കീറാൻ നില്ക്കുന്ന ശക്തികളെയും, ശീതസമരത്തിന്റെ തണുത്ത ആയുധികൾ, ചിരിച്ചുകൊണ്ട് പ്രയോഗിക്കുന്നവരെയും നേരിടാനുള്ള അദ്ദേഹത്തിന്റെ ‘സ്ട്രാറ്റജി’ വ്യത്യസ്തമായിരുന്നു.

സ്വതന്ത്രചുമതലയുള്ള അംബാസഡറായി നാരായണനെ 1967-ൽ തായ്‌ലന്റിലാണ് ആദ്യമായി നിയമിക്കുന്നത്. എവിടെയും ബുദ്ധന്റെ സാന്നിധ്യമുണ്ടായിരുന്ന തായ്‌ലന്റിന്റെ സാംസ്കാരികഗരിമ നാരായണനു ബോധിച്ചു. കർമമാണ് മനുഷ്യന്റെ ജാതി നിർണയിക്കേണ്ടതെന്നു തെളിയിച്ച ബുദ്ധന്റെ ആശയങ്ങളുടെ ധവളിമ നാരായണനെ ഏറെ ആകർഷിച്ചിരുന്നു. ഇന്ത്യയുടെയും തായ്‌ലന്റിന്റെയും തായ്‌വേരുകൾ ഉയർത്തിക്കാട്ടി, സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും നൂതനമാനങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. നാരായണന്റെ കാലത്താണ് ഇന്ത്യ-തായ്‌ലന്റ് ബന്ധം സാർത്ഥ

കമായത്. ന്യൂഡൽഹിയിൽ നിന്ന് ബാങ്കോക്കിലേക്ക് തായ് ഇന്റർനാഷണൽ എയർവേയ്സ് സർവീസ് ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു, 1968-ൽ. ഇന്ത്യൻ നേതാക്കൾ തുടർച്ചയായി തായ്‌ലന്റ് സന്ദർശിച്ചതും അന്നു തന്നെ. മൊറാർജി ദേശായി ഏപ്രിലിലും വിജയലക്ഷ്മിപണ്ഡിറ്റ് ആഗസ്റ്റിലും തുടർന്ന് വാണിജ്യമന്ത്രി ദിനേശ്സിംഗ് ഡിസംബറിലും തായ്‌ലന്റിലെത്തി സുപ്രധാന കരാറുകളിൽ ഒപ്പു വച്ചത് നാരായണന്റെ ശ്രമഫലമായിരുന്നു.

ഒരു രാജ്യം മറ്റൊരു രാജ്യത്തോടു പറയുന്ന കാര്യങ്ങളിൽ സ്വന്തം വ്യക്തിത്വം പ്രകടമാക്കുന്നതെങ്ങനെയെന്ന് ഇന്ത്യയുടെ റിപ്പബ്ലിക് ദിനസന്ദേശം തായ്‌ലന്റിനു നാരായണൻ നൽകിയതിൽ നിന്ന് വ്യക്തമാണ്. തായ്‌ലന്റിലെ പത്രങ്ങൾ വൻ പ്രാധാന്യത്തോടുകൂടിയാണ് നാരായണന്റെ ഈ സന്ദേശം പ്രസിദ്ധീകരിച്ചത്. ദി ബാങ്കോക്ക് പോസ്റ്റ് എന്ന പത്രം ഈയവസരത്തിൽ ഒരു സപ്ലിമെന്റിറക്കുകയും ചെയ്തു.

1973 മുതൽ 75 വരെ നാരായണൻ തുർക്കിയിലെ നയതന്ത്രപ്രതിനിധിയായിരുന്നു. പാകിസ്ഥാനുമായി ചങ്ങാത്തത്തിലായിരുന്ന തുർക്കികൾക്ക് ഇന്ത്യയോട് അപ്രിയം ഉണ്ടായിരുന്നു. ഈ നീരസത്തിന്റെ മഞ്ഞുരുക്കുന്നതിൽ നാരായണൻ വിജയിച്ചു. തുർക്കിയുടെ മുൻവിധികൾ മാറ്റാൻ ബുദ്ധിയുടെയും ഹൃദയത്തിന്റെയും സങ്കലനമുണ്ടായിരിക്കണമെന്ന് ഇന്ത്യയ്ക്ക് അറിയാമായിരുന്നു. തന്റെ കഴിവുകളുടെ മാറ്റുരയ്ക്കാനുള്ള വേദിയായി നാരായണൻ തുർക്കിയെ സ്വീകരിച്ചു.

നാരായണൻ തുർക്കിയിൽ ചെല്ലുമ്പോൾ തുർക്കിയ്ക്ക് നാല് ഇന്ത്യാക്കാരെ മാത്രമേ അറിയാമായിരുന്നുള്ളൂ. ഗാന്ധിജി, നെഹ്റു, രാജ്കപൂർ, നർഗീസ്. ഇന്ത്യ ഈ നാമങ്ങൾക്കപ്പുറമുള്ള മഹാരാജ്യമാണെന്ന് തുർക്കികളെ ബോധിപ്പിക്കാനും അവരുടെ ഇന്ത്യാ വിദ്വേഷത്തിന്റെ അടിത്തറയായ അബദ്ധധാരണകൾ മാറ്റിയെടുക്കാനും നാരായണനു കഴിഞ്ഞു. ഇന്ത്യയുടെ സ്നേഹസ്വരൂപവും, മനുഷ്യകുലത്തോടുള്ള സഹജകാരുണ്യവും ധന്യമായ സാംസ്കാരിക പൈതൃകവുമൊക്കെ നാരായണൻ തുർക്കികൾക്കിടയിൽ പ്രചരിപ്പിച്ചു. പാകിസ്ഥാൻ അവരോടു പറഞ്ഞ വാക്കുകളിലെ ഇന്ത്യയല്ല യഥാർത്ഥ ഇന്ത്യയെന്ന് ഓരോ തുർക്കിയുടെയും ഹൃദയത്തിലേക്ക് ഇറങ്ങിച്ചെന്ന് നാരായണൻ പറഞ്ഞു. തുർക്കികളെ ഭാരത സുഹൃത്തുക്കളാക്കാൻ അദ്ദേഹം നൂതന മാർഗങ്ങൾ കണ്ടെത്തി, ഇന്ത്യൻ സാംസ്കാരവും ആചാരവും വിഷയമാക്കിയിട്ടുള്ള നിരവധി ഡോക്യുമെന്ററികൾ അദ്ദേഹം പ്രദർശിപ്പിച്ചു. ഭാരതത്തിന്റെ ഭാഷയും വേഷവും ഭൂഷയും ഭക്ഷണവും മനസ്സിലാക്കിക്കൊടുക്കാൻ മേളകൾ സംഘടിപ്പിച്ചു. ഒരിക്കൽ രാജ്കപൂറിന്റെ ആവാരാ എന്ന സിനിമ തുർക്കികളുടെ ആവശ്യപ്രകാരം പ്രദർശിപ്പിച്ചു. ആവാരാഹൂം........ എന്ന ഗാനം തുർക്കിയിലെ തെരുവീഥികളിൽ തുർക്കികൾ പാടി നടന്നിരുന്നതിന്റെ ക്രെഡിറ്റ് നാരായണന് നൽകണം.

തുർക്കിജനത നാരായണനു കൊടുത്ത യാത്രയയപ്പ് ഹൃദയഹാരിയായിരുന്നു. മന്ത്രിമാരും പൗരപ്രമുഖരും ഉൾപ്പെടെ അറുന്നൂറോളം പേർ പങ്കെടുത്ത ആ അത്താഴവിരുന്ന് നാരായണന് തുർക്കിയുടെ ഹൃദയമാണ് കാട്ടിക്കൊടുത്തത്. ഭാരതത്തോടും ഭാരതത്തിന്റെ കറുത്തപുത്രനോടുമുള്ള വികാരവായ്പ് ഈ വിടവാങ്ങൽ ചടങ്ങിൽ പ്രകടമായിരുന്നു. ചാണക്യസൂത്രങ്ങൾ ഇല്ലാതെ തന്നെ ഹൃദയശുദ്ധികൊണ്ട് ജനതയെയും രാജ്യങ്ങളെയും വെട്ടിപ്പിടിക്കാനുള്ള നയതന്ത്രമാന്ത്രികതയാണ് നാരായണൻ തുർക്കിയിൽ പ്രകടമാക്കിയത്.

തുർക്കിയിൽ നിന്നു മടങ്ങിവന്ന നാരായണന്, അറ്റുപോയ ഒരു കണ്ണി വിളക്കിച്ചേർക്കുന്ന സുപ്രധാന ദൗത്യമാണ് ഏറ്റെടുക്കേണ്ടി വന്നത്-ചൈനയിലെ അംബാസഡർ. ഇന്ത്യ-ചൈന യുദ്ധത്തിനു ശേഷം നയതന്ത്രബന്ധം വിച്ഛേദിച്ചിരുന്നു. 15 വർഷത്തെ ബന്ധവിപര്യയവും ശത്രുതയും രക്തദാഹവുമാണ് നാരായണൻ ഇല്ലായ്മ ചെയ്യേണ്ടത്. തെറ്റിദ്ധാരണകളുടെയും സംശയത്തിന്റെയും കടലിടുക്കിൽ നിന്ന് ഇരുരാജ്യങ്ങളെയും വിശ്വാസത്തിന്റെയും നന്മയുടെയും ഹരിതസ്ഥലിയിലേക്ക് കൈപിടിച്ചു കയറ്റേണ്ട വ്യക്തി. ചൈനയുടെ ഈഗോയെ അട്ടിമറിക്കാൻ പോന്ന സ്നേഹസ്മിതം നാരായണനു മാത്രമേ ഉള്ളൂവെന്ന് സൂക്ഷ്മദൃക്കായ ഇന്ദിരാഗാന്ധി മനസ്സിലാക്കിയിരുന്നു. വിദേശകാര്യമന്ത്രി ചവാൻ, ചൈനയിലെ അംബാസഡറായി നാരായണനെ നിയമിക്കുകയാണെന്ന് പാർലമെന്റിലാണ് പ്രഖ്യാപിച്ചത്. അംഗങ്ങൾ അത് ഹർഷാരവത്തോടെ സ്വാഗതം ചെയ്തു. ഇത്തരമൊരു പരസ്യമൂല്യം അതിനുമുമ്പ് ഒരു നിയമനത്തിനും ലഭിച്ചിട്ടില്ല.

തകർന്നുപോയ വിശ്വാസത്തിന്റെ സ്ഫടികശില്പം പൂർവരൂപത്തിലാക്കുന്നത് എങ്ങനെയെന്ന ചോദ്യം ഏതു നയതന്ത്രജ്ഞന്റെയും ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ നാരായണൻ കുലുങ്ങിയില്ല. കുട്ടിക്കാലം മുതൽ ശീലിച്ചുവന്ന നിസംഗത. ഒന്നിലും പതറാത്ത, പ്രതിബന്ധങ്ങളുടെ നേർക്കു ചെറുത്തു നില്ക്കാതെ ഒഴിവു കണ്ടു മാറുന്ന ഒരു കളരിമുറ. ഉഗ്രപ്രതാപികളും ലോകപ്രശസ്തരുമായ വൻശക്തിരാഷ്ട്രത്തലവന്മാരോട് ഇടപഴകുമ്പോഴും ഗ്രാമവിശുദ്ധികൊണ്ട് നിറംകൊടുത്ത ഈ നിസംഗത അദ്ദേഹം സൂക്ഷിച്ചു.

സമ്പന്നന്റെയും ദരിദ്രന്റെയും ഈഗോ പ്രവർത്തിക്കുന്നത് ഏത് തലങ്ങളിലാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് രാഷ്ട്രങ്ങൾക്കിടയിലെ വൻ തിമിംഗലങ്ങളെയും ചെറുമത്സ്യങ്ങളെയും അദ്ദേഹത്തിന് വസ്തുനിഷ്ഠമായി ഉൾക്കൊള്ളാനായി. മഞ്ഞമുഖവും പതിഞ്ഞമൂക്കുമുള്ള മനുഷ്യരുടെയിടയിൽ ഈ കറുത്ത മനുഷ്യൻ ഒരത്ഭുതമായിരുന്നു. ഒരു ചിരിയിൽ ആരെയും മുഗ്ദ്ധരാക്കുന്ന തേജസ്. നാരായണന്റെ കറുപ്പ് അദ്ദേഹത്തിന്റെ പുഞ്ചിരിക്ക് കൂടുതൽ അഴകു ചേർത്തു. ചുരുക്കിപ്പറയാം; ചൈനയിലെ നാരായണ ദൗത്യം വിജയകരമായിരുന്നു.

ഇന്ത്യയും അമേരിക്കയുമായുള്ള ബന്ധം വഷളായിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ഇന്ത്യൻ പ്രതിനിധിയായി നാരായണൻ എത്തുന്നത്. സ്വതസിദ്ധമായ കല്പനാവൈഭവവും ആശയവിനിമയശേഷിയുമുപയോഗിച്ച് അമേരിക്കയുടെ മനസ്സിലെ വിദ്വേഷത്തിന്റെ തീയും പുകയും കുറയ്ക്കാൻ നാരായണനു സാധിച്ചു. ഇന്ത്യയുടെ ചേരിചേരാ നയത്തിന് അനുഗുണമായി, വാഷിംഗ്ടൺ പ്രതാപശാലികൾക്ക് എതിരു പറയാൻ കഴിയാത്ത വിധത്തിലുള്ള കമ്മ്യൂണിക്കേഷൻ തന്ത്രമാണ് നാരായണൻ സ്വീകരിച്ചത്.

നാരായണനെ സംബന്ധിച്ചിടത്തോളം നയതന്ത്രമന്ത്രം ജീനിൽ മുദ്രിതമാണ്. കാരണം അദ്ദേഹം രാമൻവൈദ്യന്റെ മകനാണ്. രാമൻ വൈദ്യനും ചിറ്റോട്ടു കുടുംബവും തമ്മിലുള്ള ബന്ധം അത്ര ഗാഢമായിരുന്നു. പ്രതിസന്ധികളിൽ പരിഹാര നിർദേശത്തിന് ചിറ്റോട്ടെ കാരണവർ രാമൻ വൈദ്യനോട് ആലോചിക്കുമായിരുന്നു. അവിടെ വർണവ്യത്യാസം പ്രകടമായിട്ടേയില്ല.

ചിറ്റോട്ടു കുടുംബക്കാരുടെ ബദ്ധശത്രുവായ മറ്റൊരു പ്രമാണി കുടുംബം ഉണ്ടായിരുന്നു. അവരുമായി ചങ്ങാത്തത്തിലാവാനും രാമൻ വൈദ്യനു കഴിഞ്ഞു. ഇതു തന്നെയാണ് സിദ്ധി. നയതന്ത്രപ്രാപ്തി, ഇരു കുടുംബങ്ങളുടെയും രഹസ്യങ്ങൾ പരസ്പരം പറഞ്ഞ് മുതലെടുക്കുവാൻ അദ്ദേഹം ഒരിക്കൽ പോലും ശ്രമിക്കാത്തതിനാൽ ഇരുവരുടെയും വിശ്വസ്തൻ ആയിരുന്നു. അകന്നു നില്ക്കുന്ന കുടുംബങ്ങളെ അടുപ്പിക്കാൻ അദ്ദേഹം തന്നാലാവുംവിധം ശ്രമിച്ചു.

അദ്ദേഹത്തിന്റെ മകനായ നാരായണൻ ഭൂഖണ്ഡങ്ങളുടെ വിടവുകളിൽ സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പാലങ്ങൾ തീർത്ത് ഒരു ബന്ധസമുച്ചയം തന്നെ ഉണ്ടാക്കിയതിൽ അത്ഭുതമില്ല.

നാരായണന്റെ നയതന്ത്രശാസ്ത്രത്തിന് ഉഴവൂരിന്റെ മണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ ഒരു ശൈശവ നൈർമല്യമുണ്ടായിരുന്നു. മണ്ണിന്റെ മാൺപ്കടഞ്ഞ് മകരന്ദമാക്കുന്ന പൂമരത്തെയാണ് നാരായണൻ ഓർമിപ്പിക്കുന്നത്. മനുഷ്യർക്കും രാജ്യങ്ങൾക്കും പ്രജാപതിമാർക്കും ഇടയിൽ സ്നേഹത്തിന്റെ സാർത്ഥക വിനയം പകർന്നു കൊടുത്ത മലയാളി എന്ന നിലയിൽ നാരായണൻ നമ്മുടെ മനസ്സിലുണ്ടാവും തീർച്ച! ◘

# കേരളം സങ്കല്പവും യാഥാർത്ഥ്യവും

**കേരളത്തിന്റെ ഇന്നലെകളിൽ ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞു കിടക്കുന്നു; സങ്കല്പവും യാഥാർത്ഥ്യവുമെന്നപോലെ.**

**മലയിൻകീഴ് ഗോപാലകൃഷ്ണൻ**

കേരള സംസ്ഥാനത്തിന് അമ്പത് വയസാകാൻ പോകുന്നു. 1956 നവംബർ ഒന്നിനാണ് കേരളം എന്ന സംസ്ഥാനം ഇന്ത്യൻ ഭൂപടത്തിൽ സ്ഥാനം പിടിച്ചത്. അതിനുമുമ്പ് കേരളം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളായി കിടക്കുകയായിരുന്നു. സ്വാതന്ത്ര്യസമര കാലത്തും അതിനു മുമ്പും ലക്ഷക്കണക്കിന് മലയാളികളുടെ ചിരകാല സ്വപ്നമായിരുന്നു മലയാളം സംസാരിക്കുന്ന എല്ലാ പ്രദേശങ്ങളെയും കൂട്ടി ചേർത്ത് ഐക്യകേരളം രൂപീകരിക്കുക എന്നത്. അതിനുവേണ്ടി മുൻകാലനേതാക്കൾക്ക് പല ത്യാഗങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അതെല്ലാം കാലത്തിന്റെ കുത്തൊഴുക്കിൽ മറവിയിലേക്ക് ആണ്ടുപോയി.

'കേരളം' എന്ന നാടിന് പുരാണേതിഹാസങ്ങളിലും ചരിത്രത്തിലും സഹസ്രാബ്ദങ്ങൾക്ക് മുമ്പേ സ്ഥാനം ഉണ്ട്. രാമായണത്തിൽ സീതയെ അന്വേഷിക്കാൻ സുഗ്രീവൻ വാനരപ്പടയെ വിടുമ്പോൾ കേരളം പരാമർശിക്കപ്പെടുന്നു. ചരിത്രത്തിൽ അശോക ചക്രവർത്തിയുടെ മൂന്ന് ശാസനങ്ങളിലും കേരളം ഉണ്ട്. അതിലൊന്നിൽ 'കേരളപുത്ര' എന്ന് പറഞ്ഞിട്ടുണ്ട്. ചേര രാജാവിനെയാണ് കേരളപുത്ര എന്ന് വിളിച്ചിട്ടുള്ളതെന്നും ചേരമകൻ എന്നതിന്റെ സംസ്കൃതപദമാണ് കേരളപുത്രനെന്നുമാണ് പണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെടുന്നത്. ചേരന്മാർ ഭരിച്ചിരുന്ന ചേരളനിൽ നിന്നാണ് കേരളം ഉണ്ടായതെന്നും അവർക്ക് അഭിപ്രായം ഉണ്ട്. പ്ലിനി, പെരിപ്ലസ്, ടോളമി, മെഗസ്തനീസ് എന്നിവരുടെ രേഖകളിലും കേരളം ഉണ്ട്.

## ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞ കേരളം

കേരളത്തിന്റെ യഥാർത്ഥ ചരിത്രം ഇന്നും ഇരുൾ മൂടിക്കിടക്കുന്നു. ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞ് കിടക്കുന്നതാണ് കേരളത്തിന്റെ ഇന്നലെകളുടെ കഥ. ചിരപുരാതനമായ ഇവിടത്തെ ചരിത്രത്തെ സംബന്ധിച്ച് കേരള മാഹാത്മ്യം, കേരളോത്പത്തി എന്നീ രണ്ട് പുസ്തകങ്ങളാണ് ഉള്ളത്. കഥകളുടെ അടിസ്ഥാനത്തിൽ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ഈ പുസ്തകങ്ങൾ ചരിത്രകാരന്മാർ ഉപയോഗിച്ച കാരണം പരശുരാമകഥയും പെരുമാൾ കഥയും എല്ലാം ചരിത്രത്തിൽ സ്ഥാനം പിടിച്ചു. അതനുസരിച്ച് കേരളം മഴു എറിഞ്ഞ് സൃഷ്ടിച്ചത് പരശുരാമനാണ്. കാസർഗോഡ് മുതൽ കന്യാകുമാരിവരെയുള്ള കടൽ മാറി കരയായ കേരളത്തെ പരശുരാമൻ 64 ഗ്രാമങ്ങളായി വിഭജിച്ചു. ഉത്തരേന്ത്യയിൽ നിന്നുകൊണ്ടുവന്ന 14 ഗോത്രത്തിലുള്ള ബ്രാഹ്മണരെ ഈ ഗ്രാമങ്ങളുടെ ചുമതല ഏല്പിച്ചു. ബ്രാഹ്മണരെ സേവിക്കാൻ പരശുരാമൻ ശൂദ്രന്മാരെ കൊണ്ടുവന്നു. ആഢ്യന്മാർക്ക് മാത്രം പങ്കുള്ള ഭരണമാണ് പരശുരാമൻ ഏർപ്പെടുത്തിയത്. ഭരണത്തിൽ പ്രശ്നങ്ങളുണ്ടായി. തുടർന്ന് പെരിഞ്ചെല്ലൂർ, പയ്യന്നൂർ, പരപ്പൂർ, ചെങ്ങന്നൂർ എന്നീ നാല് ഗ്രാമങ്ങളെ ഭരണച്ചുമതല ഏല്പിച്ചു. വീണ്ടും പ്രശ്നങ്ങൾ തലപൊക്കി. അപ്പോൾ അവരെ സഹായിക്കാൻ രക്ഷാപുരുഷന്മാരെ നിയമിച്ചു. തളിയാതിരിമാർ എന്ന ഉദ്യോഗസ്ഥന്മാർ ആയിരുന്നു ഭരണത്തെ സഹായിച്ചത്. ഭരണം എന്നിട്ടും ശരിയായില്ല. അങ്ങനെ തിരുനാവായയിൽ കൂടിയ ബ്രാഹ്മണസമ്മേളനം പരശുരാമന്റെ നിർദേശപ്രകാരം ഭരണത്തിന് പുറത്തുനിന്നും 'പെരുമാക്കന്മാരെ' കൊണ്ടുവരാൻ തീരുമാനിച്ചു. 12 കൊല്ലമാണ് പെരുമാളിന്റെ കാലാവധി. ഇരുപത്തിയൊന്നാമത്തെ പെരുമാളായിരുന്ന ചേരമാൻ പെരുമാളിന് പല പ്രാവശ്യം ബ്രാഹ്മണർ ഭരണം നീട്ടിക്കൊടുത്തു. പക്ഷേ ഭരണമടുത്ത ചേരമാൻ പെരുമാൾ കേരളം പങ്കിട്ട് തന്റെ സാമന്തന്മാർക്ക് നൽകിയ ശേഷം ഇസ്ലാം മതം സ്വീകരിച്ച് മക്കത്തേയ്ക്ക് പോയി എന്നാണ് കഥ. അദ്ദേഹം യാത്ര തിരിക്കുന്നതിനു മുമ്പാണ് തീർത്ഥാടനത്തിനു പോയിരുന്ന ഏറാടി സഹോദരന്മാർ തിരിച്ചെത്തിയത്. അവർക്ക് കൊടുക്കാൻ കോഴികൂകിയാൽ കേൾക്കാവുന്ന സ്ഥലവും പൊട്ടിയ വാളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വാൾ ഏറാടി സഹോദരന്മാർക്ക് നൽകിയ ശേഷം 'ഇനി ചത്തും കൊന്നും അടക്കികൊൾക' എന്ന് പെരുമാൾ പറഞ്ഞുപോൽ! ഈ ഏറാടികൾ ശക്തന്മാരാകുകയും പിന്നീട് കോഴിക്കോട്ടെ പോർളാതിരിയെ തോല്പിച്ച് അതുവരെയുള്ള പ്രദേശങ്ങൾ കൈയടക്കി എന്നുമാണ് ഐതിഹ്യം. ഈ ഏറാടികളാണ് പിന്നീട് സാമൂതിരിയായി മാറുന്നത്. ശക്തരായിത്തീർന്ന ഇവർ വള്ളുവക്കോനാതിരിയെ തോല്പിച്ച് മാമാങ്കം നട



ത്താനുള്ള അധികാരവും കൈക്കലാക്കി. പിന്നീട് കേരള ചക്രവർത്തിയാകാൻ ഇവർ ശ്രമിക്കുമ്പോഴാണ് യൂറോപ്യന്മാരുടെ വരവ്.

## യൂറോപ്യൻമാർ കണ്ട കേരളം

യൂറോപ്യന്മാർ മലയാളക്കരയിലെത്തുമ്പോൾ കേരളം കോലത്തുനാട്, കോഴിക്കോട് (സാമൂതിരി രാജ്യം), വള്ളുവനാട്, പെരുമ്പടപ്പ് സ്വരൂപം (കൊച്ചി), പാലക്കാട്, വേണാട് എന്നീ വലിയ നാട്ടുരാജ്യങ്ങളും അനേകം ചെറിയ നാടുകളുമായി ചിതറിക്കിടക്കുകയിരുന്നു. യൂറോപ്യന്മാരെ കൂട്ടുപിടിച്ച് കേരളചക്രവർത്തിയാകാനുള്ള സാമൂതിരിയുടെയും തെക്കുള്ള വേണാടിനെ വിശാലമായ തിരുവിതാംകൂർ ആക്കി ഉയർത്തി കേരളം പിടിച്ചെടുക്കാനുള്ള മാർത്താണ്ഡ വർമ്മയുടെയും മോഹം പൊളിയുന്നത് ചരിത്രത്തിൽ കാണാൻ കഴിയും. മൈസൂർ ആക്രമണമാണ് ഇതിനു പ്രധാന കാരണം. മൈസൂർ ശക്തിയെ തടഞ്ഞുനിർത്താൻ മുന്നോട്ടുവന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി, ടിപ്പു സുൽത്താന്റെ പതനത്തോടെ കേരളം കൈക്കലാക്കി. മലബാർ ഒരു പ്രദേശമാക്കി മാറ്റി അവർ നേരിട്ട് ഭരിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും റസിഡന്റന്മാർ വഴി ഭരണം നടത്തി. ഈ രണ്ടു സ്ഥലത്തെയും രാജാക്കന്മാർക്ക് റസിഡന്റന്മാരുടെ അംഗീകാരം ഇല്ലാതെ അനങ്ങാൻ പറ്റാത്ത സ്ഥിതി വന്നു.

സ്വാതന്ത്ര്യ സമരകാലത്തോടെയാണ് ഐക്യകേരളം എന്ന ആശയത്തിന് ശക്തി കൂടിയത്. 1928 ഏപ്രിലിൽ എറണാകുളത്തു കൂടിയ നാട്ടു രാജ്യ പ്രജാ സമ്മേളനം ഐക്യ കേരളപ്രമേയം അംഗീകരിച്ചു. അതോടെ ഐക്യകേരളത്തിനു വേണ്ടിയുള്ള മുറവിളി ശക്തമായി. 1946 ജൂലൈ 29ന് കൊച്ചി മഹാരാജാവ് കേരളവർമ തന്നെ തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർത്ത് ഐക്യകേരളം വേണമെന്ന് നിർദേശിച്ചു.



## ഐക്യ കേരള സമ്മേളനം

ഐക്യ കേരളത്തിനു വേണ്ടി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി രൂപീകരിച്ച കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കെ.പി. കേശവമേനോന്റെ അധ്യക്ഷതയിൽ ചെറുതുരുത്തിയിൽ ചേർന്ന യോഗം വിപുലമായ സമ്മേളനം വിളിച്ചു കൂട്ടാൻ തീരുമാനിച്ചു. 1947 ഏപ്രിലിൽ തൃശൂരിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ കൂടിയ ഈ സമ്മേളനത്തിൽ നൂറ് കണക്കിന് പ്രതിനിധികൾ പങ്കെടുത്തു. കൊച്ചി രാജാവ് സമ്മേളനത്തിൽ നേരിട്ട് പങ്കെടുത്ത് തന്റെ പിന്തുണ അറിയിച്ചു. പിന്നീടും ഇതിനു വേണ്ടി പല യോഗങ്ങളും നടന്നു.

ഐക്യ കേരളത്തിന്റെ മുന്നോടിയായി 1949 ജൂലൈ ഒന്നിന് തിരുവിതാംകൂറും കൊച്ചിയും ചേർന്ന് തിരു-കൊച്ചി സംസ്ഥാനമായി. തിരുവിതാംകൂർ മഹാരാജാവ് രാജപ്രമുഖനായി. കൊച്ചി രാജാവ് പരിഷത്ത് തമ്പുരാൻ പ്രജകളുടെ വിശാലമായ ജീവിതത്തിനു വേണ്ടി രാജസ്ഥാനം ഉപേക്ഷിച്ചു.

## സ്വപ്നം യാഥാർത്ഥ്യമാകുന്നു

തിരു-കൊച്ചി സംസ്ഥാനവും മലബാറും കൂടി ചേർത്ത് കേരളം രൂപീകരിക്കണമെന്ന വാദം പിന്നീട് ശക്തമായിക്കൊണ്ടിരുന്നു.

തിരു-കൊച്ചിയിലെ പനമ്പിള്ളി മന്ത്രിസഭ രാജിവച്ചതിനെ തുടർന്ന് സംസ്ഥാനം പ്രസിഡന്റ് ഭരണത്തിലായി. ഈ സമയത്താണ് സയ്യദ് ഫസൽ ആലി ചെയർമാനും പണ്ഡിറ്റ് കുൻഡ്രും സർദാർ കെ.എം. പണിക്കരും അംഗങ്ങളുമായിട്ടുള്ള സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ: തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ ദക്ഷിണ താലൂക്കുകൾ മദ്രാസിനോടും, മലബാറും തെക്കൻ കാനറയിലെ കാസർഗോഡും തിരു-കൊച്ചിയോടും ചേർക്കാൻ തീരുമാനിച്ചത്. ഈ തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിച്ചതോടെ 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപം കൊണ്ടു. സംസ്ഥാന തലവനായി ഗവർണർ വന്നതോടെ രാജപ്രമുഖന്റെ ഭരണവും അവസാനിച്ചു.



**തിരുവനന്തപുരത്തുകാരൻ ചിരിക്കുമ്പോൾ കൊച്ചിക്കാർ 'ചിറി' ക്കുകയാണ്. വടക്കർ 'കരികെട്ടി കന്നുപൂട്ടി'യാലും തെക്കർ 'കലപ്പകെട്ടി ഉഴുതാലും' ഫലം ഒന്നുതന്നെ. മലയാളഭാഷയുടെ വായ്മൊഴി സംസ്കാരത്തെക്കുറിച്ച് പഠിക്കുന്നത് നമ്മുടെ തനത് സംസ്കാരത്തെ തിരിച്ചറിയുന്നതിനുപകരിക്കും.**

ഒരു ദേശത്തിലെ വ്യവഹാരഭാഷ കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ഒരേ രീതിയിൽ ആയിരിക്കുകയില്ല. ഒരു തെക്കനും വടക്കനും സംസാരിക്കുമ്പോൾ പല വ്യത്യാസങ്ങളും സംഭവിക്കുന്നുണ്ട്. നാടുതോറും ഭാഷയ്ക്ക് മാറ്റം വരും എന്ന് സാരം. തിരുവനന്തപുരത്തെ ഭാഷ തമിഴിനോടും വടക്കൻ പ്രദേശത്തുകാരുടെ ഭാഷ കർണാടകത്തിനോടും യോജിച്ചിരിക്കും. ഇവരുടെ സംസാരം ശ്രദ്ധിച്ചാൽ ആ വ്യത്യാസം അറിയാവുന്നതാണ്. കന്യാകുമാരി ദേശക്കാരനായ ഒരാൾ തിരുവനന്തപുരത്തുകാരനോടും കൊച്ചിദേശക്കാരൻ തിരുവനന്തപുരത്തുകാരനോടും സംസാരിക്കുന്നതിൽ തെല്ല് വ്യത്യാസം കാണാറുണ്ട്. ഭാഷ ഒന്നാണെങ്കിലും ഉച്ചാരണരീതിയിലും വ്യത്യാസം വരാറുണ്ട്. 'ആറുനാട്ടിൽ നൂറുഭാഷ' എന്ന് പഴമക്കാർ പറഞ്ഞത് തികച്ചും അന്വർത്ഥം തന്നെ. ഇതേ ആശയവും അർത്ഥവും വരുന്ന മറ്റൊരു ചൊല്ലാണ് 'ആറുമലയാളിക്ക് നൂറുമലയാളം' എന്നത്.

തിരുവനന്തപുരത്തുകാരൻ ചിരിയ്ക്കുമ്പോൾ കൊച്ചിക്കാർ ചിറിയ്ക്കുകയാണ് ചെയ്യുന്നത്. തിരുവനന്തപുരത്തുകാരൻ പാത്രം കഴുകുമ്പോൾ കൊച്ചിക്കാരൻ പാത്രം മോറുകയും കോഴിക്കോട്ടുകാരൻ പാത്രം വടിയ്ക്കുകയുമാണ് ചെയ്യുന്നത്.

# ആറുനാട്ടിൽ


ഡോ. എസ്. മോഹനചന്ദ്രൻ




വടക്കർ കരികെട്ടി 'കന്നുപൂട്ടി'യാലും തെക്കർ 'കലപ്പകെട്ടി ഉഴുതാലും' ഫലം ഒന്നുതന്നെയാണ്. തെക്കൻ പ്രദേശത്തുകാർ നിലംപൂട്ടി വിത്തുവിതയ്ക്കുമ്പോൾ വടക്കൻ പ്രദേശത്തുകാർ കണ്ടമോ വയലോ പാടമോ ഉഴുത് വിത്തിടും. തെക്കൻ ദിക്കിലെ നെഞ്ചും വടക്കോട്ട് കടന്നാൽ നെഞ്ഞും നഞ്ഞുമായി മാറുന്നു. തിരുവനന്തപുരത്ത് 'പഞ്ചി' കോട്ടയത്ത് 'പഞ്ഞി' യായി മാറുന്നു. തിരുവനന്തപുരത്തുകാരൻ 'പറമ്പിൽ പോകാറില്ല'. 'വ്ലാത്തു പോകുക'യാണ് പതിവ്. പല്ലു തേയ്ക്കുന്നതിന് തെക്കൻ 'ഉമിക്കരി' അന്വേഷിക്കുമ്പോൾ വടക്കർ 'മുക്കേരി'യായിരിക്കും തേടുക. തിരുവനന്തപുരത്തുകാർക്ക് കൊച്ചണ്ണൻ ചെറിയ ജ്യേഷ്ഠനും കൊച്ചക്കൻ തന്നേക്കാൾ പ്രായം കൂടിയ സഹോദരിയുമാണ്. മലബാറുകാർക്ക് സഹോദരൻ ഓപ്പയും സഹോദരി ഓപ്പോളുമാണ്. തെക്കർ അണ്ണൻ, അക്കച്ചി എന്നിങ്ങനെ വിളിക്കുന്നതിന് സമാനമായി വടക്കൻ പ്രദേശത്തുകാർ ചേട്ടൻ, ചേച്ചി എന്നാണ് അഭിസംബോധന ചെയ്യുന്നത്.

കേൾക്കുമ്പോൾ തന്നെ അർത്ഥബോധം ഉണ്ടാകുന്ന വാക്കാണ് 'അമ്മി-ക്കുഴവി'. വടക്കേ കെട്ടിൽ അരയ്ക്കുന്ന സ്ത്രീയുടെ കരങ്ങളിൽ ആടിക്കളിക്കുന്ന ആ കുട്ടിക്കല്ലിനെയാണ് ആ പദം ഓർമിപ്പിക്കുക. എന്നാൽ അമ്മയും കുട്ടിയും എന്നാണ് 'അമ്മിക്കുഴവി'യുടെ അർത്ഥം. അമ്മിക്കല്ല്, അരകല്ല്, കുഴവിക്കല്ല് എന്നീ വാക്കുകൾ അരയ്ക്കാനുള്ള വലിയകല്ലും പിടിച്ചരയ്ക്കുന്ന ചെറിയ കല്ലും എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. 'കുഴവി' എന്നതിന് കുട്ടി എന്ന അർത്ഥത്തിൽ മലയാളത്തിലെ പ്രാചീനകൃതിയായ 'ഉണ്ണിയച്ചീചരിത'ത്തിൽ പ്രയോഗിച്ചിട്ടുണ്ട്. മലയാളത്തിലെ 'കിഴക്കും മേക്കും' എന്നത് തമിഴിലും മലയാളത്തിലും ഒരേ അർത്ഥത്തിലാണ്. കിഴക്ക് എന്നാൽ കീഴിലേക്ക് (താഴോട്ട്) പോകുന്ന ദിക്ക് എന്ന അർത്ഥമാണ്. 'കിഴങ്ങ്' ആ രൂപമനുസരിച്ച് ഉണ്ടായതാണ്. മേക്ക്, മേല്ക്ക്, മേല്പ്പോട്ട്, ഉയർച്ചയിലേക്ക്, പൊക്കത്തിലേക്ക് എന്നെല്ലാമാണ് ധാത്വർത്ഥം.

മലയാളത്തിൽ 'ഓളം' എന്ന ശബ്ദം കൂടുതലായി ഉപയോ




# നൂറുഭാഷ

ഗിക്കാറുണ്ട്. 'അടിതൊട്ടു മുടിയോളം' എന്നതിലെ ഓളത്തിന് 'മുടിയിൽ ഓളം വെട്ടുകയാണ്' എന്ന അർത്ഥം ധരിക്കരുത്. ആ ശബ്ദത്തിന് 'ഇളവ്' എന്നാണ് അർത്ഥം. 'ആവോളം' എന്നതിന്റെ രൂപം എങ്ങനെ കിട്ടുന്നുവെന്ന് നോക്കാം. ആം-അളവ്, ആമളവ്, ആവളവ്, ആവളം, ആവോളം ഇങ്ങനെയാണ് ആ ചെറിയ *ഓള* ശബ്ദം രൂപം കൊണ്ടിരിയ്ക്കുന്നത്.

കേരളത്തിന്റെ വടക്കേ അറ്റത്തെ കാസർഗോട്ടെ മലയാളത്തിൽ 'ഴ' എന്ന അക്ഷരം ശുദ്ധരൂപത്തിൽ കണ്ടുകിട്ടാൻ പ്രയാസമാണ്. മഴക്ക് 'മയ' കോഴിക്ക് 'കോയി' വാഴയ്ക്ക് 'ബായ' കുഴിയ്ക്ക് 'കുയി' എന്നിങ്ങനെ ഉപയോഗിക്കുന്നു. ചിലേടത്ത് അസ്പഷ്ടമായ 'വം' സംവൃതോകാരമായി മാറുന്നു. കഴുകുന്നു എന്നതിന് 'കവ്വന്ന്' കഴുതയ്ക്ക് 'കൗത' മഴുവിന് 'മൌ' എന്നും മാറ്റിപറയുന്നു. മഞ്ചേശ്വരം ഭാഗത്ത് ഇത് 'ദ' യായി മാറുന്നു. 'മഴ വന്നിട്ട് വഴിയെല്ലാം കുഴിയായി' എന്നതിന് 'മദ ബന്നിറ്റ് ബദിയെല്ലാം കുദിയായി' എന്ന് പ്രയോഗിക്കാറുണ്ട്.

വടക്കൻ പ്രദേശത്തുകാർ അവൻ എന്നതിന് 'ഓൻ' എന്നും അവിടെ എന്നതിന് 'ആടെ' എന്നും പറയും. അവർ എന്നതിന് ഹിന്ദുക്കൾ 'ഓർ' എന്നും മുസ്ലീങ്ങൾ 'ഓല്' എന്നുമാണ് പറയുന്നത്. 'എന്താണടോ' എന്നുള്ളതിന് തിരുവനന്തപുരം ജില്ലയുടെ ഉൾപ്രദേശങ്ങളിൽ 'എന്തരപ്പീ' എന്നും കൊല്ലത്തുകാർ എന്തുവാ എന്നും ആലപ്പുഴക്കാർ എന്തിയേ എന്നും തൃശൂർകാർ എന്തൂട്ടാ എന്നും പറയുന്നത് കേൾക്കുവാനിടയായിട്ടുണ്ട്. നിങ്ങൾ, താൻ, എടോ, ഏയ്, പിലേ! മുതലായ പദങ്ങൾക്ക് സ്ഥലഭേദമനുസരിച്ച് ബഹുമാനസൂചകാർത്ഥവും അധികാരച്ചുവയും ഉണ്ടാകും. (മേല്പറഞ്ഞ പിലേ! എന്ന വാക്ക് തെക്കൻ തിരുവിതാംകൂറിലെ ചാന്നാന്മാർ പ്രയോഗിക്കുന്നതാണ്. 'എടേ' എന്നാണതിന്റെ അർത്ഥം). തിരുവനന്തപുരത്ത് 'ചായകള് കുടിക്കണം' എന്ന് പറയുന്നത് ബഹുമാനസൂചകമായിട്ടായിരിക്കും. എന്നാൽ മറ്റു ജില്ലകളിൽ 'ചായ കുടിയ്ക്കണം' എന്നു പറഞ്ഞാൽ ബഹുമാനസൂചകമായിട്ടല്ല മറിച്ച് ഒരധികാരച്ചുവയുള്ളതായിട്ടേ കണക്കാക്കൂ.


വടക്കൻ പ്രദേശങ്ങളിൽ 'ചന്തം ചാർത്തുക' എന്നതിന് തെക്കൻ ദേശത്ത് 'അങ്കം ചാർത്തുക' എന്നാണ് പറയുന്നത്. 'ക്ഷൗരം ചെയ്യിക്കുക' എന്നാണ് അതിന്റെ അർത്ഥം. തെക്കർ മുടി വെട്ടുകയും വടക്കർ മുടി മുറിയ്ക്കുകയുമാണ് ചെയ്യുന്നത്.

ബാർബർ എന്ന ഇംഗ്ലീഷ് പദത്തിന് അമ്പട്ടൻ എന്നോ ക്ഷുരകൻ എന്നോ ആണ് പറയാറുള്ളത്. പക്ഷേ ഇന്ന് അവർ ഹെയർഡ്രെസറും ബ്യൂട്ടീഷനുമാണ്.

തെക്കരുടെ 'മാവ്' എന്നതിന് വടക്കൻ പ്രദേശത്തുകാർ 'മൂച്ചി' എന്നും, 'മരച്ചീനി' എന്ന് തെക്കർ പറയുമ്പോൾ വടക്കർ 'കൊള്ളിക്കിഴങ്ങ്' എന്നുമാണ് പറയാറ്. തെക്കൻ പ്രദേശത്തുള്ള ഏത്തവാഴ വടക്കർക്ക് നേന്ത്രവാഴയും ഏത്തപ്പഴം നേന്ത്രപ്പഴവും വാഴയ്ക്കായപ്പം പഴംപൊരിയും തിരുവനന്തപുരത്തുകാരുടെ 'കുട്ട' വടക്കോട്ട് 'കൊട്ട'യും ആയി മാറുന്നത് പ്രാദേശികഭേദം കൊണ്ടുതന്നെയാണ്. തെക്കൻ പ്രദേശത്തുകാരുടെ ചെളിയും വടക്കരുടെ ചളിയും ഒന്നുതന്നെയാണെങ്കിലും തെക്കരുടെ ചളി വയറ്റിൽ നിന്ന് പുറപ്പെടുന്ന ചോരയും പഴുപ്പുമാണ്.

'ധാരാളം' എന്നതിന് വളരെ, തോനെ, ഒത്തിരി, ഒരുപാട്, ഒട്ടേറെ, ഇശ്ശി എന്നിങ്ങനെ പ്രയോഗിക്കുന്നുണ്ട്. തിരുവനന്തപുരത്തുകാർ തോനെ എന്നുപറയുമ്പോൾ കോട്ടയത്തുകാരൻ ഒത്തിരിയെന്നും വടക്കോട്ടു ചെല്ലുമ്പോൾ 'ഇശ്ശി' എന്നുമാകും. തെക്കൻ പ്രദേശത്തെ പാണന്മാർ കുടിക്കുക, തിന്നുക എന്ന അർത്ഥത്തിൽ അകുക്കുക എന്നാണ് പറയുക. എന്നാൽ വടക്കൻ പ്രദേശത്തെ പാണർ 'എടിയുക' എന്നുപറയും.

'കാക്കാലൻ' എന്ന പട്ടികജാതി വിഭാഗത്തെ കാക്കാലച്ചൻ, കാക്കാൻ എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. ഇവരെ ചില പ്രദേശങ്ങളിൽ കാക്കാലപ്പണിക്കരെന്നും പറയുന്നുണ്ട്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കാക്കക്കുറവൻ, കാക്കാലക്കുറവൻ എന്നൊക്കെയാണ് വിളിക്കാറ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കാക്കാലൻ എന്നു വിളിയ്ക്കുമ്പോൾ തമിഴ്നാട്ടിൽ അവർ കാക്കാലക്കുറവനാണ്. നമ്മുടെ സംസ്ഥാനമായ കേരളത്തിന് തമിഴർ, മലൈനാട്, മനനാട്, മലയാനാട് എന്നീ പേരുകളിലും തെലുങ്കരും തുളുനാട്ടുകാരും ജല്ലേവാരം എന്നും അളതേയം എന്നും അറബികൾ മലൈബാർ എന്നും സംസ്കൃതപണ്ഡിതന്മാർ ഭാർഗവക്ഷേത്രം എന്നുമാണ് വിളിക്കാറുള്ളത്. അഹിദേശം,



ഭൂമിമലയാളം, കർമഭൂമി, മലയാഴം, അടുക്കുനാട്, നാഗലോകം തുടങ്ങിയ നിരവധി പേരിൽ കേരളം അറിയപ്പെട്ടിരുന്നു.

'ശ്രാവ്' എന്ന പേരിൽ ഒരു കടൽമത്സ്യമുണ്ട്. 'സ്രാവ്' എന്നും പറയാറുണ്ട്. മധ്യമലയാളകൃതികളിൽ 'ചുറക്' എന്ന പേരിൽ ഒരു മത്സ്യത്തിന്റെ പരാമർശമുണ്ട്. കോലാ, മൂങ്ങൻ, ചുറക്, കൊഴുമീൻ എന്നീ പേരുകളിൽ ഉണ്ണുനീലിസന്ദേശം എന്ന കാവ്യത്തിൽ ഒരു ശ്ലോകമുണ്ട്. പ്രസ്തുത പേരുകൾ സ്രാവിനെ ഉദ്ദേശിച്ചാണ് വിളിക്കാറുള്ളത്. അനന്തപുരവർണനം എന്ന കൃതിയിൽ തിരണ്ടി, പരൽ, പാകോരി, ചുറാകൈല, കറ്റില എന്നീ പേരുകളിൽ അറിയപ്പെടുന്നതായി പരാമർശമുണ്ട്. ചിലയിടങ്ങളിൽ ചുറക് എന്നത് ചുറാക് എന്ന് മാറ്റുന്നുണ്ട്. ചിലയിടത്ത് വെറും 'ചുറാ' ആണ്. ചുറകുമീൻ എന്നതിന്റെ വ്യുത്പത്തി 'ചിറകുള്ള മീൻ' എന്നായിരിക്കണം.

വടക്കൻ പ്രദേശത്തെ കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഗ്രാമങ്ങളിൽ അത്യാവശ്യകാര്യങ്ങൾക്ക് പണം ശേഖരിയ്ക്കാനുള്ള ഉപാധിയായി 'ടീപാർട്ടി' നടത്താറുണ്ട്. അതിന് കുറിക്കല്യാണം, ചായസല്കാരം, ചങ്ങാതിക്കുറി, സഹായപയറ്റ്, സതിര്, തേയിലസൽക്കാരം, പണപയറ്റ് എന്നീ പേരുകളിൽ വിവിധ പ്രദേശങ്ങളിൽ പറയപ്പെടുന്നതായി അതിനെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിച്ച് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. നമ്പൂതിരി സമുദായത്തിന്റെ നാടൻകലയായി 'സംഘക്കളി' വിവിധപേരുകളിൽ അറിയപ്പെടുന്നു. അവ യാത്രക്കളി, ശാസ്ത്രക്കളി, സത്രക്കളി, ചാത്തിരക്കളി, ശാസ്ത്രാഗം, ക്ഷാത്രാഗം, പറോങ്കളി എന്നിങ്ങനെയാണ്. തെക്കൻ പ്രദേശത്തുകാർ 'യാത്രക്കളി'യെന്നു പറയുമ്പോൾ വടക്കർ 'പാനേങ്കളി'യെന്നും തൃശൂരിൽ സംഘക്കളിയെന്നുമാണ് പറയുന്നത്. തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന സങ്കേതങ്ങൾക്ക് താനം, തറ, പള്ളിയറ, കോട്ട, മുണ്ട്യക്കാവുകൾഎന്നിങ്ങനെയുള്ള പ്രാദേശിക ഭേദങ്ങളുണ്ട്.







തിരുവനന്തപുരം, കൊല്ലം പ്രദേശക്കാരുടെ സംസാരത്തിന് അല്പം നീളം കൂടിയിരിക്കും. കോട്ടയത്ത് വരുമ്പോഴേയ്ക്കും ഉച്ചാരണത്തിന് നീളം കുറഞ്ഞുവരുന്നു. വടക്കൻ ദിക്കുകളിലേക്ക് വരുമ്പോഴേക്കും വാക്കുകൾക്ക് വളരെ നീളം കുറയും. വളരെ വടക്കോട്ടു നീങ്ങിയാൽ നീളം വളരെ കുറഞ്ഞ് സംസാരം മനസ്സിലാക്കുവാൻ തന്നെ വിഷമിക്കും. തെക്കൻപ്രദേശത്തുകാരൻ വടക്കുള്ള ഒരു വീട്ടിൽ ചെന്നപ്പോൾ അവിടത്തെ വൃദ്ധൻ 'കാർത്തണ്ടടിതെ' എന്നു പറഞ്ഞുവത്രേ. 'തീർത്ഥക്കിണ്ടി ഇങ്ങെടുത്തെ' എന്നാണ് ആ വൃദ്ധൻ പറഞ്ഞതെന്ന് മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടി. 'പത്തുപ്പേരിയാ' എന്ന വടക്കന്റെ ചോദ്യം കേട്ടാൽ അതിന്റെ സാരം 'പാറുചേട്ടത്തി ഇപ്പഴ് വരികയാ' എന്ന് തെക്കൻ പ്രദേശത്തുകാരൻ ധരിച്ചു കൊള്ളണം.

കച്ചവടക്കാർക്കൊക്കെ 'നല്ലഅടി' എന്ന് ഒരു വടക്കൻ പറഞ്ഞാൽ അവർക്ക് നല്ല ലാഭമുണ്ടായി എന്നാണർത്ഥം. ഇതിന് 'നല്ല കുശാൽ' എന്നും 'നല്ല കോള്' എന്നും പറയും. കടലിൽ 'കാറ്റും കോളും' ഉണ്ടായി എന്ന് സാധാരണ പറയാറുണ്ട്. കഥകളിക്കാർക്കും ഓട്ടൻതുള്ളൽക്കാർക്കും കിട്ടുന്ന പ്രതിഫലത്തിന് 'കോള്' എന്നും പറയാറുണ്ട്.

"കേളൻനായും കാട്ടിൽ വരുമ്പോൾ
കോളല്ലാതെ പേടി തുടങ്ങും"

എന്ന കുഞ്ചൻനമ്പ്യാരുടെ തുള്ളൽ പാട്ടിലെ വരികളിൽ 'കോള്' എന്ന പദത്തെ 'ഉചിതമല്ലാത്ത' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു.

തെക്കൻപ്രദേശത്തും വടക്കൻ പ്രദേശത്തും മദ്ധ്യകേരളത്തിലും പ്രയോഗത്തിലിരിയ്ക്കുന്ന ഒരു സമാനശൈലി പ്രയോഗിക്കുന്നതിലെ വ്യത്യാസം ഒന്ന് പരിശോധിക്കാം. തെക്കർ 'അരിയും തിന്ന് ആശാരിച്ചിയേയും കടിച്ച് പിന്നെയും നായ്ക്കാണ് മുറുമുറുപ്പ്' എന്ന് പ്രയോഗിയ്ക്കുമ്പോൾ വടക്കർ 'അരിയും തിന്ന് ആശാരിച്ചിയേയും കടിച്ച് പിന്നെയും നായ കുരച്ചോണ്ട്' എന്നും മധ്യകേരളത്തിൽ 'അരിയും തിന്ന് ആശാരിച്ചിയേയും കടിച്ച് പിന്നെയും നായ മുന്നോട്ട്' എന്നുമാണ് പ്രയോഗിക്കുന്നത്. മറ്റൊരു ഉദാഹരണം നോക്കാം. തെക്കർ 'കാട്ടു ജാതിക്കുണ്ടോ ചംക്രാന്തീം മാതപ്പെറപ്പും' എന്നു പ്രയോഗിക്കുമ്പോൾ വടക്കർ 'കാട്ടു കോഴിക്കുണ്ടോ ശംക്രാന്തീം വിഷുവും' എന്നും മധ്യകേരളത്തിൽ 'കാട്ടുകോഴിയ്ക്കെന്ത് കർക്കടകസ്സംക്രാന്തി' എന്നുമാണ് പ്രയോഗിയ്ക്കുന്നത്.

കേരളത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ അതിവിപുലമായ പഠനം നടത്തേണ്ട വിഷയമാണ് ഗ്രാമ്യദേശ്യഭാഷ. ഇംഗ്ലീഷിൽ Colloqual Language Dialect Slang Cant എന്നീ പദങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെടുന്നവയെല്ലാം കൂടിയാണ് ഗ്രാമ്യഭാഷ. ജാതിവ്യവ

സ്ഥകാരണം പരസ്പരം സമ്പർക്കമില്ലാതെ ജനങ്ങൾ ഭിന്നിച്ചു നിൽക്കുകയാൽ ഓരോ ജാതിക്കാരും വ്യവഹരിച്ചുപോന്ന ഗ്രാമ്യഭാഷയിൽ വൈവിധ്യം വന്നു ചേർന്നു. അങ്ങനെ മലയാളം സംസാരിക്കുന്ന ജനതയിൽ തന്നെ പലതരത്തിലുള്ള ഗ്രാമ്യഭാഷാഭേദങ്ങൾ വികസിച്ചു വന്നു. വടക്കൻപാട്ട്, കൃഷ്ണപ്പാട്ട് എന്നിവകളിലെ ഭാഷ ആഴത്തിൽ പഠിയ്ക്കുന്നവർക്ക് അത് ബോധ്യപ്പെടും. ഇന്നത്തെ പോലെയുള്ള യാത്രാസൗകര്യങ്ങളോ വാർത്താവിനിമയമാർഗങ്ങളോ ഇല്ലാതിരുന്ന കാലത്ത് വിഘടിച്ചുനിന്ന ജനങ്ങൾ അതത് സ്ഥലങ്ങളിൽ കൂട്ടംകൂടി അന്യോന്യം ബന്ധമില്ലാതെ ജീവിച്ചതിന്റെ ഫലമായി ഓരോ പ്രദേശത്തും വ്യത്യസ്ത ദേശ്യഗ്രാമ്യഭാഷകൾ ഉദയം കൊണ്ടു. വിവിധ സംസ്കാരങ്ങളുമായി പല പ്രദേശങ്ങളിൽ നിന്നും വന്ന ജനത ഒരുമിച്ചു ജീവിച്ചതിന്റെ ഫലമായി ദേശഭാഷയ്ക്ക് പല മാറ്റങ്ങളും ഉണ്ടായി. ഉദാഹരണമായി കാണിച്ചവ പലതും ഇന്ന് അപ്രസക്തമായിരിക്കും.

കേരളവും മലയാളഭാഷയും ഒന്നടങ്കം നഗരസംസ്കാരത്തിന് അടിമപ്പെട്ടു തുടങ്ങി. നാട്ടിൻപുറത്തെ ഭാഷയിൽപ്പോലും പ്രാദേശികഭേദങ്ങൾ കുറഞ്ഞുവരികയാണ്. എല്ലായിടത്തും ഒരേ പുസ്തകങ്ങളിലൂടെയുള്ള വിദ്യാഭ്യാസവും എല്ലാപേരും ഒരേപത്രം വായിക്കുകയും ഒരേ റേഡിയോ കേൾക്കുകയും ചെയ്യുന്നതോടെ ഭാഷയിലെ പ്രാദേശികഭേദങ്ങൾ അപ്രത്യക്ഷമായി തുടങ്ങി. സമൂഹത്തിൽ കാലാകാലങ്ങളിലായി മുളയെടുക്കുകയും വളരുകയും ചെയ്യുന്ന സംസ്കാരങ്ങളോടൊപ്പം സമൂഹസൃഷ്ടിയായ ഭാഷയുടെ രൂപവും മാറിക്കൊണ്ടിരിക്കും. ആധുനിക വിദ്യാഭ്യാസം, ഐക്യകേരളപ്പിറവി എന്നിവകളിലൂടെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇടപഴകാൻ എളുപ്പം കഴിഞ്ഞതു കാരണം നിരവധി പ്രാദേശിക ഭാഷാപദങ്ങൾ മൺമറഞ്ഞു. വടക്കുള്ളവർ തെക്കൻപ്രദേശത്ത് സ്ഥിരതാമസമാകുകയും തെക്കർ വടക്കൻപ്രദേശത്ത് സ്ഥിരതാമസമാക്കിയതോടെയും ഭാഷാപ്രയോഗങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട്.

ഭാഷാപ്രയോഗങ്ങളുടെ പ്രാദേശികഭേദങ്ങളെപ്പറ്റി ഗഹനമായ ഒരു ഗവേഷണം ഇവിടെ ഉണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമാണ്. കേരളത്തിന്റെ തനത് സംസ്കാരത്തെക്കുറിച്ചുള്ള അറിവ് പുത്തൻ തലമുറയിൽനിന്നും അകന്നു പോകാതിരിയ്ക്കാൻ മലയാളഭാഷയുടെ വായ്മൊഴി സംസ്കാരത്തെക്കുറിച്ച് പഠിച്ചേ മതിയാകൂ. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സംസാരഭാഷയിലെ പ്രാദേശികഭേദങ്ങളുടെ സംഭരണം, വർഗീകരണം, പഠനം എന്നിവയെ സംബന്ധിച്ച് ഗവേഷണം ചെയ്ത് പ്രബന്ധങ്ങൾ തയ്യാറാക്കുന്നത് ഭാഷാസാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിരിക്കും എന്നകാര്യത്തിൽ സംശയമില്ല. ▪



# മറുനാടൻ മലയാളം ചില ചിന്തകൾ

പ്രൊഫ. ഓംചേരി എൻ.എൻ. പിള്ള

**ഒന്നാം തലമുറയിൽ നിന്നും രണ്ടാം തലമുറയിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ മറുനാടൻ മലയാളിക്ക് മലയാളം അന്യമാവുകയാണ്. മലയാളിയുടെ മനസ്സിൽ ഇന്നും ഒളിഞ്ഞിരിക്കുന്ന ഗൃഹാതുരത്വത്തിനു മറയിടുന്ന പ്രധാന സംഗതി മാതൃഭാഷ ഉപജീവനത്തിനുതകുന്നില്ല എന്ന തിരിച്ചറിവാണോ?**

**മറുനാടൻ മലയാളിയുടെ മനസ് വായിച്ചുകൊണ്ടൊരു പഠനം.**



ന്യൂഡൽഹിയിലെ മലയാളഭാഷാപഠനകേന്ദ്രം ഉദ്ഘാടനചടങ്ങിലെ സദസ്സ്.

മറുനാടൻ മലയാളികളുടെയിടയിൽ മലയാള ഭാഷ എങ്ങനെ നിലനിർത്തിക്കൊണ്ടു പോകാം?

നോർക്ക അധികൃതർ രണ്ടാഴ്ചക്കു മുമ്പാണ് ഈ ചോദ്യം എന്നോടു ചോദിച്ചത്.

ഈ ചോദ്യം ഞാൻ എന്നോട് ചോദിച്ചത് ഏതാണ്ട് 50 വർഷം മുമ്പാണ്, മറുനാടൻ മലയാളിയായി ഡൽഹിയിൽ വന്നപ്പോൾ.

എന്നെക്കാൾ മുമ്പ് ഡൽഹിയിൽ വന്ന സാധാരണക്കാരായ ചില മലയാളികളാണ് ആ ചോദ്യം ആദ്യമായി ഉന്നയിച്ചതും അത് സ്വയം ചോദിക്കാൻ എന്നെ പ്രേരിപ്പിച്ചതും.

വീടുകളിലും ഓഫീസുകളിലും താഴ്ന്ന വരുമാനമുള്ള ജോലികൾ ചെയ്യുന്നവരും എഴുത്തിലും വായനയിലും കേരളീയ കലകളിലും താത്പര്യമുള്ളവരുമായ കുറെ ചെറുപ്പക്കാരായിരുന്നു അവർ. അവരാണ് ആ ചോദ്യം ഉന്നയിച്ചതും ചിന്താവിഷയമാക്കിയതും.

വായനശാല, ചർച്ചകൾ, നാടകം, പാട്ട് തുടങ്ങിയ കലാപരിപാടികൾ, ഇതെല്ലാമായിരുന്നു ആ ചോദ്യത്തിനു കണ്ടുപിടിച്ച ക്രിയാത്മകമായ ഉത്തരങ്ങൾ. ആ ഉത്തരങ്ങൾ പ്രായോഗികമാക്കുന്ന സംരംഭങ്ങൾ ഡൽഹി ജീവിതാനുഭവത്തിൽ എനിക്കു കൈവന്ന

സ്ഥകാരണം പരസ്പരം സമ്പർക്കമില്ലാതെ ജനങ്ങൾ ഭിന്നിച്ചു നിൽക്കുകയാൽ ഓരോ ജാതിക്കാരും വ്യവഹരിച്ചുപോന്ന ഗ്രാമ്യഭാഷയിൽ വൈവിധ്യം വന്നു ചേർന്നു. അങ്ങനെ മലയാളം സംസാരിക്കുന്ന ജനതയിൽ തന്നെ പലതരത്തിലുള്ള ഗ്രാമ്യഭാഷാഭേദങ്ങൾ വികസിച്ചു വന്നു. വടക്കൻപാട്ട്, കൃഷ്ണപ്പാട്ട് എന്നിവകളിലെ ഭാഷ ആഴത്തിൽ പഠിയ്ക്കുന്നവർക്ക് അത് ബോധ്യപ്പെടും. ഇന്നത്തെപോലെയുള്ള യാത്രാസൗകര്യങ്ങളോ വാർത്താവിനിമയമാർഗങ്ങളോ ഇല്ലാതിരുന്ന കാലത്ത് വിഘടിച്ചുനിന്ന ജനങ്ങൾ അതത് സ്ഥലങ്ങളിൽ കൂട്ടംകൂടി അന്യോന്യം ബന്ധമില്ലാതെ ജീവിച്ചതിന്റെ ഫലമായി ഓരോ പ്രദേശത്തും വ്യത്യസ്ത ദേശ്യഗ്രാമ്യഭാഷകൾ ഉദയം കൊണ്ടു. വിവിധ സംസ്കാരങ്ങളുമായി പല പ്രദേശങ്ങളിൽ നിന്നും വന്ന ജനത ഒരുമിച്ചു ജീവിച്ചതിന്റെ ഫലമായി ദേശഭാഷയ്ക്ക് പല മാറ്റങ്ങളും ഉണ്ടായി. ഉദാഹരണമായി കാണിച്ചവ പലതും ഇന്ന് അപ്രസക്തമായിരിക്കും.

കേരളവും മലയാളഭാഷയും ഒന്നടങ്കം നഗരസംസ്കാരത്തിന് അടിമപ്പെട്ടു തുടങ്ങി. നാട്ടിൻപുറത്തെ ഭാഷയിൽപ്പോലും പ്രാദേശികഭേദങ്ങൾ കുറഞ്ഞുവരികയാണ്. എല്ലായിടത്തും ഒരേ പുസ്തകങ്ങളിലൂടെയുള്ള വിദ്യാഭ്യാസവും എല്ലാപേരും ഒരേപത്രം വായിക്കുകയും ഒരേ റേഡിയോ കേൾക്കുകയും ചെയ്യുന്നതോടെ ഭാഷയിലെ പ്രാദേശികഭേദങ്ങൾ അപ്രത്യക്ഷമായി തുടങ്ങി. സമൂഹത്തിൽ കാലാകാലങ്ങളിലായി മുളയെടുക്കുകയും വളരുകയും ചെയ്യുന്ന സംസ്കാരങ്ങളോടൊപ്പം സമൂഹസൃഷ്ടിയായ ഭാഷയുടെ രൂപവും മാറിക്കൊണ്ടിരിക്കും. ആധുനിക വിദ്യാഭ്യാസം, ഐക്യകേരളപ്പിറവി എന്നിവകളിലൂടെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇടപഴകാൻ എളുപ്പം കഴിഞ്ഞതു കാരണം നിരവധി പ്രാദേശിക ഭാഷാപദങ്ങൾ മൺമറഞ്ഞു. വടക്കുള്ളവർ തെക്കൻപ്രദേശത്ത് സ്ഥിരതാമസമാകുകയും തെക്കർ വടക്കൻപ്രദേശത്ത് സ്ഥിരതാമസമാക്കിയതോടെയും ഭാഷാപ്രയോഗങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട്.

ഭാഷാപ്രയോഗങ്ങളുടെ പ്രാദേശികഭേദങ്ങളെപ്പറ്റി ഗഹനമായ ഒരു ഗവേഷണം ഇവിടെ ഉണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമാണ്. കേരളത്തിന്റെ തനത് സംസ്കാരത്തെക്കുറിച്ചുള്ള അറിവ് പുത്തൻ തലമുറയിൽനിന്നും അകന്നു പോകാതിരിയ്ക്കാൻ മലയാളഭാഷയുടെ വായ്മൊഴി സംസ്കാരത്തെക്കുറിച്ച് പഠിച്ചേ മതിയാകൂ. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സംസാരഭാഷയിലെ പ്രാദേശികഭേദങ്ങളുടെ സംഭരണം, വർഗീകരണം, പഠനം എന്നിവയെ സംബന്ധിച്ച് ഗവേഷണം ചെയ്ത് പ്രബന്ധങ്ങൾ തയ്യാറാക്കുന്നത് ഭാഷാസാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിരിക്കും എന്നകാര്യത്തിൽ സംശയമില്ല. ▪



# മറുനാടൻ മലയാളം ചില ചിന്തകൾ

പ്രൊഫ. ഓംചേരി എൻ.എൻ. പിള്ള

**ഒന്നാം തലമുറയിൽ നിന്നും രണ്ടാം തലമുറയിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ മറുനാടൻ മലയാളിക്ക് മലയാളം അന്യമാവുകയാണ്. മലയാളിയുടെ മനസ്സിൽ ഇന്നും ഒളിഞ്ഞിരിക്കുന്ന ഗൃഹാതുരത്വത്തിനു മറയിടുന്ന പ്രധാന സംഗതി മാതൃഭാഷ ഉപജീവനത്തിനുതകുന്നില്ല എന്ന തിരിച്ചറിവാണോ?**

*മറുനാടൻ മലയാളിയുടെ മനസ് വായിച്ചുകൊണ്ടൊരു പഠനം.*



ന്യൂഡൽഹിയിലെ മലയാളഭാഷാപഠനകേന്ദ്രം ഉദ്ഘാടനചടങ്ങിലെ സദസ്സ്.

മറുനാടൻ മലയാളികളുടെയിടയിൽ മലയാള ഭാഷ എങ്ങനെ നിലനിർത്തിക്കൊണ്ടു പോകാം?

നോർക്ക അധികൃതർ രണ്ടാഴ്ചക്കു മുമ്പാണ് ഈ ചോദ്യം എന്നോടു ചോദിച്ചത്.

ഈ ചോദ്യം ഞാൻ എന്നോട് ചോദിച്ചത് ഏതാണ്ട് 50 വർഷം മുമ്പാണ്, മറുനാടൻ മലയാളിയായി ഡൽഹിയിൽ വന്നപ്പോൾ.

എന്നെക്കാൾ മുമ്പ് ഡൽഹിയിൽ വന്ന സാധാരണക്കാരായ ചില മലയാളികളാണ് ആ ചോദ്യം ആദ്യമായി ഉന്നയിച്ചതും അത് സ്വയം ചോദിക്കാൻ എന്നെ പ്രേരിപ്പിച്ചതും.

വീടുകളിലും ഓഫീസുകളിലും താഴ്ന്ന വരുമാനമുള്ള ജോലികൾ ചെയ്യുന്നവരും എഴുത്തിലും വായനയിലും കേരളീയ കലകളിലും താത്പര്യമുള്ളവരുമായ കുറെ ചെറുപ്പക്കാരായിരുന്നു അവർ. അവരാണ് ആ ചോദ്യം ഉന്നയിച്ചതും ചിന്താവിഷയമാക്കിയതും.

വായനശാല, ചർച്ചകൾ, നാടകം, പാട്ട് തുടങ്ങിയ കലാപരിപാടികൾ, ഇതെല്ലാമായിരുന്നു ആ ചോദ്യത്തിനു കണ്ടുപിടിച്ച ക്രിയാത്മകമായ ഉത്തരങ്ങൾ. ആ ഉത്തരങ്ങൾ പ്രായോഗികമാക്കുന്ന സംരംഭങ്ങൾ ഡൽഹി ജീവിതാനുഭവത്തിൽ എനിക്കു കൈവന്ന

വിലപ്പെട്ട ഒരു സാമൂഹിക വിദ്യാഭ്യാസ പരിശീലനമായിരുന്നു.

അന്ന് ഡൽഹിയിൽ ആകെ എത്ര മലയാളികൾ ഉണ്ടായിരുന്നു എന്ന് നിശ്ചയമില്ല. മൂവായിരം പേരിലധികം ഇല്ലെന്നായിരുന്നു പറഞ്ഞു കേട്ടിട്ടുള്ളത്. ഓണാഘോഷ പരിപാടികൾക്കും മറ്റും ഡൽഹിയിലെ ഭൂരിപക്ഷ മലയാളികളും പങ്കെടുക്കുമായിരുന്നു.

ഡൽഹിയിൽ കുടിപാർത്ത മലയാളികളുടെ കുട്ടികൾക്ക് സ്കൂളിൽ പോകേണ്ട പ്രായമായി. ഉയർന്ന ജോലിക്കാർക്ക് അവരുടെ കുട്ടികളെ അയയ്ക്കാൻ വൻകിട ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉണ്ടായിരുന്നു. മറ്റുള്ളവർക്ക് ഹിന്ദി മാധ്യമത്തിലുള്ള സ്കൂളുകളായിരുന്നു ആശ്രയം. ഹിന്ദിക്കാരുടെ ധിക്കാരപൂർവമായ ഭാഷാഭ്രാന്ത് മറ്റു ഭാഷക്കാരെ പ്രത്യേകിച്ചും 'മദ്രാസികളെ' ഹിന്ദിയുടെ ശത്രുക്കളാക്കിയിരുന്ന കാലം. തമിഴന്മാർ അതിനകം അവരുടെ മാതൃഭാഷ പഠിപ്പിക്കുന്ന രണ്ടു സ്കൂളുകൾ ഡൽഹിയിൽ തുടങ്ങിയിരുന്നു. തങ്ങളുടെ കുട്ടികൾക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം നല്കാനുള്ള സൗകര്യമുണ്ടാക്കണമെന്ന മലയാളികളുടെ ആഗ്രഹത്തിന്റെ തുടക്കം ഇതായിരുന്നു.

ഡൽഹിയിൽ മാത്രമല്ല, ബോംബെ, മദ്രാസ് തുടങ്ങി അക്കാലത്ത് മലയാളികൾ കുടിയേറിയ സ്ഥലങ്ങളിലെല്ലാം മലയാള ഭാഷാപഠനങ്ങൾക്കുവേണ്ടി നടന്ന സംരംഭങ്ങൾക്ക് ചരിത്രപരമായുള്ള സമാനത കൊണ്ടാണ് ഇക്കാര്യം ഇവിടെ നീട്ടി പറഞ്ഞത്. ആ സ്ഥലങ്ങളിലെല്ലാം ആവശ്യക്കാരായ സാധാരണക്കാർ മാതൃഭാഷ പഠിപ്പിക്കുന്ന സ്കൂളുകൾക്കു വേണ്ടി നൽകിയ നേതൃത്വമാണ് ആ സമാനതകളിൽ പ്രധാനപ്പെട്ടത്.

മറുനാടൻ മലയാളികളുടെ ജനസംഖ്യാ വർദ്ധനവിന്റെ തോതനുസരിച്ച് മലയാളം പഠിപ്പിക്കുന്ന വിദ്യാലയങ്ങളുടെ തോത് വർദ്ധിച്ചില്ല. ഉദാഹരണത്തിന് പത്ത് ലക്ഷം മലയാളികൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഡൽഹിയിൽ നാല് കേരളാസ്കൂളുകളിലായി ആകെ പഠിക്കുന്നത് അയ്യായിരത്തോളം കുട്ടികളാണ്. ഇത് നമ്മുടെ മുന്നിൽ ഉയർത്തുന്ന മൂന്ന് കാര്യങ്ങളുണ്ട്.

ഒന്ന്: ഡൽഹി മലയാളികളുടെ രണ്ടാം തലമുറ മുതലുള്ള ആയിരക്കണക്കിന് കുട്ടികൾ മലയാളം പഠിപ്പിക്കാത്ത സ്കൂളുകളിലാണ് പോകുന്നത്.

രണ്ട്: മലയാളം അവർക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.

മൂന്ന്: ഈ അവസ്ഥ എങ്ങനെ പരിഹരിക്കാം. പരിഹരിച്ചില്ലെങ്കിൽ എന്തു സംഭവിക്കും.

ഡൽഹി ഉദാഹരണമായി എടുത്തെന്നേയുള്ളൂ. ഇന്ത്യയിൽ മലയാളി അധിനിവേശമുള്ള എല്ലാ സ്ഥലങ്ങൾക്കും ഒരുപോലെ ബാധകമായ പ്രശ്നങ്ങളാണ് ഇവ.

പ്രശ്നം ഗൗരവമേറിയതായതുകൊണ്ടാണ് എന്റെ സ്വന്തം അനുഭവങ്ങൾ മാത്രം ആധാരമാക്കി വ്യക്തിനിഷ്ഠമായ അഭിപ്രായങ്ങൾ അടങ്ങിയ ഒരു പ്രബന്ധമാക്കാതെ ഈ വിഷയവുമായി ബന്ധപ്പെട്ട പലരുടെയും വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനമാക്കാൻ ശ്രമിച്ചത്. ശാസ്ത്രീയമായ ഒരു പഠനത്തിന് ആവശ്യമായ സമയമോ വിപുലമായ വിവര ശേഖരണ അപഗ്രഥന സൗകര്യമോ ഉണ്ടായിട്ടില്ല. ഒരു വറ്റെടുത്ത് അരിയുടെ വേവ് നോക്കുന്നതുപോലെയാണ് ചോദ്യാവലിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണം. കലത്തിലെ വെള്ളത്തിന്റെ ചൂട് എല്ലാ അരിയിലും ഒരുപോലെ ചെന്നെത്തിയാൽ ഒരരിയിൽ നിന്ന് വലിയ തെറ്റു കൂടാതെ വേവ് മനസ്സിലാകും.

കേരളാസ്കൂളിൽ കുട്ടികളെ അയക്കുന്നവരും അയക്കാത്തവരുമായ രക്ഷകർത്താക്കൾ, അദ്ധ്യാപകർ, ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലും മലയാളിക്കുട്ടികളെ മലയാളം പഠിപ്പിക്കാൻ ആഴ്ചയിലൊരിക്കൽ ക്ലാസ് നടത്തുന്നവർ, സാംസ്കാരിക സംഘടനാ പ്രവർത്തകർ, വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടുള്ളവർ, കേരളാസ്കൂളുകളിൽ നിന്നും പഠിച്ചിട്ടുപോയവർ ഇവരെല്ലാമാണ് സാമ്പിളിൽ ഉൾപ്പെട്ടിരുന്ന നാനൂറോളം പേർ. ഇന്ത്യയിലെ ഏത് പട്ടണത്തിൽ താമസിക്കുന്നവർക്കും ബാധകമാകുന്ന കാര്യത്തിലുള്ള ചോദ്യങ്ങളായിരുന്നു തയ്യാറാക്കിയത്.

പത്താംക്ലാസ് മുതൽ പി.എച്ച്.ഡി വരെ പഠിച്ച ഇവരിൽ 90% പേരും "ഡൽഹി പോലുള്ള മറുനാടൻ നാട്ടിൽ നിന്ന് വന്ന് താമസമാക്കിയ ഒന്നാം തലമുറക്കാരിലും അവരുടെ കുട്ടികളായ അടുത്ത തലമുറക്കാരിലും മലയാളം നിലനിർത്തേണ്ടത് ആവശ്യമാണോ?" എന്ന ചോദ്യത്തിന് ആവശ്യമാണ് എന്ന് പ്രതികരിച്ചു. ആവശ്യമല്ല എന്ന അഭിപ്രായമുള്ള പത്തു ശതമാനത്തിന്റെ പ്രതികരണത്തിന്റെ കാരണം ഒടുവിലത്തെ ചോദ്യമായ "നാട്ടിലേക്ക് മടങ്ങാൻ ഉദ്ദേശ്യമുണ്ടോ?" എന്ന ചോദ്യവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിലേക്ക് പിന്നീട് വരാം.

ആവശ്യമാണ് എന്ന് പ്രതികരിച്ചവരെല്ലാം അവരുടെ കുട്ടികളെ മലയാളം പഠിപ്പിക്കുന്നു എന്ന് കരുതേണ്ട. കുട്ടികൾക്ക് മലയാളം അറിയാമോ? എന്ന ചോദ്യത്തിനുള്ള ഉത്തരം ഒരു വൈരുദ്ധ്യം വെളിപ്പെടുത്തുന്നു. അടുത്ത തലമുറയിലും മലയാളം നിലനിർത്തേണ്ടത് ആവശ്യമാണെന്ന് പറഞ്ഞവരിൽ 80% പേരുടെ കുട്ടികൾക്ക് മലയാളം എഴുതാനും വായിക്കാനും അറിഞ്ഞുകൂട. പറയാൻ അറിയാമെന്നു പറയുന്ന ഈ 80% വീട്ടിൽ മലയാളം പഠിക്കുന്നില്ല. അടുത്ത് മലയാളം ക്ലാസുകൾ ഇല്ലാത്തത് ഒരു കാരണം. ക്ലാസുണ്ടെങ്കിൽ കുട്ടികളെ അയയ്ക്കുവാൻ 60% പേർക്ക് താത്പര്യമുണ്ട്. ബാക്കിയുള്ളവർക്ക് മലയാളം കൂടി പഠിച്ച് കുട്ടികളുടെ പഠനഭാരം വർദ്ധിപ്പിക്കാൻ ഇഷ്ടമില്ല. ഈ പ്രശ്നത്തിൽ വളരെ ശ്രദ്ധിക്കേപ്പെടേണ്ട ഒരു വസ്തുതയാണത്.

മലയാളം സംസാരിക്കാൻ മാത്രം അറിയും എന്ന് പറയുന്നവരിൽ 80%ത്തിന്റെയും വീട്ടിൽ സംസാരിക്കുന്ന ഭാഷ മലയാളമാണ്. വീട്ടിൽ മലയാളം സംസാരിക്കുന്നതിന് പുറമെ വീട്ടിൽ വച്ച് മലയാളം പഠിപ്പിക്കുന്നവർ വളരെ കുറവാണ്, ഇല്ലെന്നു തന്നെ പറയാം.

25% പേർ മലയാളം ന്യൂസ്പേപ്പർ വീട്ടിൽ വരുത്തുന്നു. അവരെ കൂടാതെ 20% പേർ മുടങ്ങാതെ ഏതെങ്കിലും മലയാളം പ്രസിദ്ധീകരണങ്ങൾ വീട്ടിൽ വരുത്തി വായിക്കുന്നവരാണ്. ആ വീടുകളിലെ 5% കുട്ടികൾ മാത്രമാണ് ആ പ്രസിദ്ധീകരണങ്ങൾ വായിക്കാറുള്ളത്.

"ഏതെല്ലാം പരിപാടികൾ നടപ്പിലാക്കിയാൽ മറുനാട്ടിൽ മലയാളം നിലനിർത്തിക്കൊണ്ടു പോകാമെന്നാണ് നിങ്ങളുടെ അഭിപ്രായം" എന്ന ചോദ്യത്തിന് അർത്ഥവത്തായ പല പ്രതികരണങ്ങളുമുണ്ടായി. താമസസ്ഥലത്തു നടക്കുന്ന സാംസ്കാരിക പരിപാടികളിൽ 60% കുട്ടികളും കാണികളായോ പങ്കെടുക്കുന്നവരായോ സംബന്ധിക്കാറില്ല. കുട്ടികൾക്കുവേണ്ടിയുള്ള പരിപാടികൾ സംഘടിപ്പിച്ചാൽ മാത്രമേ കുട്ടികളെ ആകർഷിക്കാൻ കഴിയൂ എന്നാണ് മുതിർന്നവരുടെ അഭിപ്രായം. മലയാളം, കേരളം, നമ്മുടെ പാരമ്പര്യകലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ അങ്ങനെ അവരിലെത്തിക്കാൻ കഴിയും.

കേരളത്തിൽ പോകാൻ ബഹുഭൂരിപക്ഷം കുട്ടികൾക്കും ഉത്സാഹമാണ്. ഇഷ്ടമില്ലാത്ത ചിലരുണ്ട്. അതിന്റെ കാരണം സാമാന്യവത്കരിക്കാവുന്നതല്ല. കളിക്കാനും സംസാരിക്കാനും സമപ്രായക്കാരില്ലാത്തതും, ഭാഷ അറിയാത്തതുകൊണ്ട് മറ്റുള്ളവരോട് ഒരുമിച്ച് പോകാൻ സാധ്യമല്ലാത്തതും അപരിചിതമായ ജീവിതരീതിയും എല്ലാമാണ് കാരണം. ഭാഷ ഒരു പ്രധാന തടസമായി നിൽക്കുന്നു.

"മടങ്ങി നാട്ടിൽപോയി താമസിക്കാൻ ഉദ്ദേശ്യമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? ഇല്ലെങ്കിൽ എന്തുകൊണ്ട്?" എന്ന ചോദ്യത്തിന്റെ ഉത്തരത്തിൽ ധർമസങ്കടത്തിന്റെയും രോഷത്തിന്റെയും പ്രതിധ്വനികൾ കേൾക്കാമായിരുന്നു.






മടങ്ങി നാട്ടിൽ പോയി താമസിക്കാൻ ആഗ്രഹമുള്ളവരാണ് 70%വും. അവരിൽത്തന്നെ പലർക്കും മറുനാട്ടിലെ ടെൻഷൻ നിറഞ്ഞ ജീവിതത്തിൽ നിന്ന് സ്വന്തം നാട്ടിലേക്ക് മടങ്ങിപോകാൻ ആഗ്രഹമുണ്ടെങ്കിലും അവിടെ സമാധാനമായി ജീവിക്കാൻ ബുദ്ധിമുട്ടാണെന്ന ആശങ്കയുണ്ട്. എങ്കിൽത്തന്നെയും മടങ്ങിപ്പോകാനാണ് അവരുടെ ആഗ്രഹം. മടങ്ങിപ്പോകാൻ ആഗ്രഹിക്കാത്ത 30 ശതമാനം പറയുന്ന പൊതുവായ കാരണം അവിടെ പോയാൽ കുട്ടികൾക്ക് ഒരിക്കലും ഒരു ജോലി കിട്ടുകയില്ല എന്നാണ്. “അവിടെ ജീവിതം ദുരിതമാണ്, കാടത്തമാണ്”.

കേരളസംസ്കാരം ശ്വസിച്ചുകൊണ്ടു വളരുകയും മലയാളത്തിൽ പരമോന്നത ബിരുദങ്ങൾ നേടുകയും സർവകലാശാലയിൽ മലയാളം വിഭാഗം മേധാവിയായി പ്രവർത്തിക്കുകയും ചെയ്ത ഒരു സുഹൃത്തു പറഞ്ഞു. “എന്റെ പേരക്കുട്ടികൾ മലയാളം പഠിക്കുന്നില്ല. അവർ കേരളത്തിൽ പോയിട്ടു കാര്യമില്ല. അങ്ങോട്ടു മടങ്ങിപ്പോകാൻ എനിക്കു താത്പര്യം ഒട്ടുമില്ല. സംസ്കാരം കൈവിട്ട ഒരു പ്രദേശമായി നമ്മുടെ നാട്”. ദ്വേഷവും സങ്കടവും ആ ശബ്ദത്തിലുണ്ട്.

ഡൽഹി മലയാളികളുടെയിടയ്ക്ക് രണ്ടാം തലമുറ മുതലിങ്ങോട്ടുള്ള കുട്ടികളിൽ 80 ശതമാനത്തിനും മലയാളം എഴുതാനും വായിക്കുവാനും അറിയില്ല. സംസാരിക്കാൻ അറിയുമെന്ന് അവകാശപ്പെടുന്നുവെങ്കിലും പലരുടെയും കാര്യത്തിൽ അത് ഭാഷാ പരിജ്ഞാനമായി കണക്കാക്കാൻ വയ്യാത്തവിധം വികലമാണ്. കുറെക്കാലം കേൾവിക്കാരെ ചിരിപ്പിച്ചശേഷം അതു ക്രമേണ പ്രയോഗ ശൂന്യമാക്കുകയാണ് പതിവ്. ഈ 80ശതമാനത്തിൽ പത്തോ, പതിനഞ്ചോ ശതമാനം പിന്നീട് വിവാഹം മുതലായ സാഹചര്യവശാൽ എഴുത്തും വായനയും പഠിച്ചേക്കാമെന്നുവച്ചാൽത്തന്നെയും 60 ശതമാനത്തിലധികം മലയാളത്തിന് അന്യരായിത്തീരും. ഒന്നാം തലമുറയിൽത്തന്നെ സംഭവിക്കുന്ന അനുഭവമാണ് ഇതെന്നോർമിക്കണം.

ഇവരിൽ നിന്നുണ്ടാകുന്ന രണ്ടാം തലമുറയും മലയാളവുമായുള്ള ബന്ധം എന്തായിരിക്കും എന്ന് ഊഹിക്കാൻ ഭവിഷ്യ ശാസ്ത്രപാണ്ഡിത്യമാവശ്യമില്ല. ഇന്നത്തെ അവസ്ഥയിൽ രണ്ടാം തലമുറയ്ക്കപ്പുറമുള്ള നിലനിൽപ്പിന് രൂക്ഷമായ ഭീഷണി നേരിടുന്ന മറുനാടൻ മലയാളത്തെ എങ്ങനെ ആ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാമെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മലേഷ്യൻ മലയാളികൾക്ക് സംഭവിച്ച വിപര്യയം നമുക്ക് ഒരു പാഠമാകേണ്ടതാണ്. നാല്പതുകൾക്ക് മുമ്പ് തുടങ്ങി അമ്പതുകൾ വരെ നീണ്ടു നിന്ന മലേഷ്യൻ കുടിയേറ്റത്തിൽ കോലാലമ്പൂരും പെനാങ്കിലും സിങ്കപ്പൂരുമെല്ലാം വേരുറപ്പിച്ച മലയാളികളിൽ ഒന്നാം തലമുറയുടെ അവശിഷ്ടങ്ങൾ മാത്രമേ മലയാളം കേട്ടാൽ തിരിച്ചറിയുന്നവരായുള്ളൂ. തൊള്ളായിരത്തി എഴുപതിനും തൊള്ളായിരത്തി തൊണ്ണൂറിനും ഇടയ്ക്ക് മൂന്നുനാലു തവണ ഇടവിട്ട് മലേഷ്യയിൽ പോകാൻ ഇടവന്നതുകൊണ്ട് മലയാളത്തിന് നേരിട്ട പതനം നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. 1970-ൽത്തന്നെ മൂന്നാം തലമുറയിലും നാലാം തലമുറയിലും എത്തി നിന്നിരുന്ന മലയാളികൾക്ക് കോലാലമ്പൂരിൽ ഒരു കേരളസമാജമുണ്ടായിരുന്നു. അവശേഷിച്ച ഒന്നാം തലമുറക്കാരും കേരളത്തിൽ നിന്ന് വിവാഹം കഴിച്ച രണ്ടാം തലമുറക്കാരുമായിരുന്നു സമാജം വച്ചു നടത്തിയിരുന്നത്. എന്റെ മൂന്നാം സന്ദർശന കാലത്ത് കേരള സമാജം ഉണ്ടായിരുന്നില്ല. എനിക്ക് പരിചയമുണ്ടായിരുന്ന മലയാളി കുടുംബങ്ങളുടെ മുൻതലമുറക്കാർക്ക് മലയാളവും ചെറുപ്പക്കാർക്ക് ഇംഗ്ലീഷുമറിയാവുന്നതുകൊണ്ട് ആശയവിനിമയത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കടകളിൽ സേവനമനുഷ്ഠിച്ചിരുന്ന പെൺകുട്ടികളുടെ മുഖത്ത് തീരെ മാഞ്ഞുപോകാത്ത കേരളശ്രീ കണ്ട് രണ്ടും കല്പിച്ച് മലയാളത്തിൽ ചോദിച്ചാൽ, ഒരു കാലത്ത് കേരളത്തിലെവിടെയോ നിന്ന് വന്നവരുടെ



പിൻമുറക്കാരിയാണെന്ന് സന്തോഷപൂർവം സമ്മതിച്ചുകൊണ്ട് ഇംഗ്ലീഷിൽ സംസാരിക്കും. എത്ര ശ്രമിച്ചാലും മലയാളത്തിൽ സംസാരിപ്പിക്കാനാവില്ല. അവരുടെ മാതൃഭാഷ ചൈനീസും മലയയുമാണ്. ഈ ദുരവസ്ഥയെപ്പറ്റി 'മലേഷ്യ മലയാളി' എന്ന ദിനപ്പത്രത്തിന്റെ പത്രാധിപരായിരുന്ന അബ്ദുള്ള പറഞ്ഞത് ഞാൻ ഓർക്കുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് മലേഷ്യയിലെത്തിയ അബ്ദുള്ള ആരംഭിച്ച 'മലേഷ്യ മലയാളി' എന്ന ദിനപ്പത്രം തുടക്ക കാലത്ത് മുപ്പതിനായിരം കോപ്പികളാണ് അച്ചടിച്ചിരുന്നത്. 1970-ൽ ഞാൻ അബ്ദുള്ളയെ സിങ്കപ്പൂരിൽ വച്ച് പരിചയപ്പെടുമ്പോൾ 15000 കോപ്പിയായി കുറഞ്ഞിരുന്നു. ഒന്നാം തലമുറ കുറഞ്ഞതാണ് സ്വാഭാവികമായും കോപ്പി കുറഞ്ഞതിന്റെ കാരണം. ഒടുവിൽ ഞാൻ അബ്ദുള്ളയെ സിങ്കപ്പൂരിൽ വച്ച് കാണുന്നത് 1985-ലാണെന്ന് തോന്നുന്നു. പത്രം നിന്നിരിക്കുന്നു. അബ്ദുള്ള പ്രായാധിക്യം കൊണ്ട് അവശനായിരിക്കുന്നു. പത്രത്തിന്റെ അവസാന കാലങ്ങളെക്കുറിച്ച് അബ്ദുള്ള പറഞ്ഞത് മറക്കാനാവില്ല. "വായനക്കാരില്ലാത്ത ദിനപ്പത്രം വാരികയായി 500 കോപ്പി അടിച്ച് പരിചയക്കാരുടെ വീടുകളിലിടും. അടുത്ത യാഴ്ച പത്രമിടാൻ ചെല്ലുമ്പോഴും മുൻ ആഴ്ചകളിൽ ഇട്ട പത്രം പൂമുഖത്തിന്റെ ഒരു മൂലയ്ക്ക് കിടക്കുന്നുണ്ടാകും. അവരുടെ തെറ്റല്ല. അവർക്ക് മലയാളവുമായി ബന്ധമില്ലാതായി. പിന്നെ വീട്ടിലെ ഒരു പഴയ പരിചയക്കാരൻ ഉപജീവനത്തിനുവേണ്ടി ചെയ്യുന്നതല്ലേ, മാസം തോറും പണം കൊടുത്തേക്കാം എന്ന സൗജന്യബുദ്ധി അനുഭവിച്ച് മടുത്ത് പത്രം അങ്ങനെ നിർത്തി".

മലയാളം പറയാമെങ്കിലും എഴുതാനും വായിക്കാനുമറിയാത്ത 80% കുട്ടികളിൽ മലയാള സാക്ഷരത ഉണ്ടാക്കാൻ കഴിഞ്ഞാലേ മറുനാട്ടിൽ മലയാളം അനുഭവിക്കുന്ന ദുരവസ്ഥ ഒഴിവാക്കാൻ സാധിക്കൂ. വീട്ടിൽ മലയാളം സംസാരിക്കുക, മലയാളം പഠിപ്പിക്കുന്ന ഞായറാഴ്ചക്കളരിയിൽ ചേർന്ന് പഠിക്കുക, ഫലപ്രദമായിക്കണ്ട രണ്ട് പ്രതിരോധ പരിപാടികളാണിവ. ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലുമായി ചില സന്നദ്ധസംഘടനകൾ ഞായറാഴ്ചതോറും മലയാളം ക്ലാസുകൾ നടത്തുന്നുണ്ട്. ഒരു വർഷം കൊണ്ട് കുട്ടികൾക്ക് എഴുതാനും വായിക്കാനുമുള്ള കഴിവുനേടാനും സങ്കോചം കൂടാതെ പരിപാടികളിൽ പങ്കെടുക്കുവാനും കഴിയുന്നുണ്ടെന്ന് ഏഴെട്ടുസ്ഥലങ്ങളിൽ ക്ലാസ് നടത്തുന്ന രണ്ടു സംഘടനകളുടെ ഭാരവാഹികൾ പറഞ്ഞു. പ്രത്യേക പരിശീലനം ഒന്നും നേടിയിട്ടില്ലാത്ത പ്രവർത്തകർ ചില പാഠപുസ്തകത്തിന്റെ സഹായത്തോടെയും മനോധർമമുപയോഗിച്ചും ആവിഷ്കരിച്ച പഠനപദ്ധതിയാണ് പ്രയോഗിക്കുന്നത്. പ്രവർത്തകരുടെ ആത്മാർത്ഥത കൊണ്ടും രക്ഷകർത്താക്കളുടെ താത്പര്യം കൊണ്ടും വിജയകരമായി നടത്തുന്ന ചില പഠനകേന്ദ്രങ്ങളുമായി സഹകരിക്കാൻ കഴിഞ്ഞതിൽ നിന്നും ഒരു കാര്യം എനിക്ക് ബോധ്യമായി. മറുനാടൻ മലയാളത്തെ രക്ഷിക്കണമെങ്കിൽ കാര്യക്ഷമമായി വളർത്തിയെടുക്കേണ്ട ഒരു പ്രസ്ഥാനം ഇതാണ്. ഡൽഹിയിൽ മാത്രമല്ല മറുനാടൻ മലയാളികളുടെ മറ്റ് കേന്ദ്രങ്ങളിലും ഇതു പോലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടാകണം. ഒരു മഹാവിപത്തിൽ നിന്ന് മലയാളത്തെ രക്ഷിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം മറുനാടൻ മലയാളികളും കേരള സർക്കാരും പ്രത്യേകിച്ച് നോർക്ക അധികൃതരും മനസ്സിലാക്കണം. ഈ പ്രസ്ഥാനത്തിന്റെ വിജയം മൂന്ന് കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.



**ന്യൂഡൽഹിയിലെ മലയാളഭാഷാപഠനകേന്ദ്രം എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്യുന്നു.**

ഒന്ന്: അഞ്ചുവയസ്സുമുതൽ പതിമൂന്ന് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ഹിന്ദിയും ഇംഗ്ലീഷും പ്രാദേശികഭാഷ വേറെയുണ്ടെങ്കിൽ അതും പഠിപ്പിക്കുന്നതോടൊപ്പം വീട്ടിൽ കേട്ടു പരിചയിക്കുന്ന മാതൃഭാഷയായ മലയാളം പഠിപ്പിക്കുന്നത് ഒട്ടും ശ്രമകരമല്ല എന്ന് രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്ന സംഘടിത ബോധവത്കരണം നടത്തേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന വ്യവസ്ഥകളിൽ ഒന്നായ ത്രിഭാഷാപദ്ധതി ഏട്ടിൽ കിടക്കുകയാണ്. വിദ്യാലയങ്ങൾ മുഖേന മാതൃഭാഷ പഠിക്കുകയെന്നത് ഹിന്ദി മാതൃഭാഷയല്ലാത്തവർക്ക് സാധ്യമല്ലാത്ത ഒരവസ്ഥയിൽ ത്രിഭാഷാപദ്ധതി പുറംതള്ളപ്പെട്ടിരിക്കുകയാണ്. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം കൊണ്ടുമാത്രമേ മാതൃഭാഷ പഠിക്കുവാൻ സാദ്ധ്യമാകൂ. മലയാളം പഠിപ്പിക്കുന്ന ക്ലാസുകളുണ്ടെങ്കിൽ കുട്ടികളെ അവിടെ അയക്കുന്നതിൽ സന്തോഷമുണ്ടെന്ന് മലയാളം പറയാൻ മാത്രം അറിയുന്നവരുടെ രക്ഷകർത്താക്കൾ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടത് ചാരിതാർത്ഥ്യജനകമാണ്. ഈ മനോഭാവത്തെ ക്രിയാത്മകമായി ഉണർത്തിയെടുക്കുന്നതിനു വേണ്ടിയാണ് മുൻ പറഞ്ഞ ബോധവത്കരണം.

രണ്ട്: പത്തിരുപത് കുട്ടികളുള്ള സ്ഥലങ്ങളിൽ ഒരു ക്ലാസ് തുടങ്ങുവാനുള്ള ഏർപ്പാടുണ്ടാക്കണം. വീട്ടിൽ നിന്ന് വളരെ ദൂരത്തല്ലാതെ, കഴിയുന്നതും നടന്നെത്താവുന്ന സ്ഥലത്തായിരിക്കണം ഈ കളരികൾ. പഠിപ്പിക്കാൻ ഒട്ടേറെ സന്നദ്ധ സേവകർ ആവശ്യമാണ്. അഭ്യസ്ത വിദ്യരായ വീട്ടമ്മമാർ ഉൾപ്പെടെ വളരെയധികം ആളുകൾ ആഴ്ചയിലൊരിക്കൽ കുറെ സമയം പ്രയോജനകരമായി, ഉല്ലാസപ്രദമായി വിനിയോഗിക്കുവാൻ അവസരം നൽകുന്ന ഈ പ്രസ്ഥാനത്തിൽ സഹകരിക്കാൻ സന്നദ്ധതയുള്ളവരാകും. അവരെ സഹകരിപ്പിക്കാനും പ്രവർത്തനചിട്ടയുൾപ്പെട്ട ഒരു മാനുവലും പ്രാഥമിക പരിശീലനവും അവർക്ക് കൊടുക്കാനും ഉള്ള ഏർപ്പാടുകൾ ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാന സ്വഭാവമായിരിക്കണം.

മൂന്ന്: പഠിക്കുവാനുള്ള സാമഗ്രികൾ



മലയാളം പറഞ്ഞിരുന്നു. ഇപ്പോൾ വീട്ടിൽ പോലും ഇംഗ്ലീഷായി". മലയാളം അപകടത്തിൽപ്പെട്ട ഭാഷയായത് കേരളത്തിലായതുകൊണ്ട് പത്രങ്ങളും മറ്റു മാധ്യമങ്ങളും ആ ദുരിതബാധിത പ്രദേശത്തു രക്ഷാപ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് അഭിനന്ദിക്കപ്പെടേണ്ടതാണ്. എന്നാൽ മറുനാടൻ മലയാളികൾ സ്വയം ഏറ്റെടുത്തു നടത്തുന്ന ഭാഷാസേവന പ്രവർത്തനങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നുകൂടാ. കേരളത്തിലെ മൂന്നിലൊന്ന് ജനങ്ങൾ മറുനാട്ടിലാണ്. അവരെ കേരളത്തിന്റെ നെഞ്ചോടു ചേർത്ത് നിർത്തേണ്ട ആവശ്യം കേരളത്തിന്റേതാണ്. അവർ മലയാളികളായിരിക്കുന്നതാണ് കേരളത്തിന്റെ ശക്തി. അതിന് ഏറ്റവുമധികം പ്രയോജനപ്പെടുന്ന ഈ ഞായറാഴ്ചക്കളരിപ്രസ്ഥാനത്തിന് കേരള സർക്കാരിന്റെയും മാധ്യമങ്ങളുടെയും സഹകരണമുണ്ടാകണം. ഞായറാഴ്ചക്കളരിയിൽ പഠിച്ച് കുട്ടികൾ നല്ല വായനക്കാരായിട്ടുണ്ട്. മലയാള പുസ്തകങ്ങൾ വാങ്ങിക്കൊടുക്കാൻ അവർ രക്ഷകർത്താക്കളെ നിർബന്ധിക്കുന്നത് എനിക്കറിയാം.

ഞായറാഴ്ചക്കളരിയിലെ പോരായ്മകളെക്കുറിച്ച് ചർച്ച ചെയ്ത് ഉന്നയിച്ച ചില നിർദേശങ്ങൾ ഇവിടെ പ്രസക്തമാണ്:

ഒന്ന്: ഇത്തരം കേന്ദ്രങ്ങളിൽ ഉപയോഗിക്കേണ്ട പാഠ്യപദ്ധതി ഏകീകരിക്കണം. ഇപ്പോൾ ഓരോ കേന്ദ്രത്തിലും പ്രവർത്തിക്കുന്നവരുടെ മനോധർമ്മമുപയോഗിച്ച് തയ്യാറാക്കുന്ന പഠനപരിപാടികൾ കൂടുതൽ ശാസ്ത്രീയമാക്കണം. പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയുള്ള സമീപനമായിരിക്കണം.

രണ്ട്: ഭാഷ ശരിക്ക് പഠിച്ച് കളരി വിടുന്ന കുട്ടികൾക്ക് നോർക്കയുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് പ്രോത്സാഹജനകമായിരിക്കും.

മൂന്ന്: കേരളത്തെപ്പറ്റിയും കേരളീയ കലകളെക്കുറിച്ചും ആചാരം, ഉത്സവങ്ങൾ തുടങ്ങിയവയെക്കുറിച്ചുമുള്ള അറിവുമായി ബന്ധിച്ചു കൊണ്ടുപോകാനുപകരിക്കുന്ന ഭാഷാപഠന സാമഗ്രികൾ ഓരോ കളരിയിലും ഉണ്ടായിരിക്കണം. മനോരമയിലെ നമ്മുടെ മലയാളം സിഡിറോമും അതുപോലുള്ള മറ്റു സാമഗ്രികളും വിതരണം ചെയ്യുന്നത് നല്ലതാണ്.

ഞായറാഴ്ചക്കളരിയെന്ന അനൗപചാരിക മലയാള ഭാഷാ പഠനപ്രസ്ഥാനമാണ് മറുനാട്ടിൽ കേരളഭാഷയും സംസ്കാരവും നിലനിർത്തുവാനുള്ള ഏറ്റവും ഉയർന്ന പദ്ധതി എന്നു ഞാൻ വിശ്വസിക്കുന്നു.

കമ്പ്യൂട്ടറിൽ വിദഗ്ധനും ഭാഷാ പഠനത്തിൽ ഉത്സുകനുമായ ഒരു പത്രപ്രവർത്തക സുഹൃത്ത് പ്രയോജനകരമായ ഒരു പദ്ധതി നിർദേശിച്ചു. ഇന്ത്യയിലും വിദേശത്തുമുള്ള മലയാളിക്കുട്ടികളുടെ ഇടയ്ക്കുള്ള വിപുലമായ കമ്പ്യൂട്ടർ സാക്ഷരത കമ്പ്യൂട്ടറുകളിലൂടെ മലയാളം പഠിപ്പിക്കാൻ സുഗമമായ പാതയാണ് ഒരുക്കിയിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. അതിനു വേണ്ട പാഠ്യ പ്രകാരം ഉണ്ടാകണം. കമ്പ്യൂട്ടറിലെ മലയാളം ലിപിക്ക് ഏകീകരണം വരുത്തണം. സോഫ്ട്‌വെയർ വിദഗ്ധന്മാരെക്കൊണ്ട് ഇത് ചെയ്യിച്ചാൽ ഇന്നത്തെ വ്യത്യസ്ത ലിപികൾക്കു തമ്മിലുള്ള അകൽച്ച മാറിക്കിട്ടുകയും ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് പകർത്താൻ സാധ്യമാകുകയും ചെയ്യും.

മലയാളത്തിൽ ഇപ്പോൾ എട്ടു ടി.വി. ചാനലുകളാണ് ഉള്ളത്. ഈ ചാനലുകൾ ലോകമാസകലമുള്ള മലയാളികളുടെ ഇടയ്ക്ക് പുതിയ തലമുറയിൽ മലയാളം പ്രചരിപ്പിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യണം. അതു നടപ്പാക്കേണ്ടതു സ്വന്തം ചാനലുകളുടെ നിലനില്പിനു തന്നെ ആവശ്യമാണ്.

ലളിതവത്കരിച്ച ചൈനീസ് ഭാഷ പ്രചരിപ്പിക്കാൻ ദൃശ്യമാധ്യമങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ വളരെ വലുതാണ്. നമ്മുടെ ചാനലുകൾ ബേസിക് മലയാളം പ്രചരിപ്പിക്കണം. അവർ ഈ ദൗത്യം കയ്യേൽക്കുമെന്ന് ആശിക്കുക.

ഇങ്ങനെയുള്ള പരിപാടികൾ വേറെയുമുണ്ടാകാം. കഷ്ടിച്ച് മലയാളം പറയാൻ കഴിയുമെങ്കിലും എഴുതാനും വായിക്കാനും അറിയാത്തവരായ ഇന്നത്തെ തലമുറയിലെ മറുനാടൻ മലയാളിക്കുട്ടികൾ പൂർണമായ മലയാള നിരക്ഷരതയിലേക്ക് നീങ്ങാതിരിക്കണമെങ്കിൽ ഇങ്ങനെ ചില പരിപാടികൾ നടപ്പാക്കണം.

അല്ലെങ്കിൽ മലയാളം പഠിപ്പിക്കാൻ ക്ലാസുണ്ടെങ്കിലും കുട്ടികളെ അയക്കാൻ ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞ ഇരുപതു ശതമാനത്തിന്റെ വീക്ഷണമാണ് സാധൂകരിക്കപ്പെടുക. "മലയാളം കൂടെ തലയിൽ കെട്ടിവച്ച് കുട്ടിയെ ബുദ്ധിമുട്ടിച്ചിട്ട് എന്തുവേണം. കേരളത്തിൽ ജോലിയില്ല. ജോലി കിട്ടാവുന്ന സ്ഥലങ്ങളിൽ മലയാളം ആവശ്യമില്ല. മലയാളം പഠിച്ച് അദ്ധ്യാത്മരാമായണം വായിച്ച് രസിച്ചില്ലെങ്കിൽ ഒരു നഷ്ടവും വരാൻ പോകുന്നില്ല. രാമായണം വായിക്കാനാണെങ്കിൽ ഇംഗ്ലീഷിൽ ഒന്നാം തരം പുസ്തകങ്ങളുണ്ട്. അതു വായിക്കട്ടെ. തുളസീദാസരാമായണം വേണമെങ്കിൽ അതു വായിക്കട്ടെ. ഇപ്പോൾ കഷ്ടിച്ചൊക്കെ വീട്ടിൽ പറയുന്ന മലയാളം മതി. തത്കാലം വയറ്റിപ്പിഴപ്പിനുതകുന്ന ഭാഷ പഠിക്കണം". ഈ ചിന്താഗതിക്കാരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഒരു കാര്യം ഓർമിക്കണം. ഭാഷ ഉപജീവനത്തിനുതകുകയില്ല എന്ന ഉറപ്പോടു കൂടി അതു പഠിക്കേണ്ടിവരുമ്പോഴത്തെ ദുരന്തമാണ് നാം കേരളത്തിൽ കാണുന്നത്. പെരുകിവരുന്ന തൊഴിലില്ലായ്മ തുറിച്ചു നോക്കുകയും, തൊഴിൽ സാധ്യതകൾ തകർന്നടിയുകയും ഈ നാട് ഒരിക്കലും നന്നാവില്ല എന്ന ഒരു പരാജയബോധം പാടെ പടർന്ന് പിടിക്കുകയും ചെയ്യുമ്പോൾ പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും അന്യമാം ദേശങ്ങളിൽ ചെന്നു രക്ഷപ്പെടാനുള്ള വ്യഗ്രതയാണ് ഇന്ന് മലയാളി യുവാക്കൾക്ക്.

ദേശാന്തരമിതു ഭോഗ്യസമൃദ്ധിയാൽ
ദേവലോകോപമമായിരിക്കാം
സ്വർഗത്തിൽ വാണാലും നമ്മുടെ നോട്ടമോ
തൃക്കേരളത്തിൻ മുഖത്തേക്കു താൻ

എന്ന് വള്ളത്തോൾ പാടിയത് ഇന്നും ഗൃഹാതുരമായ മലയാളിയെ സംബന്ധിച്ചിടത്തോളം ശരിയാണ്. പക്ഷേ അവധിക്കു നാട്ടിലെത്തി അമ്മയെ കണ്ടിട്ട് തിടുക്കത്തിൽ തിരിച്ചു പോകുന്നതിൽ അപ്പുറമുള്ള വികാരമല്ല അത്. ഇന്നത്തെ കേരളത്തിന്റെ മുഖം ചിന്താശീലരായ മലയാളികളെ ദുഃഖിപ്പിക്കും. കേരളത്തിന്റെ നല്ല മുഖം കണ്ടിട്ടുള്ളവരും സുന്ദരമായൊരു മുഖം സ്വപ്നം കണ്ടിട്ടുള്ളവരുമാണ് ഈ ദുഃഖത്തിനും ഗൃഹാതുരത്വത്തിനും വിധേയരാകുന്നത്. ലോകമേ തറവാടെന്നു കരുതുന്ന മലയാളി യുവാക്കൾക്ക് ആ ഗൃഹാതുരത്വത്തിന്റെ ആവശ്യമില്ല. അവർ പ്രതിഷേധിക്കും, അക്രമാസക്തരാകും, ജീവിതത്തിന്റെ നാലും കൂടിയ വഴിയിൽ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നില്ക്കുന്നവരാണവർ. അവർ വൈലോപ്പിള്ളിയുടെ വരികളാണോർമിക്കുക.

അറിയുമേ ഞങ്ങൾ അറിയും നീതിയും
നെറിയും കെട്ടൊരിപിറന്നനാടിനെ
അതിഥികൾക്കെല്ലാം അമരലോക, മീ
കിതവി ഞങ്ങൾക്കു നരകദേശവും

ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ട് നാട് നന്നാകാതെ ഭാഷാപ്രേമം വളരുകയില്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് മറുനാട്ടിൽ മലയാളം നിലനിറുത്താൻ മലയാളികൾ ശ്രമിക്കുന്നത്. നാടുനന്നാകാനിടയാകട്ടെ! എങ്കിൽ നാട്ടിലും മറുനാട്ടിലും മലയാളം വളരും. ◘

# ടൂറിസം രംഗത്ത് ഒരു പുതിയ ദിശാബോധം

**ഇ. യൂസുഫ് സാഹിബ് നദ്‌വി**

ശാന്തസുന്ദരമായ തീരപ്രദേശങ്ങൾ, മനം മയക്കുന്ന പുൽത്തകിടികൾ, പരമ്പരാഗതകലകൾ, അത്ഭുതങ്ങൾ നിറയ്ക്കുന്ന ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയായിരുന്നു ഒരു കാലത്ത് വിദേശസഞ്ചാരികളെ ഏഷ്യൻ രാജ്യങ്ങളിലേക്ക് ആകർഷിച്ചിരുന്നത്. ആ കാലമെല്ലാം പോയ്മറഞ്ഞു. മനം മയക്കുന്ന കലാരൂപങ്ങളും കാഴ്ചയും കലയും സംസ്കാരവുമെല്ലാം ഒരു മൂലയിലേക്ക് ഒതുക്കിക്കൊണ്ട് ടൂറിസം രംഗത്തിന് ചില പുതുമാനങ്ങളും രീതിയും സ്വഭാവങ്ങളും കടന്നു വന്നിരിക്കുന്നു. വൈവിധ്യമാർന്ന സംസ്കാരം കൊണ്ട് വിദേശികളെ മാടിവിളിച്ചിരുന്ന ഇന്ത്യാരാജ്യം ഇന്ന് ട്രീറ്റ്മെന്റ് ടൂറിസം എന്ന പുതിയ ആശയത്തിനു മുന്നിൽ അതിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിട്ടിരിക്കുയാണ്. വൻ നേട്ടങ്ങളുടെ പട്ടിക തന്നെ ഇതിലൂടെ നേടി എടുക്കാനാവുമെന്ന കണക്കുകൂട്ടലുകൾ ഇതിന്റെ പിന്നിലുണ്ട്.

ചികിത്സാ ആവശ്യത്തിന് മാത്രമായി പ്രതിവർഷം പത്ത് ലക്ഷത്തിൽപരം വിദേശികളെ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്ത്യയിൽ നിലവിലുള്ളതായി 'ഫെഡറേഷൻ ഓഫ് ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് ഇൻ ഇന്ത്യ' അഭിപ്രായപ്പെടുന്നു. ഈ രംഗത്ത് പുരോഗതി പ്രാപിക്കാൻ കഴിഞ്ഞാൽ വർഷം തോറും അഞ്ച് മില്യൻ ഡോളറിന്റെ വാർഷിക വരുമാനം ഇന്ത്യയ്ക്ക് കരസ്ഥമാക്കാൻ കഴിയുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇന്ത്യ വളരെ നേരത്തേ തന്നെ തുടങ്ങിയിരുന്നുവെങ്കിലും വേണ്ടവിധത്തിൽ അത് നടപ്പിൽ വരുത്തുന്നതിൽ വ്യക്തമായ വിജയം കണ്ടെത്തിയിട്ടില്ലെന്നതാണ് വാസ്തവം. ദിനംപ്രതി പുരോഗതി പ്രാപിച്ച് വരുമെന്ന് ഉറപ്പുള്ള ഒരു വ്യവസായമാണ് ട്രീറ്റ്മെന്റ് ടൂറിസം. ചില ഏഷ്യൻ രാജ്യങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സംഘടനകളും ആശുപത്രികളും ടൂറിസം ഏജൻസികളും സംയുക്തമായി പരിശ്രമിച്ചതിന്റെ ഫലമായി വരുംകാലങ്ങളിൽ ഏഷ്യൻ രാജ്യങ്ങളുടെ ഒരു മുഖ്യ വരുമാനമാർഗമായി ഈ രംഗം മാറുമെന്നും നിരീക്ഷകൻ കണക്കുകൂട്ടുന്നു. പ്രകൃതി രമണീയതയെ മുൻനിർത്തി ടൂറിസം വ്യവ



**വൈവിധ്യമാർന്ന സംസ്കാരവും മനംമയക്കുന്ന പ്രകൃതിഭംഗിയും കൊണ്ട് ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ഭാരതത്തിന്റെ വാതിൽ 'ട്രീറ്റ്മെന്റ് ടൂറിസം' എന്ന പുതിയ ആശയത്തിനുവേണ്ടിയും തുറന്നിടുകയാണ്.**



സായം നടത്തിക്കൊണ്ടിരുന്ന തായ്‌ലന്റ്, സിംഗപ്പൂർ, മലേഷ്യ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ചില പുതുകാൽവയ്പുകൾ നടത്തിയിട്ടുള്ളത് പ്രതീക്ഷകൾക്ക് വക നൽകുന്നു. ട്രീറ്റ്മെന്റ് ടൂറിസം ഒരു മുഖ്യവ്യവസായമായി പരിവർത്തിപ്പിച്ചെടുക്കുകയാണ് ഇതര ഏഷ്യൻ രാഷ്ട്രങ്ങളുടെ ലക്ഷ്യവും.

വിദേശികളെ ഇന്ത്യയിൽ എത്തിച്ച് വിദഗ്ധ ചികിത്സ നൽകി തിരികെ നാട്ടിൽ എത്തിക്കുന്ന 'പാക്കേജ് പ്രോഗ്രാമുകൾ' സംഘടിപ്പിക്കുന്ന ഗവൺമെന്റ് ഏജൻസികൾ, ടൂറിസം സ്ഥാപനങ്ങൾ, ഹോട്ടലുകൾ, വ്യക്തികൾ തുടങ്ങിയവരുടെ വ്യക്തമായ ശ്രദ്ധയാണ് ഈ രംഗത്തിനിന്ന് ആവശ്യം.

അമേരിക്കയിൽ 30,000 ഡോളർ ചെലവ് വരുന്ന ഹൃദയശസ്ത്രക്രിയക്ക് ഇന്ത്യയിൽ ആയിരം ഡോളർ മാത്രമാണ് ചെലവു വരുന്നത്. 2,50,000 ഡോളർ ചെലവ് പ്രതീക്ഷിക്കുന്ന മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ഇന്ത്യൻ ചിലവ് 26,000 ഡോളർ മാത്രം. വൈദ്യചികിത്സാ രംഗത്ത് യൂറോപ്പിനെ അപേക്ഷിച്ച് ഇന്ത്യയിൽ ഇത്രത്തോളം ചെലവ് കുറയുക എന്നത് തന്നെ ഇന്ത്യക്കും മറ്റ് ഏഷ്യൻ രാജ്യങ്ങൾക്കും ഈ രംഗത്ത് ഉയർന്നു വരുന്നതിനുള്ള സാധ്യതകൾ വളരെ അധികമാണ് എന്നതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ്. യൂറോപ്പിലെ ചെലവിന്റെ പത്തിൽ ഒന്നു കൊണ്ട് മാത്രം പരിഹരിക്കപ്പെടാവുന്ന സംവിധാനങ്ങളാണ് ഇന്ന് ഇന്ത്യയിൽ നിലവിലുള്ളതും. വൈദ്യശാസ്ത്ര രംഗത്ത് നാം കൈവരിച്ചിരിക്കുന്ന അവിസ്മരണീയമായ നേട്ടങ്ങളെപ്പറ്റി മതിയായ പ്രചാരപ്രവർത്തനങ്ങൾ നടത്തിയാൽ ഇന്ത്യ നാളെയുടെ സ്വപ്നഭൂമിയായി മാറും എന്നതിൽ ലവലേശം സംശയിക്കേണ്ടതില്ല.

"ട്രീറ്റ്മെന്റ് ടൂറിസം ഇന്ത്യയിൽ ഒരു പുതിയ വിഷയമല്ലെന്നും, കഴിഞ്ഞ 25 വർഷക്കാലമായി വിദേശികൾ ചികിത്സയ്ക്കായി ഇന്ത്യയിലേക്ക് എത്തുന്നുണ്ടെന്നും എന്നാൽ ഈ രംഗം പുരോഗതിയിലേക്ക് കടന്നത് ഇപ്പോൾ മാത്രമാണെന്നും" ഡോക്ടർ ലൂയിഡ് നസ്രേത്ത് അഭിപ്രായപ്പെടുന്നു.

ഫെഡറേഷൻ ഓഫ് ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ മഹാരാഷ്ട്രാ ഗവൺമെന്റ് 'ട്രീറ്റ്മെന്റ് ടൂറിസം കൗൺസിൽ' എന്ന ഒരു നവസംരംഭത്തിന് തുടക്കം കുറിച്ചു. 830 കിടക്കകളുള്ള ബോംബെയിലെ വേക്ക് ഹാർട്ട് ഹോസ്പിറ്റലാണ് ഇതിനുവേണ്ടി തിരഞ്ഞെടുത്തിട്ടുള്ളത്. വിമാന കമ്പനികളുടെ സഹായത്തോടെ വിദേശ രാജ്യങ്ങളിൽ നിന്നും രോഗികളെ ഇന്ത്യയിൽ എത്തിച്ച് വിദഗ്ധ ചികിത്സ നൽകി, വിവിധ പ്രദേശങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും നൽകി, പ്രകൃതിരമണീയതയും ആസ്വദിച്ച് തിരികെ സുരക്ഷിതമായി നാട്ടിൽ എത്തിക്കുന്നതിനുള്ള ചുമതല ഇതിൽ ഉൾപ്പെടുന്നു. ഹോട്ടലുകൾ, റെന്റ് എ കാർ തുടങ്ങിയവയുടെ സമ്പൂർണ്ണ സഹകരണം ഇതിന് അത്യന്താപേക്ഷിതവുമാണ്. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ നിർണയിക്കുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള അത്യന്താധുനിക സൗകര്യങ്ങൾ ഇവരിൽ ലഭ്യമാണെന്ന് വെബ്സൈറ്റ് വിശദീകരിക്കുന്നു. മഹാരാഷ്ട്രയുടെ തന്നെ ഇതര പ്രദേശങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും പരിപാടിയുള്ളതായി മഹാരാഷ്ട്ര സർക്കാരിന്റെ കൗൺസിൽ ഫോർ ട്രീറ്റ്മെന്റ് ടൂറിസം എന്ന സൈറ്റ് വ്യക്തമാക്കുന്നു.

"ഇംഗ്ലീഷ്ഭാഷ സംസാരിക്കുന്ന ജനങ്ങൾ, വിദഗ്ധന്മാരായ ഭിഷഗ്വരന്മാർ, പ്രകൃതിരമണീയമായ കാഴ്ചകൾ ഇവ കൈമുതലായുള്ള ഇന്ത്യക്ക് ട്രീറ്റ്മെന്റ് ടൂറിസത്തിന്റെ തലസ്ഥാനമായിത്തീരാൻ നിഷ്പ്രയാസം കഴിയുമെന്ന്" ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെ വെസ്റ്റേൺ പ്രോവിൻസ് ഡയറക്ടർ മിസ്റ്റർ പ്രീതം പാണ്ഡ്യ അഭിപ്രായപ്പെടുന്നു.

500നും 700നും മധ്യേ വിദേശികൾ ചികിത്സാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി മാത്രം ദിനംപ്രതി ബോംബെയിൽ എത്തുന്നതായി ഹിന്ദുജ ഗ്രൂപ്പ് ഹോസ്പിറ്റലുകളുടെ ഡയറക്ടർ അനുപം വർമ്മ അഭിപ്രായപ്പെടുന്നു. ഇത്തരം ഹോസ്പിറ്റലുകളിൽ മിക്കവയും ചാരിറ്റബിൾ ട്രസ്റ്റുകളാൽ നിയന്ത്രിക്കപ്പെടുന്നവയാണ്. അതിനാൽ ഇതിലൂടെയുള്ള ലാഭം രാജ്യത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾക്കായി പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു എന്നതാണിതിന്റെ സവിശേഷതയും. ഇതിലൂടെയുള്ള മുഖ്യനേട്ടം ഇന്ത്യൻ സമൂഹത്തിനായതിനാൽ മിക്കവാറും സ്വകാര്യആശുപത്രികളിൽ 30 ശതമാനം കിടക്കകളും വിദേശികൾക്കായി നീക്കിവച്ചിരിക്കുന്നതായി അനുപംവർമ്മ ചൂണ്ടിക്കാട്ടുന്നു.

അടുത്ത അഞ്ചുവർഷക്കാലത്തേക്ക്, വർഷംതോറും 80,000 കിടക്കകൾ എന്ന കണക്കിൽ ഇന്ത്യൻ ആശുപത്രികൾ സൗകര്യം



വർധിപ്പിക്കണമെന്നതാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (W.H.O) നൽകുന്ന നിർദേശവും. ആതുരശുശ്രൂഷാ രംഗത്ത് ഇന്ത്യയിൽ വരാൻ പോകുന്ന മാറ്റങ്ങളുടെ മുന്നറിയിപ്പാണിത്. ചികിത്സയ്ക്കായി ഇന്ത്യയെ ആശ്രയിക്കുന്ന വിദേശികൾ, ഈ രംഗത്ത് സ്വദേശികൾക്ക് ഒരു പ്രതിസന്ധിയും സൃഷ്ടിക്കില്ലെന്ന് ഡോക്ടർ നസ്രേത്ത് അഭിപ്രായപ്പെടുന്നു. "രോഗിക്ക് ലഭിക്കേണ്ട സേവനങ്ങളെ സംബന്ധിച്ച് ഈ രംഗത്ത് കൃത്യമായ ഒരു പെരുമാറ്റച്ചട്ടം നിർമിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഞങ്ങളിപ്പോൾ. അതിലൂടെ ട്രീറ്റ്മെന്റ് ടൂറിസത്തിന് ഒരു ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ"-അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ട്രീറ്റ്മെന്റ് ടൂറിസത്തിന് ചില വ്യവസ്ഥാപിത നയങ്ങളും മാനദണ്ഡങ്ങളും ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ഇന്ത്യയിൽ എത്തുന്ന വിദേശികൾക്ക് രക്ഷയ്ക്ക് പകരം അത് ശിക്ഷയായി ഭവിച്ചേക്കാനിടയുണ്ടെന്ന് ഏഷ്യൻ ടൈംസ് നിഗമനം നടത്തുന്നു. നിലവാരങ്ങളും സൗകര്യങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ചില സ്ഥാപനങ്ങൾക്ക് ചില ഇന്ത്യൻ സ്ഥാപനങ്ങൾ ക്വാളിറ്റി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെങ്കിലും, ജോയിന്റ് കൗൺസിൽ ഫോർ ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് പോലുള്ള സ്ഥാപനങ്ങളെക്കൊണ്ട് പരിശോധിപ്പിച്ച് സ്ഥാപനങ്ങളുടെ സൗകര്യവും നിലവാരവും വിലയിരുത്തിയാൽ അമേരിക്ക ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യൻ സ്ഥാപനങ്ങൾക്ക് കടന്നുകൂടാൻ കഴിയുമെന്ന് 'ഏഷ്യൻ ടൈംസ്' തുറന്നെഴുതുന്നു.

മഹാരാഷ്ട്രാ സർക്കാരിനെ പിന്തുടർന്ന് തമിഴ്നാടും ചില പുതിയ പരീക്ഷണങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണിപ്പോൾ. തമിഴ്നാട് ടൂറിസം പ്രമോഷൻ കൗൺസിലും പ്രശസ്തമായ അപ്പോളോ ഹോസ്പിറ്റലുമായുള്ള ധാരണ അനുസരിച്ച് ഇവിടെ ചികിത്സ തേടി എത്തുന്ന വിദേശികൾക്ക് 15 ശതമാനം വരെ ഇളവ് ലഭിക്കുന്നു. 95,000 വിദേശികൾ മാത്രം അപ്പോളോയിൽ ചികിത്സ തേടി എത്തിയതായിട്ടാണ് കണക്ക്. ഇവരിൽ നല്ലൊരു ഭാഗവും ഇന്ത്യൻ വംശജരാണ്. ഇതര രാഷ്ട്രങ്ങളിലെ ആശുപത്രികളുമായി ധാരണയിലാവുന്നതിനുള്ള ശ്രമത്തിലാണ് അപ്പോളോ അധികൃതർ.

നൈജീരിയയിലെ പ്രബല ഗ്രൂപ്പുകളിൽ ഒന്നായ 'ഹൈജിയ'യുമായി സാങ്കേതിക രംഗത്ത് ധാരണയിലെത്തിയിട്ടുണ്ടെന്ന് അപ്പോളോ ഗ്രൂപ്പ്സ് ഡയറക്ടർ ഡോക്ടർ ഹരിപ്രസാദ് വിശദീകരിക്കുന്നു. ആഫ്രിക്കയിലെ ഘാനയിലുള്ള ഒരാശുപത്രിക്ക് വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതും അപ്പോളോ ആണത്രെ! കുവൈത്ത്, യമൻ, സുഡാൻ, എത്യോപ്യ, എമിഗ്രേറ്റ്സ് തുടങ്ങിയ നാടുകളിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിനും ഇവർ നീക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. ബംഗ്ലാദേശ്, നേപ്പാൾ, മലേഷ്യ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളുമായി ഈ രംഗത്ത് തങ്ങൾ നല്ല സഹകരണത്തിൽ വർത്തിക്കുന്നതായി ഡോക്ടർ ഹരിപ്രസാദ് പറയുന്നു.

എയർ ഇന്ത്യാ വിമാനത്തിൽ കൊൽക്കൊത്തയിലെ പ്രമുഖ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന വിദേശികൾക്ക് 30 ശതമാനം വരെ ഇളവുകൾ നൽകുന്നതിനുള്ള ധാരണാ പത്രം നിലവിലുണ്ട്. ഇന്ത്യൻ മുതൽമുടക്കിൽ സിംഗപ്പൂർ, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ആശുപത്രികൾ നിർമിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനായി ചേമ്പർ ഓഫ് കോമേഴ്സ്, എക്സ്പോർട്ട് കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധികളും സംയുക്തമായി ഈ നാടുകളിൽ സന്ദർശനം നടത്തുകയും വിശദപഠനം നടത്തുകയും ചെയ്തിരുന്നു.

കടപ്പുറത്തെ വിശാലമായ മണൽപ്പരപ്പിൽ അർധനഗ്നയായി മലർന്നുകിടന്ന് വെയിൽ കായുന്ന മദാമ്മയുടെ ചിത്രമായിരുന്നു ഒരു കാലത്ത് ടൂറിസമെന്ന പേരു കേൾക്കുമ്പോൾ നമ്മുടെ മനസ്സുകളിലേക്ക് ഓടി എത്തിയിരുന്നത്. ഇന്ന് സങ്കല്പങ്ങൾക്കെല്ലാം പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

ചുക്കും കുരുമുളകും ഏലവും കരിങ്കുരങ്ങുമൊക്കെ കയറ്റിക്കൊണ്ടുപോകാൻ ഇന്ത്യൻ തീരമണഞ്ഞിരുന്ന അറബികളുടെ പിൻതലമുറക്കാർ പോലും ഈ മണ്ണിലെ നിക്ഷേപ സാധ്യത കണക്കിലെടുത്ത് നമ്മെ വിശ്വസിക്കാനും മുതലിറക്കാനും ഇന്ന് തയ്യാറായിരിക്കുന്നു. വിദേശികൾക്ക് നമ്മെ സംബന്ധിച്ചുള്ള സമ്പൂർണ സങ്കല്പങ്ങൾ യാഥാർത്ഥ്യമായി ഭവിക്കുന്നതിന് സഹായകമാകുന്ന അനുകൂല നിലപാടുകൾ സൃഷ്ടിക്കുന്നതിൽ നാം ഒട്ടും വൈകിക്കൂടാ.

പ്രഖ്യാപിത പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലെങ്കിലും കേരളവും ട്രീറ്റ്മെന്റ് ടൂറിസം രംഗത്ത് ദിനംപ്രതി മുന്നേറിക്കൊണ്ടിരിക്കുന്നു.

# വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി, വൈശാഖരാത്രി

**മലയാള കാവ്യഭാവനയ്ക്ക് കാല്പനികതയുടെ ഈണം പകർന്ന വാണിജയറാമെന്ന ഗായികയെക്കുറിച്ച്**

**ശശികുമാർ. സി**

വാൽകണ്ണെഴുതി വനപുഷ്പം
ചൂടി
വൈശാഖരാത്രി,

ഈ പാട്ടിന്റെ ട്യൂണിനെക്കുറിച്ചു ഒരു കഥപറയാനുണ്ട് സംഗീതസംവിധായകൻ അർജുനൻ മാഷിന്. മൂന്നു പതിറ്റാണ്ട് മുമ്പത്തെ കഥ. എം.എസ്. പ്രൊഡക്ഷൻസിന്റെ 'പിക്നിക്' എന്ന ചിത്രത്തിനു വേണ്ടി മഹാലിംഗപുരത്ത് വച്ച് ശ്രീകുമാരൻ തമ്പിയുടെ വരികൾക്ക് എത്ര മൽപിടുത്തം നടത്തിയിട്ടും അനുയോജ്യമായ ഈണം ലഭിക്കാതെ വന്നപ്പോൾ തിരിച്ചു വരുന്ന വഴിയിൽ മദ്രാസിലെ ചെറ്റ്പെട്ട് പാലത്തിന്മേൽ വച്ചു ഒരു വെളിപാട് പോലെ ഒരു ഈണം അദ്ദേഹത്തിന്റെ മനസ്സിലേക്ക് ഓടി എത്തിയ കഥയാണ് അർജുനൻ മാഷിന് പറയാനുണ്ടായിരുന്നത്. ലോഡ്ജിൽ തിരിച്ചെത്തി ട്യൂൺ പാടി ടേപ്പിലാക്കി നിർമാതാവിനെയും സംവിധായകനായ ശശികുമാറിനെയും കേൾപ്പിച്ചു. ട്യൂൺ ഇഷ്ടപ്പെട്ടതിനാൽ യേശുദാസും വാണിജയറാമും കൂടി ഗാനം പാടി. മദ്രാസിലെ ജമിനി സ്റ്റുഡിയോയിൽ വച്ചു ഗാനം റെക്കാർഡ് ചെയ്യപ്പെട്ടു. വാണിജയറാം ഭാവം ഉൾക്കൊണ്ട് പാടിയ ഈ പ്രണയഗാനം ഇന്നും പുതുമ നഷ്ടപ്പെടാതെ നിലനിൽക്കുന്നു. വാണി ജയറാമിന്റെ പേരിനൊപ്പം ചേർത്ത് വയ്ക്കാവുന്ന ഗാനവും ഇത് തന്നെ. അതിനുശേഷം മൂന്ന് പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. 'പിക്നിക്കി'ലെ ഈ ഗാനം എക്കാലത്തെയും ഹിറ്റുഗാനമായി ഇന്നും കണക്കാക്കപ്പെടുന്നു.

ഈ ഗാനമുൾപ്പെടെ വിവിധ ഭാഷകളിലായി നിരവധി ഗാനങ്ങൾ ആലപിച്ച വാണിജയറാം എന്ന പിന്നണിഗായിക സിനിമാ സംഗീതരംഗത്ത് നിന്നും വിട്ടുനിന്നിട്ട് വർഷങ്ങൾ പലതായി. ചലച്ചിത്ര ലോകത്ത് നിന്നും വിട്ടു നില്ക്കുന്ന ഈ ഗായികയെ മലയാളികൾ മറന്നു തുടങ്ങിയതായിരുന്നു. അപ്പോഴാണ് ഈ വർഷത്തെ കമുകറ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കമുകറ അവാർഡ് വാണിജയറാമിനെ തേടിയെത്തിയത്. 1976-ൽ അപൂർവരാഗം എന്ന തമിഴ് ചിത്രത്തിൽ എം.എസ്. വിശ്വനാഥൻ രൂപപ്പെടുത്തിയ "ഏഴുസ്വരങ്ങൾ എങ്ങനെ പാടും" എന്ന ഗാനത്തിനും, 1980-ൽ തെന്നിന്ത്യയുടെ സംഗീത സിരകളിൽ ലഹരിയായി ആളിപ്പടർന്ന ശങ്കരാഭരണത്തിലെ "ദൊരൈ ഗുണാ രിതുവന്തിദേവാ" എന്ന ഗാനത്തിനും 1992-ൽ സ്വാതി കിരൺ എന്ന തമിഴ്ചിത്രത്തിലെ ഗാനത്തിനും ദേശീയ ബഹുമതികൾ ലഭിച്ച വാണി ജയറാമിന് ഏറ്റവും മികച്ച ഗായികയ്ക്കുള്ള സംസ്ഥാന



അവാർഡ് തമിഴ്നാട്, ആന്ധ്ര, ഗുജറാത്ത്, ഒറീസ്സ എന്നീ സംസ്ഥാന സർക്കാരുകളും നല്കി.

മേൽപറഞ്ഞ അവാർഡുകൾക്കെല്ലാം പുറമെ വാണിജയറാം വിലമതി

**"സൗരയൂഥത്തിൽ വിടർന്നൊരു കല്യാണ സൗഗന്ധികമാണീ ഭൂമി" എന്ന സലിൽ ചൗധരിയുടെ ഗാനത്തിലൂടെയാണ് വാണിജയറാം മലയാളികളുടെ മനസ്സിൽ ചേക്കേറുന്നത്.**

ക്കുന്ന ഒരു അവാർഡുണ്ട്. ബോംബെയിൽവച്ച് 1971-ൽ സമ്മാനിച്ച ടാൻസൻ അവാർഡ്. 'ഗുഡി' എന്ന ചിത്രത്തിനു വേണ്ടി വസന്തദേശായി ഈണം പകർന്ന "ബോൽരേ പപ്പിഹരാ" എന്ന ഗാനമാണ് ഈ അപൂർവബഹുമതി വാണിജയറാമിന് നേടിക്കൊടുത്തത്. അവസാന റൗണ്ടിൽ ലത പാടിയ 'ദസ്തക്കി'ലെ "ബയ്യാൻ നാ ഡരോ" എന്ന ഗാനവുമായിട്ടായിരുന്നു മത്സരം. പക്ഷേ അവാർഡ് തുണച്ചത് വാണിജയറാമിനെ ആയിരുന്നു. അന്യ ഭാഷാ ഗായകരെ ഹിന്ദി സിനിമാ ലോകം അംഗീകരിക്കുവാൻ വിമുഖത കാട്ടിയിരുന്ന ഒരു കാലമാണ് അതെന്ന് ഓർക്കണം. ലത-ആശ സഹോദരിമാരുടെ നാദമാധുരിയിൽ ലയിച്ചു മതിമറന്നു നിൽക്കുന്ന ഹിന്ദിസിനിമാ സംഗീതലോകത്ത് ഒരു മദ്രാസിക്ക് ദേശീയ അംഗീകാരം ലഭിക്കുക എന്നത് ചില്ലറക്കാര്യമല്ല. ലതാജിയുടെ ആധിപത്യം അങ്ങനെ ആദ്യമായി ചോദ്യം ചെയ്യപ്പെടുകയായിരുന്നു.

"ബോൽരേ പപ്പിഹരാ" എന്ന ഗാനം സൂപ്പർഹിറ്റായി. ഈ ഗാനം വാണിയല്ലാതെ മറ്റാരു പാടിയാലും ഇത്ര മധുരോദാരമാകില്ലെന്ന് വസന്ത് ദേശായി തന്നെ പിന്നീട് അഭിപ്രായപ്പെടുകയുണ്ടായി. ഹിന്ദിയിൽ ആദ്യം പാടിയ ഗാനം ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടും ഹിന്ദിസിനിമാഗാന ലോകത്ത് നിന്നു അവഗണനയാണ് വാണിയെ എതിരേറ്റത്. കാരണം മറ്റൊന്നുമല്ല ലതാ മങ്കേഷ്കറിന്റെ കാലമായിരുന്നു അത്. തുടർന്ന് പണ്ഡിറ്റ് രവിശങ്കർ ഈണം നൽകിയ 'മീര' എന്ന ചിത്രത്തിനു പാടാൻ വാണിജയറാമിന് അവസരം ലഭിക്കുകയുണ്ടായി. ലതയെയായിരുന്നു ആദ്യം ഉദ്ദേശിച്ചത്. പക്ഷേ ഒരു 'മീരാ ഭജൻ" അവരുടെ സഹോദരൻ ഹൃദയനാഥിനുവേണ്ടി പാടിയിരുന്നു. അതിലും നന്നായി ഒരു 'മീരാ ഭജൻ' പാടാൻ കഴിയില്ല എന്നും പറഞ്ഞു ലത ക്ഷണം നിരസിക്കുകയായിരുന്നു. 'മീര'യുടെ സംഗീത സംവിധാനം ഹൃദയനാഥിനു നല്കാതെ രവിശങ്കറെ ഏല്പിച്ചത് ലതയെ ചൊടിപ്പിച്ചിരുന്നു. രവിശങ്കറിന്റെ തന്നെ 'അനുരാധ' എന്ന പടത്തിന്റെ റെക്കോർഡിങ് സമയത്ത് രവിശങ്കറുമായി ലത പിണങ്ങിയിരുന്നു. രവിശങ്കറും ലതയും തമ്മിലുള്ള പിണക്കമായിരുന്നു വാണിജയറാമിന് തുണയായത്. 'മീര'യിലെ ഗാനങ്ങൾക്കും വാണിയ്ക്ക് അവാർഡ് ലഭിച്ചു. 1981-ലെ ഫിലിംഫെയർ അവാർഡ് വാണിക്ക് നല്കപ്പെട്ടു. ഇതൊക്കെയായിട്ടും ഈ ഗായികയുടെ ഹിന്ദിയിലെ മുന്നേറ്റം തടയപ്പെട്ടു. ഹിന്ദി സിനിമാസംഗീത ലോകത്തെ രാഷ്ട്രീയം തന്നെ കാരണം.

തമിഴ്നാട്ടിലെ വെല്ലൂരിൽ ദൊരൈസ്വാമിയുടെയും പത്മാവതിയുടെയും എട്ടാമത്തെ മകളായ വാണി ജയറാമിന്റെ യഥാർത്ഥ പേര് കലൈവാണി എന്നാണ്.

**ശാസ്ത്രീയസംഗീതത്തിലെ രാഗങ്ങൾക്ക് പുതിയൊരു മുഖം സമ്മാനിച്ച ദേവരാജൻ സുശീലയുടെയും മാധുരിയുടെയും ശബ്ദവും, ഹിന്ദുസ്ഥാനി സംഗീതത്തിന്റെ രാഗലയങ്ങളെ മലയാള ഗാനങ്ങളിൽ സന്നിവേശിപ്പിച്ച എം.എസ്. ബാബുരാജ് എസ്. ജാനകിയുടെ ശബ്ദവും തേടിപ്പോയപ്പോൾ അർജുനൻ വാണിയുടെ കൈകളിൽ തന്റെ ഗാനങ്ങൾ ഭദ്രമാണെന്ന് കരുതി.**

മകളുടെ ഭാവിയെപ്പറ്റി അറിയാൻ ജ്യോത്സ്യന്റെ അടുക്കൽ എത്തിയ ദൊരൈ സ്വാമിയോട് ജ്യോത്സ്യൻ പറഞ്ഞു. "ഈ



കുഞ്ഞിന്റെ ഭാവിയെ പറ്റി വിഷമിക്കേണ്ടതില്ല. ദൈവാനുഗ്രഹം വേണ്ടുവോളമുണ്ട്. വലിയ സംഗീതജ്ഞയായി അറിയപ്പെടും. കുഞ്ഞിന് കലൈവാണി എന്നു പേരിടണം". വിവാഹം കഴിഞ്ഞതോടെ കലൈവാണി വാണിജയറാമായി. എങ്കിലും കല വാണിയോടൊപ്പം ഇപ്പോഴുമുണ്ട്. ബോംബെയിലെ ഇൻഡോ നോർവീജിയൻ ചേമ്പർ ഓഫ് കോമേഴ്സിൽ ഉദ്യോഗസ്ഥനായ, സിത്താർ വായനക്കാരൻ കൂടിയായ ജയറാമാണ് വാണിയുടെ ഭർത്താവ്. സ്റ്റേറ്റ് ബാങ്കിൽ ജോലി ചെയ്തു വരുമ്പോഴായിരുന്നു വാണിയുടെ വിവാഹം. വിവാഹശേഷം വാണിജയറാം ഭർത്താവ് ജയറാമിനൊപ്പം ബോംബെയിൽ കുടിയേറി. ഇക്കാലങ്ങളിലാണ് വാണിജയറാം ഉസ്താദ് അബ്ദുൾ റഹിമാൻഖാന്റെ കീഴിൽ ഹിന്ദുസ്ഥാനി സംഗീതം അഭ്യസിച്ചത്. കലയും ജോലിയും ഒരുമിച്ച് കൊണ്ടുപോകാൻ കഴിയില്ല എന്ന് ഗുരു ഉപദേശിച്ച പ്രകാരം വാണിജയാം സ്റ്റേറ്റ് ബാങ്കിലെ ജോലി ഉപേക്ഷിച്ചു. മുഴുവൻ സമയവും സംഗീതത്തിനുവേണ്ടി വിനിയോഗിച്ചു. തുംറിയും ഗസലും ഭജൻസും സ്വായത്തമാക്കിയതിനു ശേഷം വാണിജയറാമിന്റെ ആദ്യ കച്ചേരി 1969-ൽ ബോംബെയിൽ അരങ്ങേറി. ഈ സംഗീതപരിപാടിയിൽ വച്ചാണ് സംഗീത സംവിധായകൻ വസന്ത്ദേശായി വാണിയെ കാണുന്നത്. കച്ചേരിയിൽ ആകൃഷ്ടനായ വസന്ത് ദേശായി വാണിയെ സിനിമയിലേക്ക് ക്ഷണിക്കുകയായിരുന്നു. ഒരു മറാത്തി ഗാനം പാടാനായിരുന്നു വസന്ത് ദേശായി വാണിക്ക് ആദ്യം അവസരം നല്കിയത്. ദേശായിക്ക് തെറ്റിയില്ല. ഗാനം ശ്രദ്ധിക്കപ്പെട്ടു. ഒരു പുതിയ ശബ്ദമാധുരി സംഗീതലോകത്ത് പരിചയപ്പെടുത്തിയ വസന്ത്ദേശായി തന്റെ ഹിന്ദി ചിത്രമായ 'ഗുഡി'യിലെ ഗാനങ്ങൾ വാണിയുടെ കരങ്ങളിൽ ഭദ്രമാകുമെന്ന് കരുതി

ഏല്പിച്ചു. അതിലെ "ബോൽരേ പപ്പി ഹരാ" ഹിറ്റായി. ആലാപനമാധുര്യം കൊണ്ട് ശ്രോതാക്കളുടെ ഉള്ളിൽ തേൻ മഴയായി പെയ്തിറങ്ങിയ വാണി ജയറാമിന്റെ നാദധാര ഹിന്ദിശ്രോതാക്കളുടെ ഹൃദയം കവർന്നു.

സിനിമാരംഗത്തെ ഗ്രൂപ്പുകൾക്കും വടംവലികൾക്കും മുമ്പിൽ പകച്ചു നിന്ന ഈ ഗായികയുടെ രക്ഷയ്ക്ക് സലിൽ ചൗധരി എത്തി. 1973-ൽ സലിൽ ചൗധരി വാണിജയറാമിനെ മലയാള സിനിമയക്ക് പരിചയപ്പെടുത്തി. "സൗരയൂഥത്തിൽ വിടർന്നൊരു കല്യാണ സൗഗന്ധികമാണീ ഭൂമി" എന്ന സലിൽ ചൗധരിയുടെ ഗാനത്തിലൂടെയാണ് വാണിജയറാം മലയാളികളുടെ മനസ്സിൽ ചേക്കേറുന്നത്. സലിൽ ചൗധരിയുടെ ഹൃദയഹാരിയായ സംഗീതത്തിൽ വിടർന്ന ഗാനങ്ങൾ വാണിജയറാമിനെ ഉയരത്തിൽ പ്രതിഷ്ഠിച്ചു. "ധുംതനധും തനനചിലങ്കേ", "നാടൻ പാട്ടിലെ മൈന" (രാഗം), "ഉണരൂ ഉണരൂ ഉഷാദേവതേ" (ദാസിനൊപ്പം എയർഹോസ്റ്റസിൽ), "ആയില്യം പാടത്തെ പെണ്ണേ" (ദാസിനൊപ്പം രാസലീലയിൽ) തുടങ്ങിയ ഗാനങ്ങൾ സലിൽ ചൗധരിക്കു വേണ്ടി വാണിജയറാം ആലപിച്ചവയിൽ പെടും. നാടൻപാട്ടും സംഗീതവും ഓർക്കസ്ട്രേഷനു വഴക്കിയെടുത്ത് ഭാവാത്മകമായി ഗാനങ്ങൾ സൃഷ്ടിക്കുന്ന സലിൽ ചൗധരിയെ തൃപ്തിപ്പെടുത്താൻ ഏറെ പ്രയാസമുള്ള കാര്യമാണ്. പക്ഷേ അദ്ദേഹം ഏല്പിച്ച ഗാനങ്ങളിൽ ഏറെ പ്രയാസം അനുഭവപ്പെടുന്ന ഈണങ്ങൾ വരെ അനായാസം പാടി സലിൽദായിയുടെ അഭിനന്ദനങ്ങൾ നേടിയിട്ടുണ്ട് എന്ന് ഒരഭിമുഖത്തിൽ വാണിജയറാം പറയുകയുണ്ടായി.

ശാസ്ത്രീയസംഗീതത്തിലെ രാഗങ്ങൾക്ക് പുതിയൊരു മുഖം സമ്മാനിച്ച ദേവരാജൻ സുശീലയുടെയും മാധുരിയുടെയും ശബ്ദവും, ഹിന്ദുസ്ഥാനി സംഗീതത്തിന്റെ രാഗലയങ്ങളെ മലയാള ഗാനങ്ങളിൽ സന്നിവേശിപ്പിച്ച എം.എസ്. ബാബുരാജ് എസ്. ജാനകിയുടെ ശബ്ദവും തേടിപ്പോയപ്പോൾ അർജുനൻ വാണിയുടെ കൈകളിൽ തന്റെ ഗാനങ്ങൾ ഭദ്രമാണെന്ന് കരുതി. ദേവരാജന്റെയും ബാബുരാജിന്റെയും ഗാനങ്ങൾക്ക് ശബ്ദം നൽകാൻ കഴിയാതെ പോയതിൽ ദുഃഖമുണ്ടെന്ന് ഒരിക്കൽ വാണി പറഞ്ഞിട്ടുണ്ട്. വാണിയുടെ വോക്കൽ റേഞ്ച് ശരിക്കും മനസ്സിലാക്കി പ്രയോജനപ്പെടുത്തിയത് അർജുനനാണ്. "മാവിന്റെ കൊമ്പിലിരുന്നൊരു മൈന വിളിച്ചു" (പ്രവാഹത്തിൽ ദാസിനൊപ്പം), "തേടി തേടി ഞാനലഞ്ഞു" (സിന്ധു), "സീമന്തരേഖയിൽ" (ആശീർവാദം) "സപ്തസ്വരങ്ങളാകും" (ശംഖുപുഷ്പം), "തിരുവോണപുലരിയിൽ"(തിരുവോണം) തുടങ്ങിയ അതിമനോഹരമായ ഗാനങ്ങൾ വാണിജയറാം അർജുനനു വേണ്ടി ആലപിച്ചു.

ഹിന്ദിയിലെ തിരക്ക് കുറഞ്ഞപ്പോൾ വാണിജയറാം വീണ്ടും മലയാളത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. മലയാളത്തിലെ ഒട്ടുമിക്ക സംവിധായകരുടെയും ഈണങ്ങൾക്ക് ശബ്ദമാധുരി നല്കാൻ വാണിജയറാമിന് അവസരം ലഭിച്ചിട്ടുണ്ട്. ശാസ്ത്രീയ സംഗീതത്തിലെ ഊടും പാവും നല്കി ദക്ഷിണാമൂർത്തിസ്വാമി നെയ്തെടുത്ത ഗാനങ്ങൾ വാണി അവിസ്മരണീയമാക്കി. "മഞ്ഞപ്പട്ടുഞൊറിഞ്ഞു" (അമ്പലപ്രാവ്), "മൗനമിതെന്തേ മായാവി" (കടുവയെ പിടിച്ച കിടുവ), "എന്റെ കയ്യിൽ പൂത്തിരി" (സമ്മാനം) എന്നിവ സ്വാമിക്കു വേണ്ടി ചെയ്ത ഗാനങ്ങളിൽ പെടും. ഫോക്ക് സംഗീതത്തിന്റെ വിവിധ സ്പർശങ്ങൾ ഗാനത്തിൽ സന്നിവേശിപ്പിച്ച കെ. രാഘവൻ മാസ്റ്ററിന്റെ "നാദാപുരം പള്ളിയിലെ" (തച്ചോളി അമ്പു), ആർ.കെ. ശേഖറിന്റെ "ആഷാഢമാസം" (യുദ്ധഭൂമി), ജെറി അമൽദേവിന്റെ "മഞ്ചാടിക്കുന്നിൽ" (മഞ്ഞിൽ വിരിഞ്ഞ



**ചലച്ചിത്ര ലോകത്ത് നിന്നും വിട്ടു നില്ക്കുന്ന ഈ ഗായികയെ മലയാളികൾ മറന്നു തുടങ്ങിയതായിരുന്നു. അപ്പോഴാണ് ഈ വർഷത്തെ കമുകറ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കമുകറ അവാർഡ് വാണി ജയറാമിനെ തേടിയെത്തിയത്.**

പൂക്കൾ), ജോയിയുടെ "മറഞ്ഞിരുന്നാലും മനസ്സിന്റെ" (സായൂജ്യം), ശങ്കർ ഗണേഷിന്റെ "ചിത്രവർണ പുഷ്പജാലം" (അയലത്തെ സുന്ദരി), എ.ടി. ഉമ്മറിന്റെ "കുങ്കുമപൊട്ടിലൂറും കവിതേ" (പാൽക്കടൽ), ശ്യാമിന്റെ "നായകാപാലകാ" (ലക്ഷ്മിവിജയം), എം.ജി. രാധാകൃഷ്ണന്റെ "ഓർമകൾ ഓർമകൾ" (രണ്ടുജന്മം) തുടങ്ങിയവ ആസ്വാദകർ നെഞ്ചിലേറ്റിയ ഗാനങ്ങളാണ്.

തന്റെ ശബ്ദത്തിന് മറ്റുള്ളവരുടെ ഇടർച്ചകളുടെ മാറ്റൊലി നല്കരുതെന്നു ഉറച്ച വിശ്വാസവുമായി പാടിയ ഗായികയാണ് വാണി ജയറാം. 14 ഭാഷകളിൽ പാടിയ അവരുടെ ആലാപനം പലരുടെയും മുന്നേറ്റം തടഞ്ഞിട്ടുണ്ട്.

സംഗീതത്തിൽ പുത്തൻ അഭിരുചികൾ കടന്നു വന്നപ്പോൾ ആലാപന രീതികൾ മാറിയപ്പോൾ ജീവിതവുമായി ബന്ധമുള്ള വരികളിലൂടെ മലയാള ഗാനങ്ങൾ ജനഹൃദയങ്ങളിൽ ജീവിച്ച കാലം ഓർമയായി മാറാൻ തുടങ്ങിയപ്പോൾ വാണിജയറാം പതുക്കെ രംഗത്ത് നിന്നും പിന്മാറി. സ്റ്റേജ് പരിപാടികളിലും ഭജൻ പരിപാടികളിലും അഭയം കണ്ടെത്തി. വാണിജയറാം ഇന്ന് ഒട്ടുമിക്ക നഗരങ്ങളിലും ഗസൽ കച്ചേരി നടത്തുന്നു. അടുത്തകാലത്ത് ഭക്തിഗാനങ്ങളുടെ ആൽബവും അവരുടേതായി പുറത്തിറക്കിയിട്ടുണ്ട്. കർമവിധികളേറ്റെടുക്കാൻ ഒരു സന്താനമില്ലാത്ത ദുഃഖം മാത്രം അവർ ഉള്ളിലൊതുക്കുന്നു.

മലയാളിയല്ലാതിരുന്നിട്ടും മലയാളഗാനങ്ങൾ എല്ലാ അർത്ഥവ്യാപ്തിയും ഉൾക്കൊണ്ട് പാടി എന്നതാണ് വാണിജയറാമിനുള്ള വിജയം. മലയാള കാവ്യഭാവനയ്ക്ക് കാല്പനികതയുടെ ഈണം പകർന്ന ഒരു പിടി മധുരഗാനങ്ങൾ നമ്മുടെ ചുണ്ടിലേക്ക് പകർന്നു തന്ന വാണി ജയറാമിനെ കമുകറ അവാർഡിലൂടെ മലയാളികൾ ആദരിച്ചത് നന്നായി.

ജേക്കബ് എബ്രഹാം

## ഏഴുവർണങ്ങളിൽ വിരിഞ്ഞ ചിത്രങ്ങളിലൂടെയും ചരിത്രം നമുക്ക് വായിക്കാം. ചരിത്രം പുനർജനിക്കുന്ന, ഭാരതീയജീവിതത്തിന്റെ നേർക്കാഴ്ചകളാകുന്ന 'കമ്പനിസ്കൂൾ പെയിന്റിംഗ്' എന്ന പുരാതന ഇന്ത്യൻ ചിത്രകലാരീതിയെ പരിചയപ്പെടുക.

# കമ്പനി സ്കൂ
# പാട്ടർകളർ

ഒരു കാലത്ത് യൂറോപ്യൻ രാഷ്ട്രങ്ങളുടെ കോളനികളായിരുന്ന രാജ്യങ്ങൾ ഇന്ന് കോളനിഭരണകാലം തങ്ങളുടെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സ്വത്വത്തെ എങ്ങനെ അട്ടിമറിച്ചു എന്ന് ആഴത്തിൽ പഠിക്കുന്ന കാലഘട്ടമാണിത്. ഇങ്ങനെ ഈ പോസ്റ്റ് കൊളോണിയൽ കാലത്ത് സാഹിത്യത്തിലും സിനിമയിലും ചിത്രകലയിലും അടിമത്തത്തിന്റെ ദുർദിനങ്ങളെക്കുറിച്ചുള്ള തിരിഞ്ഞുനോട്ടങ്ങളും വിശകലനങ്ങളും വളരെ സജീവമാണ്. അമീർഖാൻ നായകനായി അഭിനയിച്ച മംഗൾപാണ്ഡെ എന്ന സമീപകാല ബ്രിട്ടീഷ്കോളനി വിരുദ്ധ സിനിമ ഇന്നത്തെ ഇംഗ്ലീഷുകാർക്കിടയിൽ പോലും രോഷത്തിനിടയാക്കിയത് കോളനിഭരണം അവസാനിച്ചിട്ടും പൂർവകാല കൊളോണിയലിസ്റ്റുകളുടെ മനസ്സ് ഇന്നും ബ്രിട്ടീഷ് ജനതയെ വേട്ടയാടുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ്. ഗ്ലോബൽ വില്ലേജ് എന്നൊക്കെ ആലങ്കാരികമായി പറയാമെങ്കിലും 'ഈസ്റ്റ് ഈസ് ഈസ്റ്റ്, വെസ്റ്റ് ഈസ് വെസ്റ്റ്' എന്നു തുടങ്ങുന്ന റുഡ്യാർഡ് കിപ്ലിങ്ങിന്റെ ഉപയോഗിച്ചു പഴകിയ വരികൾ ഇന്നും പ്രസക്തമാണ്.

ഇൻക്രെഡിബിൾ ഇന്ത്യ എക്കാലവും യൂറോപ്യൻ ജനതയ്ക്ക് വിസ്മയങ്ങൾ സമ്മാനിക്കുന്ന ഒരു അത്ഭുതദ്വീപാണ്. ഇ.എം. ഫോസ്റ്ററുടെ 'എ പാസ്സേജ് ടു ഇന്ത്യ' വായിച്ച കൊളോണിയലിസ്റ്റുകളുടെ ആദ്യ തലമുറയ്ക്കും വി.എസ്. നെയ്പോളിന്റെ 'ഇന്ത്യ എ വൂണ്ടഡ് സിവിലൈസേഷൻ' വായിച്ച പുതിയ യൂറോപ്യൻ ജനതയ്ക്കും ഇന്ത്യ ഇന്നും പാമ്പാട്ടികളുടെയും ഒട്ടകനിരയുമായി രാജസ്ഥാൻ മരുഭൂമി പിന്നിടുന്ന ഗ്രാമീണരുടെയും മുഗൾ സാമ്രാജ്യത്തിന്റെ പ്രൗഢികൾ അത്രയും വിളിച്ചോതുന്ന മട്ടിൽ നിലകൊള്ളുന്ന പഴയ ഭരണപ്രതാപങ്ങളിൽ പണിതീർത്ത പുതിയ ലക്ഷ്വറി താജ്പാലസുകളുടെയും ഇംഗ്ലീഷ് സ്പീക്കിംഗ് മിസ്റ്ററിക് ഗുരുക്കളുടെയും നാടാണ്.

ഇന്ത്യൻ ചിത്രകലയുടെ ചരിത്രത്തിൽ അധികമൊന്നും പരാമർശിച്ചു കണ്ടിട്ടില്ലാത്ത കമ്പനി സ്കൂൾ പെയിന്റിംഗ് എന്ന വിശാലമായ ചിത്രകലാ ചരിത്രം പരിശോധിക്കുമ്പോഴും കണ്ടെത്താൻ കഴിയുന്നത് ഏഴുവർണങ്ങളിൽ നിറയുന്ന ഇന്ത്യൻ ജീവിതത്തിന്റെ നേർക്കാഴ്ചകളോടൊപ്പം ജാതിയ്ക്കായും അടയ്ക്കായും ഇന്ത്യൻ പക്ഷിയും ഇന്ത്യൻ മരങ്ങളും എങ്ങനെ വിദേശവിപണിയിൽ എത്തിപ്പെട്ടു എന്നതിന്റെ വാണിജ്യ ചരിത്രം കൂടിയാണ്.

### പോർച്ചുഗീസ് കാലത്തെ ഇന്ത്യൻ ചിത്രങ്ങൾ

1498-ൽ സാഹസികനായ വാസ്കോഡിഗാമ കോഴിക്കോട് വന്നിറങ്ങിയതോടുകൂടി ആരംഭിക്കുന്ന അധിനിവേശത്തിന്റെ ചരിത്രത്തിന് ചിത്രകലയുമായി ഏറെ ബന്ധമാണുള്ളത്. വാസ്കോഡിഗാമയ്ക്ക് ശേഷം വന്ന പോർച്ചുഗീസ് വ്യാപാരികൾ 1510-ൽ ഗോവ പിടിച്ചടക്കുകയും യൂറോപ്യൻ ശില്പരീതിയിൽ തീർത്ത ദേവാലയങ്ങൾ കൊണ്ടും മറ്റ് കെട്ടിടങ്ങൾ കൊണ്ടും ഗോവയിലെ പനാജിയെ ഏതൊരു യൂറോപ്യൻ നഗരവും നാണിക്കുന്ന അതിമനോഹരമായ ഒരു യൂറോപ്യൻ നഗരമാക്കി മാറ്റി. ആദ്യകാലത്ത് ഈസ്റ്റിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങൾ കടത്തിത്തുടങ്ങിയത് പോർച്ചുഗീസുകാരാണെന്ന് ചരിത്രത്തിൽ പറയുന്നു. സഞ്ചാരികളായ പോർച്ചുഗീസ് കച്ചവടക്കാരോടൊപ്പം ലിസ്ബണിൽ നിന്ന് ശാസ്ത്രജ്ഞന്മാരുടെയും ചരിത്രകാരന്മാരുടെയും എഴുത്തുകാരുടെയും പറ്റങ്ങൾ കേരളത്തിലേക്കും ഇന്ത്യൻ തീരങ്ങളിലേക്കും എത്തിത്തുടങ്ങി.

ലിസ്ബൺ യൂണിവേഴ്സിറ്റിയിലെ അധ്യാപകനായ പ്രകൃതി ശാസ്ത്ര ഗവേഷകൻ ഗാർസിയ ഡി ഓർട്ടയും അങ്ങനെ എത്തിയവരിൽ ഒരാളാണ്. ഇന്ത്യൻ സസ്യജാലങ്ങളെക്കുറിച്ചും ഉത്പന്നങ്ങളെക്കുറിച്ചും പഠിച്ച ഗാർസിയ ഓർട്ട ഇന്ത്യയിലെ ഗ്രാമീണ ചിത്രകാരന്മാരെക്കൊണ്ട് കുരുമുളക് ചെടിയുടെയും ജാതിക്കയുടെയും പക്ഷികളുടെയും ചിത്രങ്ങൾ വരപ്പിച്ചു തുടങ്ങിയതോടു കൂടി കമ്പനി സ്കൂൾ പെയിന്റിംഗ് തിരി തെളിഞ്ഞു തുടങ്ങി. ഓർട്ടയുടെ നിർദേശപ്രകാരം ഇരുണ്ട നിറത്തിൽ വർണങ്ങൾ വാരിയെറിഞ്ഞ തരത്തിൽ വസ്ത്രങ്ങൾ ധരിച്ച സ്ത്രീകളെയും പുരുഷന്മാരെയും ചിത്രകാരൻമാർ വരച്ചു. ഇത്തരത്തിൽ താൻ ഒപ്പിയെടുത്ത ഇന്ത്യൻ ജീവിതവുമായി ലിസ്ബണിൽ തിരിച്ചെത്തിയ സാഹസികനായ ഗാർസിയ തന്റെ ഇന്ത്യൻ കാഴ്ചകൾ പ്രിയതമയെയും ബന്ധുക്കളെയും കാണിച്ചു. വൻ മ്യൂസിയങ്ങളിൽ പ്രദർശനത്തിന് വയ്ക്കുകയും പഠന ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തു. അങ്ങനെ ഫോട്ടോഗ്രാഫിയ്ക്ക് മുമ്പ്





ഇത്തരം കമ്പനി ചിത്രങ്ങളിലൂടെയാണ് ഇന്ത്യ എന്ന അത്ഭുതലോകം ആദ്യകാലത്ത് യൂറോപ്യൻ നോട്ടത്തിന് വിധേയമായത്. ശാസ്ത്രത്തിന്റെയും അധിനിവേശത്തിന്റെയും വഴിയിൽ ചിത്രകല അങ്ങനെ ഒരു ശക്തമായ മാധ്യമമായിത്തീരുകയായിരുന്നു.

വാസ്കോഡിഗാമ കണ്ടെത്തിയ കടൽവഴിയിലൂടെ വന്നെത്തിയ ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും പതിനേഴാം നൂറ്റാണ്ടോടുകൂടി ഇന്ത്യയിലെമ്പാടും നിറഞ്ഞു. ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഉദ്യോഗസ്ഥരായി വന്നെത്തിയവരെ കൂടാതെ ഇന്ത്യ എന്ന സ്വർണം വിളയുന്ന ഖനി തേടി എത്രയും വേഗം പണം സമ്പാദിക്കുക എന്ന താത്പര്യത്തോടെ യൂറോപ്പിൽ നിന്നും ഡോക്ടർമാർ, ആയോധനവിദ്യയിൽ പ്രാഗത്ഭ്യം നേടിയവർ, രത്നകച്ചവടക്കാർ എന്നിവരൊക്കെ ഇന്ത്യയിലെത്തി. തങ്ങളുടെ ഇന്ത്യയിലെ വാസത്തിനിടയിൽ തദ്ദേശീയരായ ജനങ്ങളുമായി അടുത്തബന്ധം പുലർത്താൻ ഇവർ ശ്രദ്ധിച്ചു.





ഇക്കൂട്ടത്തിൽ ചിലർ തങ്ങളുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും മനോഹരമായി എഴുതി സൂക്ഷിച്ചു. എന്നാൽ 1656–ൽ ഇന്ത്യയിലെത്തിയ നിക്കോളോ മനുച്ചി (Niccolao Mannucci [1639-1717]) എന്ന ഇറ്റാലിയൻ സാഹസികൻ താൻ കണ്ട ഇന്ത്യൻ കാഴ്ചകൾ മിനിയേച്ചർ പെയിന്റിംഗുകളായി ചിത്രീകരിക്കുകയായിരുന്നു. ഇന്ത്യയിലെ ഭരണാധികാരികളുടെയും പ്രഭുക്കന്മാരുടെയും ചിത്രങ്ങളായിരുന്നു പ്രധാനമായും മനുച്ചി വരച്ചത്. എന്നാൽ മദ്രാസിലെ തന്റെ ജീവിത വാസത്തിനിടയിൽ 1701–05 വരെയുള്ള കാലഘട്ടത്തിൽ ദേവീദേവന്മാരുടെ ചിത്രങ്ങളും ഹൈന്ദവമതചടങ്ങുകളും പെയിന്റിംഗുകളിലേക്ക് ഉൾപ്പെടുത്താനാണ് ഇദ്ദേഹം ശ്രമിച്ചത്.



ദക്ഷിണഭാരതത്തിലെ മധ്യകാല ചിത്രകലാ സങ്കേതങ്ങളോട് പ്രത്യേകിച്ചും മ്യൂറൽ ചിത്രകലാരീതിയോട് അടുത്തബന്ധം പുലർത്തും വിധമാണ് മനുച്ചി ഈ ചിത്രങ്ങൾ വരച്ചത്. ഇത്തരം ചിത്രങ്ങൾ വരയ്ക്കാനായി തദ്ദേശീയരായ ഗ്രാമീണചിത്രകാരന്മാരെ മനുച്ചി പരിശീലിപ്പിക്കുകയും ചെയ്തു. അങ്ങനെ കമ്പനി സ്കൂൾ പെയിന്റിംഗ് എന്ന ചിത്രകലാരീതിയുടെ യഥാർത്ഥ പിതാവാവുകയായിരുന്നു മനുച്ചി.

മനുച്ചിയ്ക്കു ശേഷം വന്ന ഫ്രഞ്ചുകാരായ ചിത്രകാരന്മാരും ഇന്ത്യയിലെ കാഴ്ചകളും വിവരങ്ങളും ശേഖരിക്കുവാനായി ചിത്രകലയെത്തന്നെയാണ് ആശ്രയിച്ചത്. ഇത്തരം ചിത്രങ്ങൾ വരച്ചതാവട്ടെ അപ്രശസ്തരായ, ദരിദ്രരായ ഇന്ത്യൻ ചിത്രകാരന്മാരും. ഇത്തരത്തിൽ ചിത്രങ്ങളിലൂടെ ശേഖരിച്ച ഇന്ത്യയെക്കുറിച്ചുള്ള വിവരങ്ങളുടെ ഒരു വൻശേഖരം പാരീസിലെ 'ബിബ്ലിയോത്തിക്കൂ നാഷനേൽ' എന്ന മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്.



## ഈസ്റ്റ് ഇന്ത്യാ കമ്പനിയും കമ്പനി സ്കൂൾ പെയിന്റിംഗും

പതിനെട്ടാം നൂറ്റാണ്ടോടുകൂടി ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ പൂർണമായും ആധിപത്യമുറപ്പിച്ചു. ഇംഗ്ലണ്ടിൽ നിന്നും യുവതലമുറയിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഒന്നാകെ ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഉദ്യോഗസ്ഥരായി ഇന്ത്യ എന്ന വന്യമായ അനുഭവം തേടി ഇവിടെയെത്തി. ഇന്ത്യ കണ്ട് അത്ഭുതപ്പെട്ട ക്യാപ്ടൻ മൺഡി (Captain Mundy) എഴുതി.

'ഇന്ത്യയുടെ ഓരോ അണുവും അപാര ഭംഗിയാർന്ന വിധം ചിത്രീകരണയോഗ്യമാണ്; ഇവിടത്തെ കുടിലുകൾ, നാട്ടുയോദ്ധാക്കൾ, ഭരണികൾ, മൃഗങ്ങൾ അങ്ങനെ എല്ലാം. എന്നാൽ ചിത്രകലയിൽ താത്പര്യമുള്ള ഇംഗ്ലീഷുകാർക്ക് ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിയാൻ കഴിഞ്ഞില്ല'. അവർ തങ്ങളുടെ പ്രിയപ്പെട്ട വിഷയങ്ങൾ പരിശീലിപ്പിക്കപ്പെട്ട ഇന്ത്യൻ ചിത്രകാരന്മാരെക്കൊണ്ട് വരപ്പിച്ചെടുക്കാനാണ് ശ്രദ്ധിച്ചത്. അങ്ങനെ ഇന്തോ–യൂറോപ്യൻ ശൈലിയിൽ വളർന്നു വികസിച്ച കമ്പനി സ്കൂൾ പെയിന്റിംഗിന്റെ പ്രധാന കേന്ദ്രങ്ങൾ തഞ്ചാവൂർ, ത്രിശ്ശിനാപ്പള്ളി, ഡൽഹി, ലക്നൗ, ബനാറസ്, പാറ്റ്ന എന്നിവിടങ്ങളാണ്. പല്ലക്കും ചുമട്ടുകാരും (Palaquinand bearers), പാഠശാല, ദിവാൻ (Dewan), പാമ്പാട്ടി (Snake charmer) തുടങ്ങി മതഘോഷയാത്രകൾ, ആചാരങ്ങൾ, ഇന്ത്യൻ സ്ത്രീകൾ, പ്രകൃതി ദൃശ്യങ്ങൾ എന്നിങ്ങനെ ഇന്ത്യൻ ജീവിതം ഒന്നാകെ ഇത്തരം കമ്പനി സ്കൂൾ പെയിന്റേഴ്സ് ഒപ്പിയെടുത്തു.

അങ്ങനെ ഇന്ത്യ എന്ന മഹാത്ഭുതത്തെക്കുറിച്ചുള്ള യൂറോപ്യൻ ജനതയുടെ ആദ്യകാല ആകാംഷയായിരുന്ന കമ്പനി സ്കൂൾ പെയിന്റിംഗുകൾ 1840 കളിലെ ഫോട്ടോഗ്രാഫിയുടെ വരവോടുകൂടി ക്രമേണ ക്ഷയിച്ചു തുടങ്ങി. ഫോട്ടോഗ്രാഫിയെന്ന കാഴ്ചയുടെ പുതിയ മാധ്യമത്തിന് മുമ്പിൽ ഇന്ത്യൻ ചിത്രകലാ ചരിത്രത്തിൽ അധികമൊന്നും പരാമർശിക്കാത്ത കമ്പനിസ്കൂൾ പെയിന്റിംഗ് എന്ന സുവർണ അധ്യായത്തിന് തിരശീല വീണു. അതോടൊപ്പം ദരിദ്രരായ ഒരു പറ്റം ഗ്രാമീണചിത്രകാരന്മാരുടെ മഹത്തായ ചിത്രകലാ സംഭാവനയ്ക്ക് അർഹമായ പരിഗണന ലഭിക്കാതെ പോവുകയും ചെയ്തു.

യിലെത്തിയത്. 1799-ൽ ഇംഗ്ലീഷ് സൈന്യം ശ്രീരംഗപട്ടണത്തു വച്ച് ടിപ്പുസുൽത്താനെ വെടിവച്ചുകൊല്ലുകയും മൈസൂരിനെ തങ്ങളുടെ നേരിട്ടുള്ള ഭരണത്തിലാക്കുകയും ചെയ്തു. പിന്നീട് കോട്ടയത്തെക്കൂടി കീഴടക്കാനുള്ള ശ്രമം തുടങ്ങി. വെല്ലസ്ലി വയനാട്ടിനെ വിഭജിച്ച് ഒരുഭാഗം കോയമ്പത്തൂരിനോടും മറ്റൊരുഭാഗം മൈസൂരിനോടും ചേർത്തു. മലബാറിന്റെ ഭരണം ബോംബെയിൽ നിന്നും മാറ്റി മദിരാശിയോട് ചേർത്തു. ഈ ഘട്ടത്തിൽ കേരള വർമ്മ കോട്ടയത്തെത്തി കർഷകപ്രമുഖരെയും പടനായകരെയും ജനങ്ങളെയും വിളിച്ചു ചേർത്ത് സമരസജ്ജമാക്കി. ടിപ്പുവിന്റെ സേനയിലുണ്ടായിരുന്ന നിരവധിപേർ പഴശ്ശിക്ക് സഹായങ്ങൾ ചെയ്തു. കേണൽ വെല്ലസ്ലി തലശ്ശേരിയിൽ തമ്പടിച്ച് ശ്രീരംഗപട്ടണവും തലശ്ശേരിയും കേന്ദ്രീകരിച്ച് സൈനികനീക്കത്തിന് നേതൃത്വം നൽകി.

കോട്ടയത്ത് തനിക്ക് രക്ഷയില്ലെന്ന് മനസ്സിലാക്കിയ പഴശ്ശി രാജ പിന്നീട് വയനാട് കേന്ദ്രീകരിച്ചാണ് യുദ്ധം നടത്തിയത്. മുഴക്കുന്ന്, പുരളിമല, കണ്ണവം, മണത്തണ, ആറളം, പേരിയ, തലപ്പുഴ, മാനന്തവാടി, പനമരം, പുൽപ്പള്ളി, താമരശ്ശേരി, കമ്പളക്കാട്, തൊണ്ടർനാട്, കുങ്കിച്ചിറ തുടങ്ങിയ കാടുകളിലൊക്കെ പഴശ്ശി ഒളിപ്പോർ നടത്തി. കുറിച്യരുടെ സഹായത്തോടെ കാടുകളിൽ ഒളിച്ചിരുന്ന് അമ്പുകൾ തൊടുത്ത് മുന്നേറുകയായിരുന്നു ഒളിപ്പോരിന്റെ രീതി. എടച്ചേന കുങ്കൻ, കൈതേരി അമ്പുനായർ, പള്ളൂർ എമ്മൻ തുടങ്ങിയ നാട്ടുപ്രമുഖർ പഴശ്ശിരാജയെ അകമഴിഞ്ഞ് സഹായിച്ചു. അവർ കുറ്റ്യാടിചുരം പൂർണമായും ഉപരോധിച്ചുകൊണ്ട് വയനാടുമായി ബ്രിട്ടീഷുകാരുടെ ബന്ധം വേർപെടുത്തി. കണ്ണവത്തുശേഖരൻ, കൈതേരി അമ്പു എന്നിവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കോട്ടയത്തെ നികുതിപിരിവ് തടസ്സപ്പെടുത്തുകയും ചെയ്തു. ഇക്കാലത്ത് കോട്ടയത്തും വയനാട്ടിലും വച്ച് ധാരാളം ഏറ്റുമുട്ടലുകൾ നടന്നിരുന്നു. കുന്നും മലയും നിബിഡവനങ്ങളും നിറഞ്ഞ ഭൂപ്രകൃതിയെ സമർത്ഥമായി ഉപയോഗപ്പെടുത്തിയാണ് പഴശ്ശി പൊരുതിയത്.

1803-ൽ കമ്പനി വയനാട്ടിൽ പട്ടാളഭരണം പ്രഖ്യാപിക്കുകയും ബ്രിട്ടീഷ് അധികാരത്തെ ചെറുക്കുന്നവർക്ക് വധശിക്ഷ നൽകാൻ അവർക്ക് അധികാരം കൊടുക്കുകയും ചെയ്തു. ഈ ഉത്തരവും പഴശ്ശി ധിക്കരിക്കുകയാണ് ചെയ്തത്. 1803-ൽ തോമസ് വാർഡനെ മലബാർകളക്ടറായും തോമസ് ഹാർവെ ബാബറെ സബ്കളക്ടറായും നിയമിച്ചു. പഴശ്ശി സൈന്യത്തിന്റെ ആക്രമണത്താൽ ബ്രിട്ടീഷ്സേന ശോഷിച്ചപ്പോൾ മദ്രാസിൽ നിന്ന് കൂടുതൽ സൈന്യത്തെ മലബാറിലെത്തിച്ചു. 1805-ൽ പഴശ്ശി രാജയെയും സൈന്യത്തലവന്മാരെയും പിടികൂടുന്നതിന് വൻതുക പ്രതിഫലം പ്രഖ്യാപിച്ചു. നവംബർ മാസം ബാബർ സേനയോടൊപ്പം വയനാടൻ കാടുകളിലേക്ക് നീങ്ങി. തുടർന്ന് ധാരാളം ഏറ്റുമുട്ടലുകൾ നടന്നു. 1805 നവംബർ 30ന് മാവിലത്തോടിന്റെ കരയിൽ വച്ച് പഴശ്ശിരാജയെ സൈന്യം വെടി വച്ച് കൊല്ലുകയായിരുന്നു. എന്നാൽ പഴശ്ശിരാജയെ ആർക്കും കൊല്ലാനാവില്ലെന്നും അദ്ദേഹം വൈരമോതിരം വിഴുങ്ങി ആത്മഹത്യ ചെയ്തതാണെന്നും വിശ്വാസമുണ്ട്. പഴശ്ശിരാജയുടെ മൃതശരീരം മാനന്തവാടിയിൽ കൊണ്ടുവന്ന് എല്ലാ ബഹുമതികളോടും കൂടി സംസ്കരിക്കുകയും ചെയ്തു. കലാപകാരിയായിരുന്നെങ്കിലും നാടുവാഴി എന്ന നിലയിൽ ബഹുമാനം നൽകേണ്ടതുണ്ടായിരുന്നെന്നും ബാബർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടോടെ ഏറ്റവും തീക്ഷ്ണവും വിപുലവുമായിത്തീർന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഒരു മുൻകാല ചരിത്രം എന്ന നിലയിൽ പ്രാധാന്യം അർഹിക്കുന്ന സമരമാണ് പഴശ്ശിരാജയുടേത്. തന്റെ രാജാധികാരം നിലനിർത്താൻ സൈനികശക്തി ഉപയോഗപ്പെടുത്തിയ രാജാവല്ല അദ്ദേഹം. ജനങ്ങളുടെ മേലിൽ ഭരണാധികാരികൾ നടത്തുന്ന കയ്യേറ്റങ്ങളെ ചെറുക്കുവാൻ അദ്ദേഹം ശ്രമിച്ചു. അതുവഴി നമ്മുടെ ജനകീയ സമരത്തിന്റെ ആദ്യാടിത്തറ പാകുകയായിരുന്നു പഴശ്ശിരാജ ചെയ്തത് എന്നു പറയാം.



2025 ഓടെ ശുദ്ധജലം ഇറക്കുമതി ചെയ്യേണ്ടിവരും എന്ന മുന്നറിയിപ്പിൽ അതിശയോക്തിയുണ്ടെങ്കിലും കാര്യങ്ങൾ ആ ദിശയിലേക്കാണോ നീങ്ങുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അമൂല്യമായ ജലം വളരെ ഫലപ്രദമായി ഉപയോഗിച്ചാൽ മാത്രമേ വർധിച്ചുവരുന്ന ജനപ്പെരുപ്പത്തെ സംരക്ഷിക്കാനാകൂ. ലഭ്യമായ ജലവും കൃഷിയിടവും ഏറെക്കുറെ സ്ഥായിയായിരിക്കെ ഉത്പാദനം വർധിപ്പിക്കണമെങ്കിൽ കാര്യക്ഷമമായ ജലസേചനമാർഗം സ്വീകരിച്ചേ മതിയാകൂ. ഒരു യൂണിറ്റ് സ്ഥലത്തു നിന്ന് ഒരു യൂണിറ്റ് ജലം ഉപയോഗിച്ച് ഏറ്റവും കൂടുതൽ ഉത്പാദനം ഉണ്ടാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു സ്ഥലത്ത് രണ്ട് മുതൽ നാലുവരെ തവണ കൃഷിയിറക്കി ഉത്പാദനം 200 മുതൽ 400 ശതമാനം വരെ വർധിപ്പിക്കാനാകും. ഇതിന് മൈക്രോ ഇറിഗേഷനാണ് ഏറ്റവും ഫലവത്തായിട്ടുള്ളത്. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വലിയ സബ്സിഡികൾ പ്രഖ്യാപിച്ചിട്ടു പോലും ഈ ജലസേചന രീതിക്ക് നമ്മുടെ നാട്ടിൽ വലിയ പ്രചാരം നേടാനായില്ല. അതിന്റെ ഉയർന്ന സാങ്കേതികവിദ്യയും വലിയ മുതൽമുടക്കും ഡ്രിപ്പറിലെ സുഷിരങ്ങൾ അടഞ്ഞുപോകുന്നു എന്നതുമാണ് പ്രധാന പോരായ്മകളായി ചൂണ്ടിക്കാണിക്കുന്നത്.

ഈ ന്യൂനതകൾ പരിഹരിക്കുന്നതിനായി കാർഷിക സർവകലാശാലയുടെ കീഴിലുള്ള വാട്ടർ മാനേജ്മെന്റ് യൂണിറ്റിലെയും അഗ്രോണമിക് റിസർച്ച് സ്റ്റേഷനിലെയും ശാസ്ത്രജ്ഞർ നടത്തിയ ശ്രമഫലമായി വളരെ ചെലവുകുറഞ്ഞതും തീരെ അടഞ്ഞുപോകാത്തതുമായ മൈക്രോസ്പ്രിങ്ക്ളറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് നിർമിക്കുന്നതിന് വളരെ ലളിതമായ സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്.

കേരളത്തിലെ കൃഷിരീതികൾക്കും സസ്യങ്ങൾക്കും യോജിച്ച രീതിയിലുള്ള രണ്ട് വലിപ്പത്തിലുള്ള സ്പ്രിങ്ക്ളർ ഹെഡ്ഡുകളാണ് രൂപകല്പന ചെയ്തിട്ടുള്ളത്. എട്ടു മി.മീറ്ററും 12മി.മീറ്ററും വ്യാസമുള്ള എൽ.ഡി.പി.ഇ പൈപ്പുകൾ ഉപയോഗിച്ചാണ് സ്പ്രിങ്ക്ളർ ഹെഡ്ഡുകൾ നിർമിച്ചിരിക്കുന്നത്. ഇവ പ്രവർത്തിക്കുന്നതിന് വളരെ കുറച്ച് മർദം (0.5 മുതൽ 1 കി. ഗ്രാം/സെ.മീറ്റർ$^2$) മതിയാകും. ഈ സംവിധാനം ഉപയോഗിച്ച് ഒരു ഏക്കർ കൃഷിഭൂമി നനയ്ക്കുന്നതിന് ഒരു എച്ച്.പി. പമ്പ്സെറ്റ് മതിയാകും. രണ്ട് നിലയിലുള്ള വീടുകളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിലെ വെള്ളം നേരിട്ടുപയോഗിച്ച് ഒരു ചെറിയ അടുക്കളത്തോട്ടമോ പൂന്തോട്ടമോ നനയ്ക്കാവുന്നതാണ്. വേണ്ടവിധം സ്പ്രിങ്ക്ളറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വാൽവ് ആവശ്യമുള്ള സമയം തുറന്നു വച്ചാൽ മതിയാകും. ചെടി



# കെ.എ.യു. മൈക്രോസ്പ്രിങ്ക്ളർ

ഡോ. പി. സുശീല



കളുടെ വലുപ്പത്തിനും ഉയരത്തിനും അവയുടെ വേരുമണ്ഡലത്തിന്റെ വ്യാപ്തിക്കനുസരിച്ചും മൈക്രോസ്പ്രിങ്ക്ളറിന്റെ താങ്ങിന്റെ ഉയരം ക്രമീകരിച്ച് സ്പ്രിങ്ക്ളർ ഹെഡ്ഡിന് വെള്ളം തെറിപ്പിക്കാൻ കഴിയുന്ന ദൂരം അഥവാ വ്യാസം ക്രമീകരിക്കാനാകും. അതിനാൽ ജലം ഒട്ടും തന്നെ നഷ്ടപ്പെടാതെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനാകും.

എട്ട് മില്ലി മീറ്റർ സ്പ്രിങ്ക്ളർ ഹെഡ്ഡ്, 12 മില്ലി മീറ്റർ സ്പ്രിങ്ക്ളർ ഹെഡ്ഡിനെ അപേക്ഷിച്ച് വളരെ നേർത്തതുള്ളികൾ കൂടുതൽ സ്ഥലത്ത് തെറിപ്പിക്കുന്നതിനാൽ, ഇത് ചീര മുതലായ ഇലച്ചെടികൾ, പുൽത്തകിടി, നഴ്സറി എന്നിവയ്ക്ക് വളരെ അനുയോജ്യമാണ്. ഗ്രീൻ ഹൗസിലും ഇവ ഉപയോഗിക്കാവുന്നതാണ്. 12. മില്ലി. മീറ്റർ സ്പ്രിങ്ക്ളറാകട്ടെ പച്ചക്കറികൾ, വാഴ, തെങ്ങ്, കവുങ്ങ്, ഔഷധച്ചെടികൾ എന്നിവയ്ക്ക് യോജിച്ചതാണ്. ഒരു തെങ്ങിന് മൂന്ന് സ്പ്രിങ്ക്ളർ വേണ്ടിവരും. കവുങ്ങിനും വാഴക്കും ഒന്നുവീതം മതിയാകും. പച്ചക്കറികൾക്കും അടുത്തടുത്തു വളരുന്ന മറ്റ് ചെടികൾക്കും രണ്ടു മീറ്റർ അകലത്തിൽ സ്പ്രിങ്ക്ളർ സ്ഥാപിച്ചാൽ മതിയാകും.

കെ.എ.യു. മൈക്രോസ്പ്രിങ്ക്ളറുകൾ ഉപയോഗിക്കുക വഴി പച്ചക്കറികളിൽ, ഡ്രിപ്പിനെയും ഉപരിതല ജലസേചനത്തെയും അപേക്ഷിച്ച് 20 മുതൽ 40 ശതമാനം വരെ വിളവ് വർധിപ്പിക്കാനും ഉപരിതല ജലസേചനത്തെ അപേക്ഷിച്ച് 30 മുതൽ 50 ശതമാനം വരെ ജലം ലാഭിക്കാനും കഴിയുമെന്ന് പഠനങ്ങൾ പറയുന്നു. ഈ സ്പ്രിങ്ക്ളറുകൾ ഉപയോഗിച്ച് വെള്ളം സ്പ്രേ ചെയ്യുന്നതോടൊപ്പം തന്നെ ചെടികൾക്ക് വളവും നൽകാനാകും. സ്പ്രിങ്ക്ളറിൽ കൂടി ഫർട്ടിഗേഷൻ നടത്തുന്നതു മൂലം 50% വരെ വളം ലാഭിക്കാനാകുമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ചെറിയ രീതിയിലുള്ള പരിശീലനം ലഭിച്ചാൽ കർഷകർക്കു തന്നെ അവരുടെ വീട്ടിൽ ഈ സ്പ്രിങ്ക്ളർ ഹെഡ്ഡുകൾ എളുപ്പത്തിൽ നിർമിക്കാവുന്നതാണ്. ഇത് നിർമിക്കുന്നതിന് ഏകദേശം 12 രൂപ മാത്രമേ ചെലവു വരുന്നുള്ളൂ. എന്നാൽ വിപണിയിൽ ലഭ്യമാകുന്ന മിക്ക സ്പ്രിങ്ക്ളറുകൾക്കും 40 രൂപയിൽ കൂടുതലാണ് വില. സ്പ്രിങ്ക്ളറുകൾ അടഞ്ഞുപോകുന്നില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ മേന്മ. കുളങ്ങളിലെയും മറ്റും ജലമാണ് ഉപയോഗിക്കുന്നതെങ്കിൽ ചുരുക്കം ചില സന്ദർഭങ്ങളിൽ സ്പ്രിങ്ക്ളർ ഹെഡ്ഡിൽ ചെളി അടിയാൻ സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ, സ്പ്രിങ്ക്ളർ ഹെഡ്ഡ്, പിൻ കണക്ടറിൽ നിന്ന് ഊരിയെടുത്ത് ഹെഡ്ഡിന്റെ ഏതെങ്കിലും ഒരു വശത്തുള്ള അടപ്പ് ഊരി, നന്നായി കഴുകി വീണ്ടും യഥാസ്ഥാനത്തുറപ്പിച്ചാൽ സ്പ്രിങ്ക്ളർ ഹെഡ്ഡ് നന്നായി കറങ്ങിക്കൊള്ളും. അതിനാൽ അറ്റകുറ്റപ്പണി വളരെ ലളിതവും കൃഷിക്കാരനുതന്നെ ചെയ്യാവുന്നതുമാണ്.

| | സ്പ്രിങ്ക്ളർ ഹെഡ്ഡുകൾ | |
|---|---|---|
| | I | II |
| വ്യാസം | 8 മി.മീറ്റർ | 12 മി.മീറ്റർ |
| നീളം | 5 സെ.മീറ്റർ | 8 സെ.മീറ്റർ |
| നോസിലിന്റെ വ്യാസം (Diameter of nozzle) | 1 മി.മീറ്റർ | 1 മി.മീറ്റർ |
| പ്രവാഹവേഗം (ലിറ്റർ/മണിക്കൂർ) | 30 - 35 | 40 - 45 |
| വെള്ളം തെറിപ്പിക്കുന്ന വ്യാസം | 210 - 280 സെ.മീ. | 200 - 230 സെ.മീ. |

കമാന്റ് ഏരിയാ വികസന അതോറിറ്റി (കാഡാ) ഈ കൃഷിരീതി ഏറ്റെടുത്ത് പ്രദർശനത്തോട്ടങ്ങൾ നടത്തി ജനങ്ങളിൽ എത്തിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അവർ കർഷകർക്ക് സബ്സിഡിയും നൽകിവരുന്നുണ്ട്.

ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, വാട്ടർ മാനേജ്മെന്റ് റിസർച്ച് യൂണിറ്റ്, വെള്ളാനിക്കര, തൃശൂർ എന്നിവിടങ്ങളിൽ ബന്ധപ്പെട്ടാൽ ഈ കൃഷിരീതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയും.

(വെള്ളാനിക്കര വാട്ടർ മാനേജ്മെന്റ് റിസർച്ച് യൂണിറ്റിലെ അസി. പ്രൊഫസറാണ് ലേഖിക)

# എയർ ഇന്ത്യാ അറ്റകുറ്റപ്പണി കേന്ദ്രം തിരുവനന്തപുരത്ത്

എയർ ഇന്ത്യയുടെ എൻജിനീയറിംഗ് മെയ്ന്റനൻസ് ഹാങ്ങർ തിരുവനന്തപുരത്ത് സ്ഥാപിക്കും. എയർ ഇന്ത്യാ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി. തുളസീദാസ് പറഞ്ഞതാണിത്.

50 കോടി രൂപയാണ് ഇതിന് ചെലവ് വരുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തി. ഇപ്പോൾ മുംബൈയിൽ മാത്രമാണ് എയർ ഇന്ത്യയ്ക്ക് അറ്റകുറ്റപ്പണി കേന്ദ്രം ഉള്ളത്. രണ്ടെണ്ണം കൂടി സ്ഥാപിക്കാനാണ് ഉദ്ദേശ്യം. അതിൽ ഒന്ന് ഡൽഹിയിലും മറ്റൊന്ന് തിരുവനന്തപുരത്തുമാണ്. 15 ഏക്കർ സ്ഥലമാണ് വേണ്ടത്. തിരുവനന്തപുരത്ത് 15 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിക്കുകയായിരുന്നു.

27 ഏക്കർ സ്ഥലം കൂടി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകിയതിൽ നിന്നാണ് 15 ഏക്കർ എയർ ഇന്ത്യയ്ക്ക് വിട്ടുകിട്ടുന്നത്. സ്ഥലം കിട്ടിക്കഴിഞ്ഞാൽ ഉടൻ പണി ആരംഭിക്കും. നിരവധി പേർക്ക് തൊഴിൽ കിട്ടുകയും ചെയ്യും.

സമീപഭാവിയിൽ തിരുവനന്തപുരത്ത് നിന്ന് ബാംഗ്ലൂർ വഴി ഫ്രാങ്ക്ഫർട്ടിലേക്ക് എയർ ഇന്ത്യ സർവീസ് നടത്തുമെന്ന് വി. തുളസീദാസ് അറിയിച്ചു. ഫ്രാങ്ക്ഫർട്ടിൽ എത്തുന്ന യാത്രക്കാർക്ക് അവിടെ നിന്ന് എയർ ഇന്ത്യയുടെ മറ്റ് വിമാനങ്ങളിൽ യൂറോപ്പിലെ മറ്റ് നഗരങ്ങളിലേക്കും അമേരിക്കയിലേക്കും പോകാമെന്നും അദ്ദേഹം പറഞ്ഞു.

എയർ ഇന്ത്യ 68 പുതിയ വിമാനങ്ങൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്കായിരിക്കും തിരുവനന്തപുരത്തുനിന്നുള്ള സർവീസ് ആരംഭിക്കുക.

ആസിയൻ രാജ്യങ്ങളിലെ ഏത് വിമാനക്കമ്പനികൾക്കും ഇന്ത്യയിൽ തിരുവനന്തപുരം ഉൾപ്പെടെ 18 വിമാനത്താവളങ്ങളിൽ നിന്ന് സർവീസ് നടത്താൻ അനുമതി നൽകിയിട്ടുണ്ടെന്നും എയർ ഇന്ത്യാ ചെയർമാൻ പറഞ്ഞു.

എയർ ഇന്ത്യ ഇക്കാര്യത്തിൽ ആർക്കും തടസ്സമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പുതിയ വിമാനങ്ങൾ എത്തുന്നതോടെ എയർ ഇന്ത്യയുടെ യാത്രക്കാരുടെ തിരക്കനുസരിച്ച് കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ഗൾഫ് സർവീസുകളുടെ എണ്ണം കൂട്ടും.

ഗൾഫിലേക്കുള്ള പച്ചക്കറി കയറ്റുമതിക്ക് എയർഇന്ത്യ തിരുവനന്തപുരം-ദുബായ്റൂട്ടിൽ ഡിസംബറോടെ കാർഗോ സർവീസും ഏർപ്പെടുത്തും. ആഴ്ചയിൽ അഞ്ചു സർവീസുകളിലായി 75 ടൺ പച്ചക്കറി ഇത്തരത്തിൽ ദുബായിലെത്തിക്കും. ഇതിനായി ഒരു സ്വകാര്യ വിമാന കമ്പനിയിൽ നിന്ന് എയർഇന്ത്യ വിമാനം വാടകയ്ക്കെടുക്കും.




# കടൽത്തീരങ്ങൾ വികസിപ്പിക്കുന്നു

പരിസ്ഥിതി ടൂറിസം വികസനത്തിന്റെ ഭാഗമായി കേരളത്തിൽ എട്ടു പദ്ധതികൾ നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.

പരിസ്ഥിതി കടൽത്തീര വികസനത്തിന്റെ ഭാഗമായി എറണാകുളം, കോവളം, മറീന, ആലപ്പുഴ, കൊച്ചി ബീച്ചുകൾ വികസിപ്പിക്കും.

ബേക്കൽ, നോർത്തേൺ ബീച്ച് സർക്യൂട്ട്, മൂന്നാർ എന്നിവയാണ് ടൂറിസം മന്ത്രാലയം ഏറ്റെടുത്തു നടപ്പാക്കുന്ന മറ്റു പദ്ധതികൾ.

കേരളത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട കടൽത്തീരങ്ങൾ ഉൾപ്പെടെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി 278 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

വന്യജീവികൾ ഉൾപ്പെടെയുള്ള ജൈവവൈവിധ്യങ്ങൾ സംരക്ഷിച്ചുകൊണ്ടു വിനോദ സഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതു സംബന്ധിച്ചു ടൂറിസം മന്ത്രാലയം സംസ്ഥാനങ്ങൾക്കും വിനോദ സഞ്ചാര കമ്പനികൾക്കും വികസന മാർഗരേഖ വിതരണം ചെയ്തു കഴിഞ്ഞു.






# സംസ്ഥാന ജീവനക്കാർക്ക് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി

പതിനാലു ലക്ഷത്തോളം ഉപഭോക്താക്കളുള്ള ഒരു സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. ചിട്ടി/വായ്പ ഉപഭോക്താക്കൾക്കും മറ്റു പൊതുജനങ്ങൾക്കും ഇനി മുതൽ കെ.എസ്.എഫ്.ഇ ശാഖകളിൽ മോട്ടോർ ഇൻഷ്വറൻസ്, മെഡി ക്ലെയിം ഇൻഷുറൻസ്, വ്യക്തിഗത/അപകട ഇൻഷ്വറൻസ് പോളിസികൾ, ബർഗ്ളറി ഇൻഷ്വറൻസ്, കട ഉടമകൾക്കുള്ള പ്രത്യേക ഇൻഷ്വറൻസ്, വിദേശത്തൊഴിൽ തേടി പോകുന്നവർക്കുള്ള പ്രവാസി ഇൻഷ്വറൻസ് തുടങ്ങി 184 വിവിധ തരത്തിലുള്ള നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പോളിസികൾ ലഭിക്കും. ഇൻഷ്വറൻസ് പോളിസികൾ ജനങ്ങളിലേക്ക് എത്തിയ്ക്കുന്നതിനായി കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് പരിശീലനക്യാമ്പ് നടത്തി. മന്ത്രി വക്കം പുരുഷോത്തമൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു. ഇൻഷ്വറൻസ് പദ്ധതികൾ കൂടുതൽ ജനകീയമാകുന്നതിന് ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ പ്രീമിയം കുറച്ചു കൊണ്ടുവരാൻ ഇൻഷ്വറൻസ് കമ്പനികൾ പരിശ്രമിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. നാഷണൽ ഇൻഷ്വറൻസ് കമ്പനി റീജിയണൽ മാനേജർ എസ്. രാമഭദ്രൻ, കെ.എസ്.എഫ്.ഇ ചെയർമാൻ കെ.പി.നൂറുദ്ദീൻ, എം.ഡി. സുധീർ ബാബു, നാഷണൽ ഇൻഷ്വറൻസ് കമ്പനി തിരുവനന്തപുരം ഡിവിഷണൽ മാനേജർ എം.പി. രാംകുമാർ എന്നിവർ സംബന്ധിച്ചു.

# ബൗദ്ധികസ്വത്തവകാശ നയം ഉടനെ

കേരളത്തിന്റെ തനത് വിഭവങ്ങളുടെ സംരക്ഷണവും കണ്ടുപിടിത്തങ്ങളുടെ ഉടമസ്ഥാവകാശവും ഉറപ്പാക്കി ബൗദ്ധിക സ്വത്തവകാശനയം സംസ്ഥാന സർക്കാർ ഉടൻ പ്രഖ്യാപിക്കും. വിവിധ സാധ്യതകൾ ഉൾപ്പെടുത്തി പേറ്റന്റ് എടുക്കുന്നതിന് ഒത്താശ ചെയ്യാൻ ബൗദ്ധിക സ്വത്തവകാശ മാനേജ്മെന്റ് കേന്ദ്രവും തുടങ്ങും. കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും ചേർന്ന് മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിച്ച ശാസ്ത്രശില്പശാലയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശാസ്ത്രഗവേഷണ രംഗത്ത് സംസ്ഥാനത്തിന് മികച്ച നേട്ടം കൈവരിക്കാനായി, ജീൻബാങ്ക്, ടിഷ്യൂ ബാങ്ക് എന്നിവയും സെന്റർ ഫോർ ഇൻഫർമേഷൻ സിസ്റ്റവും തുടങ്ങേണ്ടതുണ്ട്. നമ്മുടെ പരമ്പരാഗത അറിവുകൾ കൈവശപ്പെടുത്തി വികസിത രാജ്യങ്ങൾ പേറ്റന്റ് എടുക്കുന്നത് തടയാൻ ശാസ്ത്രഗവേഷണ മേഖല ശക്തിപ്പെടുത്തണം. ഗവേഷണത്തിനാണ് ഇനിമുതൽ ഇളവുകൾ നൽകേണ്ടതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ജൈവ വൈവിധ്യം കേരളത്തിന്റെ സ്വർണഖനിയാണെന്നും നൂറ്റാണ്ടുകളിലൂടെയുള്ള നമ്മുടെ ആർജിത അറിവുകൾക്കും ജൈവവസ്തുക്കൾക്കും പേറ്റന്റ് സംരക്ഷണം നേടിയാൽ കേരളത്തിന് ഏത് വികസിത രാജ്യവുമായും കിടപിടിക്കാമെന്നും നാഷണൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. പി. പുഷ്പാംഗദൻ അഭിപ്രായപ്പെട്ടു. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ. സി.സി. കർത്താ, കേരള സർവകലാശാല ബയോകെമിസ്ട്രി വിഭാഗം മേധാവി പ്രൊഫ. പി.ആർ. സുധാകരൻ, സയൻസ് ഡീൻ പ്രൊഫ. ഉമ്മൻ വി. ഉമ്മൻ, രാജീവ്ഗാന്ധി സെന്ററിലെ ഡോ. സതീഷ് മുണ്ടയൂർ, ഡോ. ജോർജ് തോമസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# വാഹനങ്ങളിൽ അമിതഭാരം


മോട്ടോർ വാഹനങ്ങളിൽ അനുവദനീയമായതിൽ കൂടുതൽ ഭാരം കയറ്റിയാൽ വാഹന ഉടമയ്ക്കെതിരെ കർശന നടപടി സ്വീകരിക്കും. അധിക ഭാരം കയറ്റിയതായി തെളിഞ്ഞാൽ കൂടുതലായി കയറ്റിയിട്ടുള്ള ഭാരം വാഹന ഉടമയുടെയോ ഡ്രൈവറുടെയോ പൂർണ ഉത്തരവാദിത്തത്തിലും ചെലവിലും ഇറക്കി മാറ്റിയ ശേഷമേ തുടർന്ന് യാത്ര ചെയ്യാൻ അനുവദിക്കുകയുള്ളൂ. കൂടാതെ പിഴയായി രണ്ടായിരം രൂപ ഈടാക്കും. ആയിരം കിലോഗ്രാമിൽ കൂടുതൽ അധികഭാരം കയറ്റുന്നതിന് ഓരോ ആയിരം കിലോഗ്രാമിനും അതിന്റെ ഭാഗത്തിനും ആയിരം രൂപ നിരക്കിൽ അധികമായി പിഴ ചുമത്തുമെന്ന് ഗതാഗതകമ്മീഷണർ അറിയിപ്പിൽ വ്യക്തമാക്കി.



# 175-ാം ജന്മദിനം

ആമകളുടെ ശരാശരി ആയുസ് എത്ര? അതെത്രയായാലും മറ്റു ചില മൃഗങ്ങളുടേതുപോലെ അത്ര കുറവൊന്നുമല്ല എന്നതുറപ്പ്. ആസ്ട്രേലിയയിലെ ഒരു മൃഗശാലയിൽ കഴിയുന്ന ഹാരിയെറ്റിന്റെ ജന്മദിനാഘോഷം ഈ നവംബർ 15നായിരുന്നു. 1830-ൽ ജനിച്ച ഹാരിയെറ്റിന് ഇത് 175-ാം ജന്മദിനം. ഗാലപഗോസ് ദ്വീപിൽ നിന്ന് ചാൾസ് ഡാർവിൻ കൊണ്ടുവന്നതാണ് ഈ ആമയപ്പൂപ്പനെ. ഇപ്പോൾ ജീവിച്ചിരിക്കുന്നവയിൽ ഏറ്റവും പ്രായമുള്ള ജീവി ഹാരിയെറ്റാണെന്നാണ് മൃഗശാല അധികൃതർ അവകാശപ്പെടുന്നത്.





# ആയുർദൈർഘ്യം കൂട്ടുന്ന ജീനുകൾ

ആയുസ്സിന്റെ നീളം കൂട്ടാൻ കഴിയുമോ? കഴിയുമെന്നാണ് ശാസ്ത്രലോകം കരുതുന്നത്. യീസ്റ്റിലും പുഴുക്കളിലും ചിലയിനം ഈച്ചകളിലും (Fruit flies) കണ്ടുവരുന്ന SIR2 ജീനിന്റെ സാന്നിദ്ധ്യം ഒരു പകർപ്പു കൂടുതലാണെങ്കിൽ കലോറി നിയന്ത്രണത്തിലൂടെ ആയുർദൈർഘ്യം കൂടും എന്ന വസ്തുത കണ്ടെത്തിയിട്ട് കുറച്ചുകാലമായി. ഇപ്പോഴിതാ HST1, HST2 ജീനുകളെയാണ് ശാസ്ത്രഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. HST2 ഉം SIR2 ഉം ഇല്ലാത്തപക്ഷം HST1 മതിയാവുമത്രെ ആയുർദൈർഘ്യം കൂട്ടാൻ. യു.സി.ഡേവിഡ് ആന്റ് ഹർവാർഡ് മെഡിക്കൽ സ്കൂളിലെ ഗവേഷകരാണ് ഈ കണ്ടുപിടിത്തത്തിനു പിന്നിൽ.

## നൃത്തം ചെയ്യുന്ന പെൺകുട്ടി



4500 വർഷത്തോളം പഴക്കമുള്ള ഒരു പ്രതിമ നൃത്തം ചെയ്യുന്ന പെൺകുട്ടിയുടേത്, മോഹൻജദാരോയിലെ പുരാതന നഗരത്തിൽ നിന്നും കണ്ടുകിട്ടി. 10.8 സെ.മീ. പൊക്കമുള്ള പിച്ചള പ്രതിമയിലാണ് സുന്ദരിയെ വാർത്തിരിക്കുന്നത്. ബി.സി. 2500-മാണ്ടിലുണ്ടായിരുന്ന ലോസ്റ്റ് വാക്സ് രീതിയാണ് ശില്പ നിർമാണത്തിനവലംബിച്ചിരിക്കുന്നത്.

## ഹാരോ സ്കൂൾ



ബ്രിട്ടനിലെ ഹാരോ സ്കൂളിനെപ്പറ്റി കേൾക്കുമ്പോൾ ഇന്ത്യാക്കാർക്ക് അഭിമാനത്തോടെ ഓർമിക്കാൻ എന്തെങ്കിലുമുണ്ടോ? ഉണ്ടെന്നാണ് സമീപകാലസംഭവം സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു പഠിച്ച സ്കൂളാണത്. അതു മാത്രമല്ല അഭിമാന ഹേതു. നെഹ്റുവിന്റെ അർദ്ധകായ പ്രതിമയും ഛായാചിത്രവും അദ്ദേഹത്തിന്റെ 116-ാം ജന്മദിനത്തിൽ സ്കൂളിൽ അനാവരണം ചെയ്തിരിക്കുന്നുവത്രെ.

## ആദ്യ പള്ളി

പുരാവസ്തു വകുപ്പ് മെഗിഡോ ജയിൽവളപ്പിൽ ഖനനം നടത്തുമ്പോൾ ഇങ്ങനെയൊരു അത്ഭുതം പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. മൂന്നാം നൂറ്റാണ്ടിലേതെന്ന് കരുതാവുന്ന ഒരു ക്യസ്ത്യൻ പള്ളിയുടെ അവശിഷ്ടങ്ങളാണവരെ അവിടെ കാത്തിരുന്നത്. യേശു ക്രിസ്തുവിനെക്കുറിച്ച് ഗ്രീക്ക് ഭാഷയിൽ രേഖപ്പെടുത്തിയ മൊസൈക് ടൈലുകളും അന്നത്തെ റോമാക്കാരുടെ മതചിഹ്നമായിരുന്ന മത്സ്യത്തിന്റെ രൂപവും കണ്ടെടുത്തുവത്രെ. റോമാക്കാർ ക്രിസ്തുമത പീഡനം നടത്തിയ കാലത്തുള്ള ഇസ്രായേലിലെ ആദ്യപള്ളിയാകാനിടയുണ്ടിതെന്നാണ് ഗവേഷകർ കരുതുന്നത്.

## ടെലിഗ്ലാസ്

ടെലിവിഷൻ, ടെലിഫോൺ ഇതൊക്കെ കേട്ടും കണ്ടും മടുത്ത പേരുകളാണ്. 'ടെലിഗ്ലാസ്'! അങ്ങനെ കേട്ടിട്ടുണ്ടോ? ഒരു പ്രത്യേകതരം സംവിധാനമുള്ള കണ്ണടയാണിത്. ഈ ഗ്ലാസ് ധരിച്ചിട്ട് അതിനോടൊപ്പമുള്ള ഒരു ചെറിയ പെട്ടി ഓൺ ചെയ്താൽ ഇഷ്ടമുള്ള സിനിമ കാണാൻ കഴിയുമത്രെ. ദീർഘദൂര യാത്രയുടെ മുഷിവകറ്റാൻ ഏറെ പ്രയോജനപ്പെടുന്ന ഈ കണ്ടുപിടിത്തത്തിനു പിന്നിൽ ജപ്പാനിലെ സ്കേലർ കോർപ്പറേഷനാണ്.



## ആർട്ട് മ്യൂസിയം


തിരുവനന്തപുരത്തെ ആർട്ട് മ്യൂസിയത്തിന് എത്ര വയസ്സായിട്ടുണ്ടാവും? ഇന്ത്യയിലെ തന്നെ ഏറെ പഴക്കം ചെന്ന മ്യൂസിയങ്ങളിലൊന്നായ ഈ ആർട്ട് മ്യൂസിയ(നേപ്പിയർ മ്യൂസിയം)ത്തിന് വയസ്സിപ്പോൾ 150. 1880-ലാണ് പഴയ മ്യൂസിയം കെട്ടിടം പൊളിച്ച് നേപ്പിയർ പ്രഭുവിന്റെ പേരിൽ പുതിയ കെട്ടിടം നിർമിച്ചത്. എട്ടാം നൂറ്റാണ്ടിലെ പല്ലവ ശൈലിയിലുള്ള വിഷ്ണു രൂപമുൾപ്പെടെ പൗരാണികത പ്രതിബിംബിക്കുന്ന നിരവധി കാഴ്ചവസ്തുക്കൾ ഇവിടെയുണ്ട്.

## ഇന്ത്യൻ വംശജ ബ്രിട്ടീഷ് ജുഡീഷ്യൽ കമ്മിഷൻ അധ്യക്ഷ

ബ്രിട്ടനിൽ ജഡ്ജിമാരെ നിയമിക്കുന്ന ജുഡീഷ്യൽ കമ്മീഷന്റെ അധ്യക്ഷയായി വിദേശ ഇന്ത്യാക്കാരി ഉഷാ പ്രഷാർ നിയമിതയായി. 57 കാരിയായ ഉഷയുടെ കുടുംബം പഞ്ചാബിൽ നിന്ന് 1903-ൽ കെനിയയിലേക്ക് കുടിയേറിയതാണ്. പിന്നീട് ബ്രിട്ടനിലെത്തി. റോയൽ കോമൺവെൽത്ത് സൊസൈറ്റിയുടെ അധ്യക്ഷയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മത്സരപരീക്ഷയും അഭിമുഖങ്ങളും വിജയകരമായി തരണം ചെയ്താണ് ഉഷാപ്രഷാർ ജുഡീഷ്യൽ കമ്മീഷൻ അധ്യക്ഷയായത്.



## പ്ലൂട്ടോയ്ക്ക് മൂന്ന് ഉപഗ്രഹങ്ങൾ



സൗരയൂഥത്തിലെ വിദൂരഗ്രഹമായ പ്ലൂട്ടോയ്ക്ക് മൂന്ന് ഉപഗ്രഹങ്ങളുള്ളതായി കണ്ടെത്തി. കഴിഞ്ഞ മേയിൽ പ്ലൂട്ടോയുടെ രണ്ട് ഉപഗ്രഹങ്ങളെക്കൂടി ഹബിൾസ്പേസ് ദൂരദർശിനിയിലൂടെ കണ്ടെത്തിയിരുന്നു. മൂന്ന് ഉപഗ്രഹങ്ങളും പ്ലൂട്ടോയെ വലം വയ്ക്കുന്നത് മൂന്ന് ദിവസങ്ങളുടെ ഇടവേളയിൽ കണ്ടെത്തിയതോടെയാണ് ഇത് ഉറപ്പിക്കാനായത്.

## രജത്ഗുപ്ത

ഐക്യരാഷ്ട്രസഭാ സെക്രട്ടറി കോഫി അന്നന്റെ പ്രത്യേക ഉപദേഷ്ടാവായി ഇന്ത്യൻ വംശജനായ അമേരിക്കക്കാരൻ രജത്ഗുപ്തയെ നിയമിച്ചു. ആഗോള കൺസൽട്ടൻസി കമ്പനിയായ മെക്കെൻസിയുടെ മുൻ മാനേജിംഗ് ഡയറക്ടറായ ഗുപ്ത കൊൽക്കൊത്തയിലാണ് ജനിച്ചത്. കോഫി അന്നന്റെ മുഖ്യ അജണ്ടയായ യു.എൻ. പരിഷ്കരണത്തിൽ പ്രധാന നിർദേശങ്ങൾ നല്കാൻ ഗുപ്തയ്ക്കാകുമെന്ന് യു.എൻ. അധികൃതർ അറിയിച്ചു. ഡൽഹി ഐ.ഐ.ടി.യിലും ഹാവാർഡ് സർവകലാശാലയിലും വിദ്യാർത്ഥിയായിരുന്ന ഗുപ്ത ഹൈദരാബാദിൽ ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസ് സ്ഥാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നു.



## ആദ്യ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ

കേന്ദ്ര സർക്കാർ പാസാക്കിയ അറിയാനുള്ള അവകാശനിയമമനുസരിച്ച് വാജാഹദ് ഹബീബുള്ളയെ ആദ്യത്തെ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായി (CIS) നിയമിച്ചു. വിരമിച്ച ഐ.എ.എസ് കാരനായ വാജാഹദ് ഹബീബുള്ള ജമ്മു-കാശ്മീർ കാരനാണ്.

## ജിസ് ദിനാചരണം

2005 നവംബർ 16 ജിസ്ദിനമായി ലോകമെമ്പാടും ആചരിച്ചു. ഭൂമിയെയും ഭൗമപ്രതിഭാസങ്ങളെയും ശാസ്ത്രീയവും സമഗ്രവുമായി വിശകലനം ചെയ്യുവാനും പ്രകൃതി ദുരന്തങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുമുള്ള ഭൗമശാസ്ത്രപഠന ഗവേഷണ മേഖലയിലെ ഏറ്റവും പുതിയ നാഴികക്കല്ലാണ് ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം അഥവാ ജിസ്. ഉപഗ്രഹങ്ങളുടെ സഹായത്തോടെ കമ്പ്യൂട്ടർ സാങ്കേതികതയിലാണ് ജിസ് പ്രവർത്തിക്കുന്നത്.





നാഷണൽ ജ്യോഗ്രഫിക് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യയടക്കം 75 രാജ്യങ്ങളിൽ വിവിധ ഏജൻസികളാണ് ദിനാചരണം സംഘടിപ്പിച്ചത്. ഇതോടനുബന്ധിച്ച് നവംബർ 13 മുതൽ 19 വരെ ജിസ് ബോധവത്കരണവാരമായും ആഘോഷിച്ചു. ജിസിന്റെ നേട്ടങ്ങളും സവിശേഷതകളും ജനങ്ങളിലെത്തിക്കുകയും അതുവഴി പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും ശാസ്ത്രീയവും ഫലപ്രദവുമായി പ്രതിരോധിക്കുന്നതിനുള്ള അവബോധം അവരിൽ സൃഷ്ടിക്കുകയുമാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിട്ടത്.

## ഇന്ത്യൻ ചീഫ് ജസ്റ്റിസ്


സുപ്രീം കോടതിയിലെ ഏറ്റവും സീനിയറായ ജഡ്ജി, ജസ്റ്റിസ് യോഗേഷ്കുമാർ സബർവാളിനെ ഇന്ത്യയുടെ ചീഫ്ജസ്റ്റിസായി പ്രസിഡന്റ് നിയമിച്ചു. ഇദ്ദേഹം ഇന്ത്യയിലെ 36-ാമത്തെ ചീഫ് ജസ്റ്റിസാണ്. 2007 ജനുവരി വരെയാണ് കാലാവധി.

സുപ്രീംകോടതി ജഡ്ജിയായിരിക്കെ മന്ത്രിമാരുടെ അധികാരം ദുർവിനിയോഗപ്പെടുത്തി അനധികൃതമായി അനുവദിച്ച പെട്രോൾപമ്പുകളുടെ ലൈസൻസ് റദ്ദാക്കിയ വിധിയുൾപ്പെടെ നിരവധി ശ്രദ്ധയാകർഷിക്കപ്പെട്ട വിധികൾ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ, ബീഹാർ നിയമസഭ പിരിച്ചുവിട്ട നടപടി തെറ്റായിരുന്നുവെന്ന വിധിയും അദ്ദേഹത്തിന്റേതായിരുന്നു.




## ബുക്കർ പ്രൈസ് 2005

2005-ലെ ബുക്കർ സമ്മാനം ഐറിഷ് എഴുത്തുകാരനായ ജോൺ ബാൻവില്ലേയ്ക്കാണ് ലഭിച്ചത്. അദ്ദേഹത്തിന്റെ ശോകസാന്ദ്രമായ നോവലായ 'ദ സീ' യ്ക്കാണ് ഈ അവാർഡ്. ജൂലിയൻ ബാർനസിന്റെ 'ആർതർ & ജോർജ്', കാസുവോഇഷിഗുരോയുടെ 'നെവർ ലെറ്റ് മീ ഗോ', സാഡി സ്മിത്തിന്റെ 'ഓൺബ്യൂട്ടി', അലി സ്മിത്തിന്റെ 'ദ ആക്സിഡന്റൽ', സെബാസ്റ്റ്യൻ ബാരിയുടെ 'എ ലോങ് ലോങ്‌വേ' എന്നീ പുസ്തകങ്ങളും പരിഗണിക്കപ്പെട്ടിരുന്നു.




## ഖർസായിക്ക് ഇന്ദിരാഗാന്ധി പുരസ്കാരം



സമാധാനത്തിനും നിരായുധീകരണത്തിനും വികസനത്തിനുമുള്ള ഇന്ദിരാഗാന്ധി പുരസ്കാരം അഫ്ഗാനിസ്ഥാൻ പ്രസിഡന്റ് ഹാമിദ് ഖർസായിക്ക്. കഴിഞ്ഞവർഷം ഈ അവാർഡ് തായ് രാജകുമാരി മഹാചക്രി സിരിന്ധോണിനായിരുന്നു. അഫ്ഗാനിസ്ഥാനിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡന്റായ ഖർസായിയെ രാജ്യാന്തര ജൂറി ഏകകണ്ഠേനയാണ് അവാർഡിന് തെരഞ്ഞെടുത്തത്.

## ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

മുൻകരസേനാ മേധാവി എൻ.സി. വിജിനെ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വൈസ് ചെയർപേഴ്സണായി കാബിനറ്റ് മന്ത്രിയുടെ പദവി നൽകി നിയമിച്ചു.



ആന്ധ്രാപ്രദേശ് കോൺഗ്രസ് നിയമസഭാംഗം കെ.എം. സിംഗ്, വിരമിച്ച ലഫ്. ജനറൽ എം. ശശിധർ റെഡ്ഡി, ജെ.ആർ. ബർദ്വജ്, മോഹൻ കാന്ത, വിനോദ് ചന്ദ്ര മേത്ത എന്നിവരെ അംഗങ്ങളായും നിയമിച്ചു. ഇവർക്ക് സംസ്ഥാന മന്ത്രിയുടെ പദവിയുണ്ടായിരിക്കും.

# പഴശ്ശിരാജ
## സ്വാതന്ത്ര്യത്തിന്റെ ആദ്യശബ്ദം



**ജനകീയസമരത്തിന്റെ അടിത്തറപാകൽ പഴശ്ശിരാജയിലൂടെയായിരുന്നു. ജനങ്ങൾക്കു നേരെയുള്ള ഭരണാധികാരികളുടെ അധികാരധൂർത്തിനെതിരെ പ്രതികരിച്ച ഭരണാധികാരിയായിരുന്നു അദ്ദേഹം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം തുടങ്ങുന്നതുതന്നെ പഴശ്ശിരാജയിൽ നിന്നാണെന്നും പറയാം.**

**പഴശ്ശിരാജയുടെ 200–ാം ചരമ വാർഷികം ആഘോഷിക്കുന്ന വേളയാണിപ്പോൾ.**

**മനോജ്കുമാർ പഴശ്ശി**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം തുടങ്ങുന്നത് 1857ന് ശേഷമാണെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാമഹാരാജ്യം ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ പൂർണമായും അമർന്ന ആ ഘട്ടത്തിൽ അതിൽ നിന്ന് പുറത്തുകടക്കാനുള്ള സംഘടിതശ്രമത്തെയാണ് സ്വാതന്ത്ര്യസമരം എന്നു നാം ഉദ്ദേശിക്കുന്നത്. എന്നാൽ ഈസ്റ്റിന്ത്യാക്കമ്പനി ഇന്ത്യയിൽ വേരുറപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ആദ്യഘട്ടത്തിൽത്തന്നെ അവർക്കെതിരായ ചെറുത്ത്നിൽപ്പും ആരംഭിച്ചിരുന്നു. ഏകീകൃത നേതൃത്വമോ ശരിയായ ദിശാബോധമോ ഉണ്ടായിരുന്നെന്ന് പറയാനാകില്ലെങ്കിലും നാടിന്റെ സ്വാതന്ത്ര്യം ആഗ്രഹിച്ച ഒന്നാംഘട്ട സമരങ്ങളിൽ പ്രധാനപ്പെട്ടതാണ് പഴശ്ശിസമരങ്ങൾ.

പഴശ്ശിസമരങ്ങൾക്ക് നേതൃത്വം നൽകിയ കേരളവർമ പഴശ്ശിരാജയുടെ ജനനത്തെപ്പറ്റി കൃത്യമായ രേഖകളൊന്നും ലഭിച്ചിട്ടില്ല. 1753ലാണ് അദ്ദേഹം ജനിച്ചത് എന്നു കരുതപ്പെടുന്നു. കോട്ടയം രാജവംശത്തിലെ അംഗമായിരുന്നു പഴശ്ശിരാജ. മുഴക്കുന്നിലെ ആരൂഢം, ചാവശ്ശേരി എലിപ്പറ്റത്താഴത്തുമാളിക, പഴശ്ശി പടിഞ്ഞാറെ കോവിലകം, കോട്ടയത്തെ തെക്കേ കോവിലകം എന്നിവയായിരുന്നു കോട്ടയം രാജവംശത്തിന്റെ താവഴികൾ. ഇതിൽ പഴശ്ശിതാവഴിയിലാണ് കേരളവർമ പിറന്നത്. ചെറുപ്പത്തിൽത്തന്നെ അസാമാന്യധൈര്യവും ബുദ്ധിയും പ്രകടിപ്പിച്ചിരുന്ന കേരളവർമ വേദം, സംഗീതം, ആയോധനകല എന്നിവയിൽ വളരെ വേഗത്തിൽ കഴിവു തെളിയിച്ചു. ബ്രിട്ടീഷ് രേഖകളിൽ പൈച്ചി എന്നും വിളിപ്പേരായി കെട്ട്യോട്ട് രാജ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

കോരപ്പുഴ മുതൽ കുടകുവരെ നീളുന്നതായിരുന്നു കോട്ടയത്തിന്റെ അധികാരപരിധി. 1766-ൽ മൈസൂർ സുൽത്താനായിരുന്ന ഹൈദരാലി മലബാറിനെ ആക്രമിക്കുന്നതോടെയാണ് പഴശ്ശിരാജ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നത്. ഹൈദരാലിയുടെ മലബാർ ആക്രമണകാലത്ത് കുറുമ്പ്രനാട്, നീലേശ്വരം, കോട്ടയം തുടങ്ങിയ പ്രദേശങ്ങളിലെ രാജാക്കന്മാർ തിരുവിതാംകൂറിലേക്ക് രക്ഷപ്പെടുകയായിരുന്നു. അക്കാലത്തെ കോട്ടയം രാജാവായിരുന്ന രവിവർമത്തമ്പുരാനും തിരുവിതാംകൂറിലേക്ക് പോവുകയാണ് ചെയ്തത്. ഹൈദരാലിയുടെ ആക്രമണത്തിന്റെ ശക്തി കുറഞ്ഞിട്ടും രവിവർമ തിരിച്ചുപോരാൻ തയ്യാറല്ലാതിരുന്നതിനാൽ പഴശ്ശിരാജ സ്വയം അധികാരമേല്ക്കുകയായിരുന്നു. ഹൈദരാലിയെ എതിർക്കാൻ അദ്ദേഹം ഇംഗ്ലീഷുകാരുടെ സഹായം തേടിയെങ്കിലും നിരസിക്കപ്പെട്ടു. എന്നാൽ ഹൈദരാലി ബ്രിട്ടീഷുകാരുടെ തലശ്ശേരിക്കോട്ട ആക്രമിച്ചപ്പോൾ അവർക്ക് പഴശ്ശിയുടെ



പഴശ്ശിരാജയുടെ ശവകുടീരം

കൂടെച്ചേർന്ന് യുദ്ധം ചെയ്യേണ്ടിവന്നു. ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി 1782-ൽ പഴശ്ശിരാജ കോട്ടയത്തെ ഹൈദരാലിയിൽ നിന്ന് മോചിപ്പിക്കുകയും സ്വതന്ത്രമായ ഭരണം പ്രഖ്യാപിക്കുകയുമാണുണ്ടായത്. ഈ അവസരത്തിൽ നാടുവിട്ടുപോയ രവിവർമ കോട്ടയത്ത് തിരിച്ചെത്തി ഭരണം ഏറ്റെടുത്തു. കേരളവർമ യുവരാജാവായി തുടർന്നു.

ഹൈദരാലിയുടെ മരണശേഷം മൈസൂർ സുൽത്താനായ ടിപ്പു 1787-ൽ ഇംഗ്ലീഷുകാരുമായി ഒരു ഉടമ്പടിയുണ്ടാക്കി. സന്ധിവ്യവസ്ഥയനുസരിച്ച് വയനാട് അടക്കമുള്ള മലബാർ കമ്പനി ടിപ്പുവിന് കൈമാറി. വലിയതുക കപ്പം നൽകാമെന്ന വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് രവിവർമ ഭരണം തുടർന്നു. അതനുസരിച്ച് നികുതി പിരിച്ചെടുക്കാൻ രവിവർമ നടത്തിയ ശ്രമം ജനങ്ങളിൽ പ്രതിഷേധമുയർത്തി. നികുതിപിരിവിനെ എതിർക്കാൻ പഴശ്ശിരാജ ജനങ്ങൾക്ക് സഹായങ്ങൾ നൽകുകയുണ്ടായി.

നികുതിപിരിവിനെ തടസപ്പെടുത്തിയ പഴശ്ശിയെ അമർച്ച ചെയ്യാൻ മൈസൂരിൽ നിന്ന് വലിയൊരു സൈന്യം മലബാറിലെത്തുകയുണ്ടായി. ടിപ്പുവിന്റെ ആക്രമണങ്ങളിൽ നിൽക്കക്കള്ളിയില്ലാതെ മലബാറിലെ രാജാക്കന്മാർ ഒരിക്കൽകൂടി തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു. രവിവർമ കോട്ടയത്തിന്റെ ഉത്തരവാദിത്തം കേരളവർമയെ ഏൽപ്പിച്ച് നാടുവിട്ടു. ഇക്കാലത്ത് ടിപ്പുസുൽത്താൻ ഇംഗ്ലീഷുകാരുമായി ഇടയുകയും ഇംഗ്ലീഷ്-മൈസൂർ യുദ്ധം ആരംഭിക്കുകയും ചെയ്തു. ഈ അവസരത്തിൽ കമ്പനിക്ക് കപ്പം കൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ കോട്ടയത്തിന്റെ ഭരണം പഴശ്ശിരാജ ഏറ്റെടുക്കുകയായിരുന്നു. എന്നാൽ 1792ലെ ശ്രീരംഗപട്ടണം ഉടമ്പടിയോടുകൂടി വയനാട് ഉൾപ്പെടെ മലബാർ ഇംഗ്ലീഷുകാർക്ക് ടിപ്പു വിട്ടുകൊടുത്തു.

മലബാറിന്റെ ഭരണമേറ്റ ഇംഗ്ലീഷുകാർ നിശ്ചയിച്ച നികുതിവ്യവസ്ഥയെക്കുറിച്ച് തർക്കങ്ങൾ ഉണ്ടായി. നികുതി അംഗീകരിക്കുവാൻ പഴശ്ശിരാജ തയ്യാറായില്ല. തങ്ങൾക്ക് പഴശ്ശിയെ പൂർണമായി നിയന്ത്രിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ കമ്പനി കോട്ടയത്തെ നികുതി പിരിവ് കുറുമ്പ്രനാട്ട് രാജാവായ വീരവർമയെ ഏൽപ്പിച്ചു. എന്നാൽ വീരവർമയ്ക്ക് നികുതി നൽകരുതെന്ന് പഴശ്ശി ഒരു വിളംബരത്തിലൂടെ പ്രഖ്യാപിക്കുകയാണ് ചെയ്തത്. പഴശ്ശിയെ ഒഴിവാക്കിക്കൊണ്ട് സുഗമമായ ഭരണം നടക്കില്ലെന്ന് മനസ്സിലാക്കിയ കമ്പനി പുതിയ കരാറിൽ ഏർപ്പെട്ടു. കുറച്ചുകാലം സമാധാനം നിലനിന്നെങ്കിലും 1794-ൽ ഈ കരാർ റദ്ദ് ചെയ്യപ്പെട്ടു.

ഇതോടുകൂടി ഇനി ഇംഗ്ലീഷുകാരുമായി ഒത്തുപോകാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ പഴശ്ശി തന്റെ സൈന്യത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. പഴശ്ശിരാജയെ ഒഴിവാക്കി ഭരണം നടത്താൻ കമ്പനിയും കമ്പനിയെ നിഷേധിക്കുവാൻ പഴശ്ശിയും ഉറച്ച തീരുമാനം എടുത്തതോടെ മലബാർ പിന്നെയും സംഘർഷ മേഖലയായി ത്തീർന്നു. കമ്പനി സൈന്യത്തെ അയച്ച് പഴശ്ശിയിലെ കൊട്ടാരം നശിപ്പിച്ചു. കൊട്ടാരത്തിലെ പണവും വിലപിടിപ്പുള്ള വസ്തുക്കളും കൊള്ളചെയ്തു. ആക്രമണത്തെക്കുറിച്ച് മുൻകൂട്ടി സൂചന ലഭിച്ചിരുന്നതിനാൽ പഴശ്ശിരാജ വയനാട്ടിലേക്ക് രക്ഷപ്പെട്ടിരുന്നു. രണ്ടുമാപ്പിളമാരെ കൊന്നു എന്ന കള്ളക്കേസ് ചുമത്തി അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടാണ് സൈന്യം കൊട്ടാരം വിട്ടത്. മാപ്പിളമാരെ തനിക്കെതിരായി തിരിക്കാനുള്ള ശ്രമത്തെ പഴശ്ശി തന്ത്രപൂർവമാണ് നേരിട്ടത്. ടിപ്പുവുമായി ബന്ധപ്പെട്ട് മൈസൂരിൽ നിന്ന് സൈന്യത്തെ വരുത്തി. ദക്ഷിണമലബാറിലെ മാപ്പിള പ്രമുഖരായ ഉണ്ണിമൂത്ത, അത്തൻ ഗുരുക്കൾ എന്നിവരെ കൂടെ നിർത്താനും പഴശ്ശിക്ക് കഴിഞ്ഞു.

1791-ൽ പഴശ്ശിരാജ ഇംഗ്ലീഷുകാരുമായി അന്തിമയുദ്ധം ആരംഭിച്ചു. കേരളവർമയെ പിടിക്കാൻ തലശ്ശേരിയിൽ നിന്നു പുറപ്പെട്ട ഇംഗ്ലീഷ് സൈന്യത്തെ പഴശ്ശിയുടെ കുറിച്യപ്പട മിന്നലാക്രമണത്തിലൂടെ പരാജയപ്പെടുത്തി. തുടർന്ന് പലയിടങ്ങളിലും കമ്പനി സൈന്യത്തിനു നേരെ ആക്രമണങ്ങൾ നടന്നു. ഇത്തരം തിരിച്ചടികളിൽനിന്ന് പഴശ്ശിയുടെ ശക്തി നാട്ടുകാരാണെന്ന് മനസ്സിലാക്കിയ കമ്പനി അതിനുള്ള മറുവഴിയും ആലോചിച്ചു. അവർ പഴശ്ശിയെ ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുത്താൻ ആവശ്യമായ തന്ത്രം ആവിഷ്കരിച്ചു. 'കോൽക്കാർ' എന്ന നാടൻ പട്ടാളത്തെ നിയമിച്ചും ഒറ്റുകാരെ ഏർപ്പെടുത്തിയും കിംവദന്തികൾ പ്രചരിപ്പിച്ചും ശ്രമങ്ങൾ നടത്തിയെങ്കിലും അതൊന്നും വിജയിച്ചില്ല. തുടർന്ന് പഴശ്ശിക്ക് കോട്ടയം ഭരണം തിരിച്ചു നിൽകി. എന്നാൽ രാജാവ് പഴശ്ശിയിൽ തന്നെ താമസിക്കണമെന്ന നിബന്ധന രാജാവ് അംഗീകരിച്ചില്ല. വയനാട്ടിൽ താമസിച്ച് അവിടെ ശക്തി ഉറപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ താത്പര്യം.

അക്കാലമാകുമ്പോഴേക്കും ഫ്രാൻസിലും ഇന്ത്യയിലും ചില കോളനികൾ രൂപപ്പെട്ടിരുന്നു. ഫ്രാൻസിൽ നെപ്പോളിയൻ അധികാരമേറ്റതോടെ ഇന്ത്യയിലെ തങ്ങളുടെ കോളനികൾ കൂടി ഫ്രാൻസ് കയ്യടക്കുമോ എന്ന് ബ്രിട്ടീഷുകാർ ഭയപ്പെട്ടു. അതുകൊണ്ട് ശേഷിക്കുന്ന നാട്ടുരാജ്യങ്ങളെക്കൂടി കൈവശപ്പെടുത്തണമെന്ന ലക്ഷ്യത്തോടുകൂടിയാണ് കേണൽ ആർതർ വെല്ലസ്ലി ഇന്ത്യ

യിലെത്തിയത്. 1799-ൽ ഇംഗ്ലീഷ് സൈന്യം ശ്രീരംഗപട്ടണത്തു വച്ച് ടിപ്പുസുൽത്താനെ വെടിവച്ചുകൊല്ലുകയും മൈസൂരിനെ തങ്ങളുടെ നേരിട്ടുള്ള ഭരണത്തിലാക്കുകയും ചെയ്തു. പിന്നീട് കോട്ടയത്തെക്കൂടി കീഴടക്കാനുള്ള ശ്രമം തുടങ്ങി. വെല്ലസ്ലി വയനാട്ടിനെ വിഭജിച്ച് ഒരുഭാഗം കോയമ്പത്തൂരിനോടും മറ്റൊരുഭാഗം മൈസൂരിനോടും ചേർത്തു. മലബാറിന്റെ ഭരണം ബോംബെയിൽ നിന്നും മാറ്റി മദിരാശിയോട് ചേർത്തു. ഈ ഘട്ടത്തിൽ കേരള വർമ കോട്ടയത്തെത്തി കർഷകപ്രമുഖരെയും പടനായകരെയും ജനങ്ങളെയും വിളിച്ചു ചേർത്ത് സമരസജ്ജമാക്കി. ടിപ്പുവിന്റെ സേനയിലുണ്ടായിരുന്ന നിരവധിപേർ പഴശ്ശിക്ക് സഹായങ്ങൾ ചെയ്തു. കേണൽ വെല്ലസ്ലി തലശ്ശേരിയിൽ തമ്പടിച്ച് ശ്രീരംഗപട്ടണവും തലശ്ശേരിയും കേന്ദ്രീകരിച്ച് സൈനികനീക്കത്തിന് നേതൃത്വം നൽകി.

കോട്ടയത്ത് തനിക്ക് രക്ഷയില്ലെന്ന് മനസ്സിലാക്കിയ പഴശ്ശി രാജ പിന്നീട് വയനാട് കേന്ദ്രീകരിച്ചാണ് യുദ്ധം നടത്തിയത്. മുഴക്കുന്ന്, പുരളിമല, കണ്ണവം, മണത്തണ, ആറളം, പേരിയ, തലപ്പുഴ, മാനന്തവാടി, പനമരം, പുൽപ്പള്ളി, താമരശ്ശേരി, കമ്പളക്കാട്, തൊണ്ടർനാട്, കുങ്കിച്ചിറ തുടങ്ങിയ കാടുകളിലൊക്കെ പഴശ്ശി ഒളിപ്പോർ നടത്തി. കുറിച്യരുടെ സഹായത്തോടെ കാടുകളിൽ ഒളിച്ചിരുന്ന് അമ്പുകൾ തൊടുത്ത് മുന്നേറുകയായിരുന്നു ഒളിപ്പോരിന്റെ രീതി. എടച്ചേന കുങ്കൻ, കൈതേരി അമ്പുനായർ, പള്ളൂർ എമ്മൻ തുടങ്ങിയ നാട്ടുപ്രമുഖർ പഴശ്ശിരാജയെ അകമഴിഞ്ഞ് സഹായിച്ചു. അവർ കുറ്റ്യാടിചുരം പൂർണമായും ഉപരോധിച്ചുകൊണ്ട് വയനാടുമായി ബ്രിട്ടീഷുകാരുടെ ബന്ധം വേർപെടുത്തി. കണ്ണവത്തുശേഖരൻ, കൈതേരി അമ്പു എന്നിവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കോട്ടയത്തെ നികുതിപിരിവ് തടസ്സപ്പെടുത്തുകയും ചെയ്തു. ഇക്കാലത്ത് കോട്ടയത്തും വയനാട്ടിലും വച്ച് ധാരാളം ഏറ്റുമുട്ടലുകൾ നടന്നിരുന്നു. കുന്നും മലയും നിബിഡവനങ്ങളും നിറഞ്ഞ ഭൂപ്രകൃതിയെ സമർത്ഥമായി ഉപയോഗപ്പെടുത്തിയാണ് പഴശ്ശി പൊരുതിയത്.

1803-ൽ കമ്പനി വയനാട്ടിൽ പട്ടാളഭരണം പ്രഖ്യാപിക്കുകയും ബ്രിട്ടീഷ് അധികാരത്തെ ചെറുക്കുന്നവർക്ക് വധശിക്ഷ നൽകാൻ അവർക്ക് അധികാരം കൊടുക്കുകയും ചെയ്തു. ഈ ഉത്തരവും പഴശ്ശി ധിക്കരിക്കുകയാണ് ചെയ്തത്. 1803-ൽ തോമസ് വാർഡനെ മലബാർകളക്ടറായും തോമസ് ഹാർവെ ബാബറെ സബ്കളക്ടറായും നിയമിച്ചു. പഴശ്ശി സൈന്യത്തിന്റെ ആക്രമണത്താൽ ബ്രിട്ടീഷ്സേന ശോഷിച്ചപ്പോൾ മദ്രാസിൽ നിന്ന് കൂടുതൽ സൈന്യത്തെ മലബാറിലെത്തിച്ചു. 1805-ൽ പഴശ്ശി രാജയെയും സൈന്യത്തലവന്മാരെയും പിടികൂടുന്നതിന് വൻതുക പ്രതിഫലം പ്രഖ്യാപിച്ചു. നവംബർ മാസം ബാബർ സേനയോടൊപ്പം വയനാടൻ കാടുകളിലേക്ക് നീങ്ങി. തുടർന്ന് ധാരാളം ഏറ്റുമുട്ടലുകൾ നടന്നു. 1805 നവംബർ 30ന് മാവിലത്തോടിന്റെ കരയിൽ വച്ച് പഴശ്ശിരാജയെ സൈന്യം വെടി വച്ച് കൊല്ലുകയായിരുന്നു. എന്നാൽ പഴശ്ശിരാജയെ ആർക്കും കൊല്ലാനാവില്ലെന്നും അദ്ദേഹം വൈരമോതിരം വിഴുങ്ങി ആത്മഹത്യ ചെയ്തതാണെന്നും വിശ്വാസമുണ്ട്. പഴശ്ശിരാജയുടെ മൃതശരീരം മാനന്തവാടിയിൽ കൊണ്ടുവന്ന് എല്ലാ ബഹുമതികളോടും കൂടി സംസ്കരിക്കുകയും ചെയ്തു. കലാപകാരിയായിരുന്നെങ്കിലും നാടുവാഴി എന്ന നിലയിൽ ബഹുമാനം നൽകേണ്ടതുണ്ടായിരുന്നെന്നും ബാബർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടോടെ ഏറ്റവും തീക്ഷ്ണവും വിപുലവുമായിത്തീർന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഒരു മുൻകാല ചരിത്രം എന്ന നിലയിൽ പ്രാധാന്യം അർഹിക്കുന്ന സമരമാണ് പഴശ്ശിരാജയുടേത്. തന്റെ രാജാധികാരം നിലനിർത്താൻ സൈനികശക്തി ഉപയോഗപ്പെടുത്തിയ രാജാവല്ല അദ്ദേഹം. ജനങ്ങളുടെ മേലിൽ ഭരണാധികാരികൾ നടത്തുന്ന കയ്യേറ്റങ്ങളെ ചെറുക്കുവാൻ അദ്ദേഹം ശ്രമിച്ചു. അതുവഴി നമ്മുടെ ജനകീയ സമരത്തിന്റെ ആദ്യാടിത്തറ പാകുകയായിരുന്നു പഴശ്ശിരാജ ചെയ്തത് എന്നു പറയാം. ■



2025 ഓടെ ശുദ്ധജലം ഇറക്കുമതി ചെയ്യേണ്ടിവരും എന്ന മുന്നറിയിപ്പിൽ അതിശയോക്തിയുണ്ടെങ്കിലും കാര്യങ്ങൾ ആ ദിശയിലേക്കാണോ നീങ്ങുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അമൂല്യമായ ജലം വളരെ ഫലപ്രദമായി ഉപയോഗിച്ചാൽ മാത്രമേ വർധിച്ചുവരുന്ന ജനപ്പെരുപ്പത്തെ സംരക്ഷിക്കാനാകൂ. ലഭ്യമായ ജലവും കൃഷിയിടവും ഏറെക്കുറെ സ്ഥായിയായിരിക്കെ ഉത്പാദനം വർധിപ്പിക്കണമെങ്കിൽ കാര്യക്ഷമമായ ജലസേചനമാർഗം സ്വീകരിച്ചേ മതിയാകൂ. ഒരു യൂണിറ്റ് സ്ഥലത്തു നിന്ന് ഒരു യൂണിറ്റ് ജലം ഉപയോഗിച്ച് ഏറ്റവും കൂടുതൽ ഉത്പാദനം ഉണ്ടാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു സ്ഥലത്ത് രണ്ട് മുതൽ നാലുവരെ തവണ കൃഷിയിറക്കി ഉത്പാദനം 200 മുതൽ 400 ശതമാനം വരെ വർധിപ്പിക്കാനാകും. ഇതിന് മൈക്രോ ഇറിഗേഷനാണ് ഏറ്റവും ഫലവത്തായിട്ടുള്ളത്. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വലിയ സബ്സിഡികൾ പ്രഖ്യാപിച്ചിട്ടുപോലും ഈ ജലസേചന രീതിക്ക് നമ്മുടെ നാട്ടിൽ വലിയ പ്രചാരം നേടാനായില്ല. അതിന്റെ ഉയർന്ന സാങ്കേതികവിദ്യയും വലിയ മുതൽമുടക്കും ഡ്രിപ്പറിലെ സുഷിരങ്ങൾ അടഞ്ഞുപോകുന്നു എന്നതുമാണ് പ്രധാന പോരായ്മകളായി ചൂണ്ടിക്കാണിക്കുന്നത്.

ഈ ന്യൂനതകൾ പരിഹരിക്കുന്നതിനായി കാർഷിക സർവകലാശാലയുടെ കീഴിലുള്ള വാട്ടർ മാനേജ്മെന്റ് യൂണിറ്റിലെയും അഗ്രോണമിക് റിസർച്ച് സ്റ്റേഷനിലെയും ശാസ്ത്രജ്ഞർ നടത്തിയ ശ്രമഫലമായി വളരെ ചെലവുകുറഞ്ഞതും തീരെ അടഞ്ഞുപോകാത്തതുമായ മൈക്രോസ്പ്രിങ്ക്ളറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് നിർമിക്കുന്നതിന് വളരെ ലളിതമായ സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്.

കേരളത്തിലെ കൃഷിരീതികൾക്കും സസ്യങ്ങൾക്കും യോജിച്ച രീതിയിലുള്ള രണ്ട് വലിപ്പത്തിലുള്ള സ്പ്രിങ്ക്ളർ ഹെഡ്ഡുകളാണ് രൂപകല്പന ചെയ്തിട്ടുള്ളത്. എട്ടു മി.മീറ്ററും 12മി.മീറ്ററും വ്യാസമുള്ള എൽ.ഡി.പി.ഇ പൈപ്പുകൾ ഉപയോഗിച്ചാണ് സ്പ്രിങ്ക്ളർ ഹെഡ്ഡുകൾ നിർമിച്ചിരിക്കുന്നത്. ഇവ പ്രവർത്തിക്കുന്നതിന് വളരെ കുറച്ച് മർദം (0.5 മുതൽ 1 കി. ഗ്രാം/സെ.മീറ്റർ$^2$) മതിയാകും. ഈ സംവിധാനം ഉപയോഗിച്ച് ഒരു ഏക്കർ കൃഷിഭൂമി നനയ്ക്കുന്നതിന് ഒരു എച്ച്.പി. പമ്പ്സെറ്റ് മതിയാകും. രണ്ട് നിലയിലുള്ള വീടുകളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിലെ വെള്ളം നേരിട്ടുപയോഗിച്ച് ഒരു ചെറിയ അടുക്കളത്തോട്ടമോ പൂന്തോട്ടമോ നനയ്ക്കാവുന്നതാണ്. വേണ്ടവിധം സ്പ്രിങ്ക്ളറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വാൽവ് ആവശ്യമുള്ള സമയം തുറന്നു വച്ചാൽ മതിയാകും. ചെടി